KOTTAYAM PUBLIC LIBRARY

Call No. 200 JOS-P Acc. No. 79037

Author ജോസഫ് ടി. കെ

Title പ്രാചീന ഇന്ത്യയിലെ ക്രിസ്തുമത പ്രചാരം

875

# ROPAGATION OF CHRISTIANITY IN INDIA IN THE EARLY CENTURIES

By

T. K. JOSEPH, B. A., L. T.

# പ്രാചീന ഇൻഡ്യയിലെ ക്രിസ്തുമതപ്രചാരം

ശ്രീ. ടി. കെ. ജോസഫ് ബി. എ., എൽ. ററി.

എഴുതിയതു്.

KOTTAYAM PUBLIC LIBRARY
79037
KOTTAYAM.

(Copyright reserved)

PUBLISHED BY
THE MALAYALAM CHRISTIAN LITERATURE COMMITTEE
WITH HELP FROM
THE BOARD OF CHRISTIAN LITERATURE.
1950

PRICE 12 ANNAS] [വില 12 അണ.

200
JOS-P
79037
Class. no -
KOTTAYAM PUBLIC LIBRARY
79037
KOTTAYAM

# പ്രസ്താവന

പ്രാചീന ഇൻഡ്യയുടെയും പുരാതന കേരളത്തിന്റെയും ചരിത്രം അനേക വർഷമായി സശ്രദ്ധം പഠിച്ചും സസൂക്ഷ്മം വ്യവഹരിച്ചുംകൊണ്ടിരിക്കുന്ന ചുരുക്കം ചില പണ്ഡിതന്മാരിൽ ശ്രീമാൻ ടി. കെ. ജോസഫ് ഒരു മാന്യസ്ഥാനംതന്നേ അർഹിച്ചിട്ടുണ്ട്. മലയാള ക്രൈസ്തവ സാഹിത്യ സമിതിയുടെ അപേക്ഷയെ ആദരിച്ച്, പ്രാചീന ഇൻഡ്യയിൽ (ഏകദേശം ക്രി. 40 മുതൽ 1523 വരെ) ക്രിസ്തുമതത്തിനുണ്ടായ പ്രചാരത്തെപ്പററി വിശ്വാസയോഗ്യമായ തെളിവുകളും രേഖകളും ആധാരമാക്കി അദ്ദേഹം എഴുതിയിട്ടുള്ള ഈ പുസ്തകം പ്രസിദ്ധംചെയ്യുന്നതിൽ സമിതിക്ക് അനല്പമായ ചാരിതാർത്ഥ്യത്തിനു വകയുണ്ട്. ഈ വിഷയം പഠിച്ചുകൊണ്ടിരിക്കുന്നവർക്കും കൂടുതലായി പഠിക്കാൻ ആഗ്രഹിക്കുന്നവർക്കും ഈ പുസ്തകം വളരെ പ്രയോജനപ്രദമായിരിക്കും എന്നു വിശ്വസിക്കുന്നു.

ഇംഗ്ലീഷിലുള്ള ഭാഗങ്ങൾ പുസ്തകത്തിലെ പ്രസ്താവങ്ങളെ വിപുലീകരിക്കുന്നതിനും താങ്ങുന്നതിനും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാകുന്നു.

പ്രസാധകർ.

# പ്രാചീന ഇൻഡ്യയിലെ ക്രിസ്തുമതപ്രചാരം

## ഒന്നാം അദ്ധ്യായം

ക്രി. വ. 1248—1523

### നസ്രാണികളും ലത്തീനരും പീഡനങ്ങളും

മാത്തോമ്മാശ്ലീഹാ (=വിശുദ്ധതോമ്മസ് അപ്പൊസ്തോലൻ) തെക്കെഇൻഡ്യയിൽ * മലങ്കരെ, അതായതു് കേരളത്തിൽ, വന്നു മാർഗ്ഗമറിയിക്കയും, വന്ദനാർത്ഥം ഏഴു കുരിശുകളും ഏഴരപ്പള്ളികളും ഇവിടെ സ്ഥാപിക്കയും, പിന്നെ മദ്രാസുതീരത്തുള്ള മയിലാപ്പൂർപ്രദേശത്തു മാത്രമല്ല വിദൂരസ്ഥലങ്ങളായ മലാക്കായിലും ചീനത്തും മററുംപോയി പ്രസംഗിച്ചശേഷം മയിലാപ്പൂർ വന്നിട്ടു് അവിടെവച്ചു് ഒരു എമ്പ്രാൻ (=പൂജാരിയായുള്ള-കർണ്ണാടകബ്രാഹ്മണൻ) ശൂലം ചാണ്ടുകയാൽ ആ മാർഗ്ഗപ്രചാരകൻ കൊല്ലപ്പെടുകയും ചെയ്തെന്നും, അവിടെത്തന്നെ കബറടക്കപ്പെട്ടെന്നും ഐതിഹ്യവും വിശ്വാസവും ഇന്നു ദക്ഷിണയിൻഡ്യയിലുണ്ടു്.

1498 മേ 9-ൽ പറങ്കികൾ പാതിരിമാരോടുകൂടെ മലയാളത്തു കോഴിക്കോട്ടു വന്നശേഷം മേല്പറഞ്ഞ മലങ്കര നസ്രാണികളുടെ ഇന്നത്തെ ഐതിഹ്യത്തിൻെറ അക്കാലത്തെ രൂപം കേട്ടു് അവർ എഴുതിയിട്ടിട്ടുണ്ടു്.

1500-ൽ കൊടുങ്ങല്ലൂരുണ്ടായിരുന്ന കബ്രാലിനെ,1490-ൽ ശീമയിൽപോയി പട്ടമേററ യൗസേപ്പുകത്തനാരും (Joseph the Indian) അദ്ദേഹത്തിൻെറ അനുജൻ മത്തായിക്കത്തനാരും

---

* ഇൻഡ്യാ എന്നു് ഈ പുസ്തകത്തിൽ പറയുന്നതു് പാകിസ്ഥാനും ഉൾപ്പെടുത്തിയാകുന്നു.

ചെന്നു കണ്ടപ്പോൾ ആ കപ്പിത്താൻ ചോദിച്ചതിനു മറുപടിയായി അവർ ഇങ്ങനെ ഐതിഹ്യം പറഞ്ഞു. "തോമ്മാശ്ലീഹാ ഈ രാജ്യത്തിൽ വന്നു പള്ളികളെ ഉണ്ടാക്കി എന്നു കേട്ടിരിക്കുന്നു. പള്ളിയിൽ ഞങ്ങൾക്കു ബിംബം (=കന്യാസ്ത്രീയമ്മയുടെയും മറ്റും പ്രതിമകൾ) ഇല്ല; ക്രൂശെ ഉള്ളു. ഇപ്പോൾ നമുക്കു മെത്രാന്മാരെ അയയ്ക്കുന്നതു് സുറിയയിൽ കഥലിക്കോസ്സ് തന്നെ. പട്ടക്കാർക്ക് കുടുമതന്നെ പട്ടം ആകുന്നു." (അന്നുമലങ്കര നസ്രാണിമാപ്പിളമാർക്കെല്ലാം കുടുമ്മയും കടുക്കനും ഉണ്ടായിരുന്നു; 19-ാം ശതാബ്ദത്തിൻെറ ആരംഭത്തിലും അവ ഉണ്ടായിരുന്നു; പിന്നീടും ചിലർക്കുണ്ടായിരുന്നു.) "ഒന്നാംജൂലായിൽ തോമാവിൻഉത്സവം പ്രധാനം." [1]

സുറിയാനിക്കണക്കിന് തോമ്മൂസ്മാസം 3-ാംനു- ആചരിച്ചുവന്ന ദുക്റാനാ (സ്മരണ)പ്പെരുനാളിനെപ്പററിയാണ് ഉത്സവം എന്ന് അവർ പറഞ്ഞതു്. തോമ്മൂസു 3-ാംനു- മിക്ക ആണ്ടുകളിലും മലയാളമാസം കൎക്കടകം 1-ാംനു- ആയിരിക്കും. കൊല്ലവർഷം 1124 കൎക്കടകം 1 തോമ്മൂസ് 3-ം, ജൂലൈ 16-ം ആയിരുന്നു. 1123-ലും 1116-ലും അങ്ങനെതന്നേ. എന്നാൽ 1122-ൽ തോമ്മൂസ് 3 കൎക്കടകം 1-ൻെറ തലേദിവസവും, 1947 ജൂലൈ 16-ം ആയിരുന്നു, തോമ്മൂസ് 3-ലെ സ്മരണ എന്തിൻെറ ഓൎമ്മയാണെന്നു സ്ഥാപിപ്പാൻ രേഖയില്ലെങ്കിലും ആദ്യശതകങ്ങളിൽ അതു ശ്ലീഹായുടെ മരണസ്മരണമായിരുന്നു എന്നൂഹിപ്പാൻ ന്യായമുണ്ടു്. റോമിലെ സഭ, അതു് ഇൻഡ്യയിൽനിന്ന് അസ്ഥികൾ ഉറഹാ (=എഡേസാ)യിൽ എത്തിയതിൻെറ സ്മരണമാണെന്ന് ഏകദേശം 7-ാം ശതാബ്ദംമുതൽ പറഞ്ഞുവന്നു. ആ സഭ മരണസ്മരണം ഡിസംബർ 21-ാംനു- ആണാചരിച്ചതു്.

1502-ൽ വാസ്കോഡഗാമായെ ചില കൊടുങ്ങല്ലൂർ നസ്രാണികൾ കൊച്ചിയിൽ ചെന്നുകണ്ടു് മാർതോമ്മാ-ഐതിഹ്യവും അവൎക്കു മുൻപുണ്ടായിരുന്ന (ഉദിയമ്പേരൂർ വല്ല്യേടത്തു) നസ്രാണി നാടുവാഴിയുടെ ചരിത്രവും ഗാമായെ അറിയിക്കയും, ആ നാടുവാഴിയുടെ "ചെങ്കോലും രാജ്യപത്രികയും" അദ്ദേഹത്തിനു സമർപ്പിച്ചു് മേലാൽ പറങ്കിരാജാവുതന്നേ തങ്ങളുടെ രാജാവു് എന്നു വാക്കു കൊടുക്കുകയുംചെയ്തു. [2]

1503-ൽ ആൽബുക്കക്ക് കൊല്ലത്തുവന്നു് കൊല്ലം മുതലാളിമാർ തോമ്മാശ്ലീഹായെപ്പററിയും, ചെപ്പേടിൻപടി അവൎക്കു കിട്ടിയ "ഭാരക്കോലും കപ്പാനും പഞ്ചകണ്ടിയും" മുതലായ അവകാശങ്ങളെപ്പററിയും, 9-ാംശതകത്തിലെ രണ്ടു മെത്രാന്മാരെപ്പററിയും മററും പറഞ്ഞതുകേട്ടു. അവരെ (റോമൻ സമ്പ്രദായം) പഠിപ്പിക്കുന്നതിനും വേണ്ടവൎക്കു മാമോദീസാ നൽകുന്നതിനും മററും റോഡ്രിഗോ എന്ന പാതിരിയെ കൊല്ലത്തു നിയമിക്കയുംചെയ്തു. പറങ്കി 1498-ൽ പുറപ്പെട്ടന്നതിനുമുമ്പുതന്നേ ഏകദേശം 1480-ൽ അച്ചടിച്ച "പാസിയോ"യും, 1531-ൽ അച്ചടിച്ച "മിറാക്കുലീസി"ൻെറ കൈയെഴുത്തുപ്രതിയും എന്നിങ്ങനെ രണ്ടു മാൎത്തോമ്മാ ചരിതങ്ങൾ അന്നു ലത്തീനിൽ ഉണ്ടായിന്നു. വെനറബിൾബീഡും ഇസിഡോറും (630) മററും അതിനു മുൻപു് എഴുതിയ മാൎത്തോമ്മാ ചരിത്രസംഗ്രഹങ്ങളും യൂറോപ്പിൽ അക്കാലത്തുണ്ടായിരുന്നു.

ശ്ലീഹാ ഇൻഡ്യയിൽ പ്രസംഗിക്കയും ഇൻഡ്യയിലെ കലമിനയിൽ മരിച്ചു കബറടക്കപ്പെട്ടകയും ചെയ്തെന്നും, അസ്ഥികൾ എഡേസായിൽ കൊണ്ടുചെന്നു വച്ചിരിക്കുന്നെന്നും സ്പഷ്ടമായി പറയുന്ന "റോമൻമാർട്ടറോളജി"യെങ്കിലും റോഡ്രിഗോ പാതിരിയും മററും വായിച്ചുകാണണം. അഥവാ 1498-ൽ വന്ന ഗാമാ 1499-ഓഗസ്റ്റിൽ തിരിയെ ചെന്നപ്പോൾമുതൽ എങ്കിലും മാൎത്തോമ്മാചരിത്രം പോർട്ടുഗലിലെ പാതിരിമാർ അവരുടെ ലത്തീൻപാസിയൊ ഗ്രീക്കുപ്രക്സീസ് (Praxeis= Acts of Thomas) മുതലായവയിൽനിന്നു പഠിച്ചുകാണണം. അല്ലെങ്കിൽ 1501-ൽ കബ്രാലിൻെറ കൂടെപ്പോയ രണ്ടു കത്തനാരന്മാർ ലിസ്ബണിൽ ചെന്നു വിശേഷങ്ങൾ പറഞ്ഞു കേൾപ്പിച്ച ശേഷമെങ്കിലും അവർ മാൎത്തോമ്മാചരിതം എന്തെന്നു് അവരുടെ പുസ്തകങ്ങളിൽനിന്നും കണ്ടുപിടിച്ചുകാണും. സുറിയാനിയിലെഴുതിയ മാർ സോളമൻെറയും ബറെബ്രായയുടെയും പുസ്തകങ്ങളിലുള്ള വിവരങ്ങളും (പക്ഷേ സുറിയാനി പ്രക്സീസിലെ ചരിത്രവും), മലങ്കര ഐതിഹ്യവും മാത്രമേ 1498-ലെ രണ്ടു ശീമമെത്രാന്മാരും മററും അറിഞ്ഞിരുന്നുള്ളു. 14-ാം, 15-ാംശതകങ്ങളിൽ കൊല്ലത്തുവന്ന ഇററാലിയിൽവ്യാപാരികളെയും 1346-7-ൽ കൊല്ലത്തെ ലത്തീൻപള്ളിയിൽ പാൎത്ത മരിഞ്ഞോളി മുതലായവരെയും മാർ ഗീവറുഗീസിൻെറ ആ

ലത്തീൻപള്ളിയെയുംപററിയുള്ള സ്മരണപോലും 1498-ലെ കൊല്ലം നസ്രാണികൾക്കില്ലായിരുന്നെന്നു വിചാരിക്കാം. 1504-ൽ വന്ന ശീമമെത്രാന്മാരിലൊരുവനായ മാർത്തോമ്മാ ഏകദേശം 1518-ൽ മലങ്കരസഭയുടെ ഐതിഹ്യങ്ങൾ പറങ്കികളെ പറഞ്ഞുകേൾപ്പിച്ചു. അദ്ദേഹം ഇടത്തൂടുകൾ (heresies) പഠിപ്പിച്ചു വന്നെന്ന് 1536-ൽ പറങ്കി രേഖപ്പെടുത്തിയിട്ടുണ്ട്.

1504-ാമാണ്ടായപ്പോഴത്തേക്ക മയിലാപ്പൂരിലെ മാർത്തോമ്മാ ദയറാ (ആശ്രമം)യിൽ ചില (അഥവാ കുറേ) ക്രിസ്ത്യാനികൾ ചെന്നു പാർപ്പുതുടങ്ങിയെന്നു മാർ യൌവാലാഹാ (1503) മാർ ത്തോമ്മാ (1490) മാർയാക്കോബ് (1503) മാർദനഹാ (1503) എന്ന നാലു ശീമമെത്രാന്മാർ-തിഗ്രീസ്നദിയുടെ മേലററത്തെ മൂസലിനടുത്തുള്ള ജസീറെ [3] യിലെ കാത്തോലിക്കാബാവാ 1490-ലും 1503-ലും വാഴിച്ചയച്ചവർ-1504-ൽ മലങ്കരെനിന്നു "കിഴക്കൊക്കെയുടെയും കാത്തോലിക്കായുംപാത്രിയർക്കീസും, പിൻവാഴിത്തത്താൽ താൻ പ്രാപിച്ച പത്രോസിന്റെ ഇടയക്കോലാൽ മിശിഹായുടെ ആട്ടിൻക്കൂട്ടങ്ങളെ മേയ്ക്കുന്നതിന് ആകാശത്തിലും ഭൂമിയിലും അധികാരം നൽകപ്പെട്ടവനും" ആയ മാർ ഏലിയാബാവായ്ക്കയച്ച ഒരു സുറിയാനി എഴുത്തിൽ പറഞ്ഞിരിക്കുന്നു. "നമ്മുടെവിശ്വാസം തന്നേയുള്ള"(അതായതു 1498-ൽ പറങ്കികളുടെ പാതിരിമാർ കൊണ്ടുവന്ന വിശ്വാസം ഇല്ലാത്ത) "ഏകദേശം മുപ്പതിനായിരം (30,000) നസ്രാണികുടുംബങ്ങൾ" (ആളുകളല്ല) മലങ്കരെയുണ്ടെന്നും ആ എഴുത്തിലുണ്ട്. 1490-ൽ വാഴിച്ചയയ്ക്കപ്പെട്ട മാർയോഹന്നാൻമെത്രാനും 1504-ൽ മലയാളത്തുണ്ടായിരുന്നു. അങ്ങനെ അന്ന് മെത്രാപ്പോലീത്തായായി യൌവാലാഹായും, കീഴിൽ നാലുമെത്രാന്മാരും, ഏകദേശം 30,000 നസ്രാണിവീടുകളും! അവരിൽ രണ്ടു മെത്രാന്മാർ ജാവാ ചീനം എന്നീ പ്രദേശങ്ങളിലേക്കുദ്ദേശിക്കപ്പെട്ടവരായിരുന്നു.

മുമ്പുപറഞ്ഞപ്രകാരം 1504-ൽ മയിലാപ്പൂർ ദയറായിൽ ചെന്ന ക്രിസ്ത്യാനികളെപ്പററി ആയിരിക്കുമൊ വത്തീമാ (1503-08) പറയുന്നതു് "സെന്തോമസിന്റെ (അഥവാ സെന്തോമസിലെ) കുടിയേററക്കാർ" എന്നു്? [4] വത്തീമാ മയിലാപ്പൂരിൽനിന്നു 12 മൈൽ അകലെ (പുലിക്കാട്ടായിരിക്കാം) ഉള്ള ക്രിസ്ത്യാനികളെ കണ്ടപ്പോൾ 45 വർഷംമുമ്പ് (ഏകദേശം

1460-ൽ) മയിലാപ്പൂരിൽ ക്രിസ്ത്യാനികളും ശ്ലീഹാക്കബറും ഉണ്ടായിരുന്നെന്ന് അവരിൽ ഒരു ക്രിസ്ത്യാനി പറഞ്ഞു. ചില ക്രിസ്ത്യാനികൾ ശ്ലീഹായുടെ കബർ കാത്തുസൂക്ഷിക്കുന്നു (under the guard of some Christians) എന്നും അയാൾ പറഞ്ഞു. 1504-ലെ മെത്രാന്മാരുടെ എഴുത്തിൽ പറഞ്ഞിരിക്കുന്നതു് അവരെപ്പററിയാണു്. പറങ്കികൾ വന്നു മുസ്ലീങ്ങളെയും മററും കൊന്നതിൽ പിന്നെ മയിലാപ്പൂർ ക്രിസ്ത്യാനികൾക്കു് അവിടെപ്പാർത്തു കബറുകാക്കാൻ നിവൃത്തിയില്ലാതെ വന്നെന്നും അവരെ (മൂറന്മാർ, മുസ്ലീങ്ങൾ) ക്രിസ്ത്യാനികളുടെ സ്നേഹിതനായ വിജയനഗരരാജാവിനെ പേടിച്ചു് രഹസ്യമായി (1503-08-ൽ) കൊല്ലുകയും ഓടിച്ചുകളകയും ചെയ്യുന്നുഎന്നും വത്തീമാ എഴുതിയിരിക്കുന്നു. പിന്നെ 1517-ൽ പറങ്കികളും അമ്മീനിയരും മയിലാപ്പൂർ ചെന്നെങ്കിലും അവിടെ ക്രിസ്ത്യാനികളെക്കണ്ടെന്നു പറയുന്നില്ല. ഏകദേശം 1521-ലും പറങ്കികൾ അവിടെച്ചെന്നു; കബറു തുറക്കുകയുംചെയ്തു. അന്നു ക്രിസ്ത്യാനികൾ അവിടെയുണ്ടായിരുന്നെന്നു് അവർ പറഞ്ഞിട്ടില്ല.[5] ക്രിസ്ത്യാനികളുടെ ശത്രുക്കളായിരുന്ന മൂറന്മാരെപ്പേടിച്ചു് അവർ മയിലാപ്പൂർക്കബറുപോലും ഉപേക്ഷിച്ചു പൊയ്ക്കളഞ്ഞു എന്നു വിചാരിക്കാം. അതിനു വളരെ മുമ്പും ക്രിസ്ത്യാനികളാരും മയിലാപ്പൂരിലില്ലായിരുന്നു. അന്നു് (1430-നുശേഷം) അവരെ ഓടിച്ചുകളഞ്ഞതും മൂറന്മാരായിരുന്നു എന്നു വിചാരിക്കാം. 1425-നും 1430-നും ഇടയ്ക്കു നിക്കോളൊ (Nicolo de Conti) എന്ന ഇററലിക്കാരൻ അവിടം സന്ദർശിച്ചപ്പോൾ ശ്ലീഹാക്കബർ അകത്തുള്ള വലിയ പള്ളിയും, പാഷണ്ഡികന്മാർ (heretics) ആയ ഏകദേശം 1000 നെസ്തോറിയന്മാരുടെ വീടുകളും അവിടെയുണ്ടായിരുന്നു. അന്നു മുസ്ലീങ്ങളിൽനിന്നു് അവർക്കുപദ്രവമുണ്ടായിരുന്നോ എന്തോ? യൂറോപ്പിൽ പലയിടത്തും യൂദന്മാർ പാർക്കുന്നതുപോലെ ഇൻഡ്യയിൽ എങ്ങും നെസ്തോറിയന്മാർ 1425-30-ൽ ചിതറിപ്പാർക്കുന്നു എന്നു നിക്കോളോ പറഞ്ഞിരിക്കുന്നതുകൊണ്ടു് അവരിൽ ഏറിയ ക്രൂരം വെളുത്ത അമ്മീനിയരും മററും ആയിരുന്നു എന്നനുമാനിക്കാം. ഓരോ കുടിയിലും കുറേ നാട്ടുകാരും ഉണ്ടായിരുന്നെന്നു വിചാരിക്കാം. നിക്കോളോയുടെ യാത്രക്കാലം കഴിഞ്ഞിട്ടു 1443-ൽ, ക്രിസ്ത്യാനികളുടെ സ്നേഹിതനെന്നു മുൻപുപറഞ്ഞ വിജയനഗരം രാജാവി

ന് Nimeh-pezir(=Nehemia Peter?)എന്നൊരു ക്രിസ്ത്യാനി മന്ത്രിയുണ്ടായിരുന്നു. അദ്ദേഹം അർമ്മീനിയായിരുന്നിരിക്കാം.

മുസ്ലിങ്ങളുടെ ശത്രുത മൂലമാകുന്നു വിജയനഗരരാജാവ് ക്രിസ്ത്യാനികളുടെ സ്നേഹിതനായത്. അതുപോലെ അവരുടെ ഉപദ്രവംനിമിത്തം തിരുവിതാംകൂർ, കൊച്ചി മുതലായ സ്ഥലങ്ങളിലെ നസ്രാണികൾ ഒരു രാജാവിനെ തെരിഞ്ഞെടുത്ത് ചേരമാൻപെരുമാളിന്റെ "രാജ്യപത്രിക"പ്രകാരം ഉദിയമ്പേരൂർ വല്ല്യേടത്തുകോവിലകത്തു വാഴിക്കയുണ്ടായി. ഈ രാജാവ് ഒരു അർമ്മീനിയനോ മററൊരു പരദേശിയോ ആയിരുന്നിരിക്കാം; അഥവാ ക്രിസ്ത്യാനിയായ ഒരു കേരളീയ ഹിന്ദുരാജവംശജനായിരുന്നെന്നുവരാം. 1500 സെപ്തംബർ 22-ാംനു- കോഴിക്കോട്ടു വന്നിറങ്ങിയ കബ്രാലിന്റെകൂടെ വന്ന 8 ഫ്രാൻസിസ്കൻപാതിരിമാരിലൊരുത്തനായ ഫാദർ ലൂയീസ് (Luis de Salvador) എന്ന മിഷ്യനറി മതംപ്രസംഗിച്ചു സഞ്ചരിക്കുമ്പോൾ 1500-നും 1511-നും ഇടയ്ക്കു കുറേക്കാലം ഉദിയമ്പേരൂർരാജാവിന്റെ കൊട്ടാരത്തിൽപാർത്തു. അതിനു കുറേവർഷം മുമ്പുതന്നെ (1502-ൽ ഗാമായ്ക്കു ചെങ്കോലും രാജ്യപത്രികയും സമ്മാനിക്കുന്നതിനുമുമ്പ്) ആ വല്ല്യേടത്തു [6] (Baliartes) രാജവംശം (വില്ല്യാർവട്ടം എന്ന ഹിന്ദുരാജകുടുംബമല്ല) അററുപോയതുകൊണ്ടു് ലൂയീസ് പാതിരി ചെന്നപ്പോൾ കോവിലകം ഒഴിഞ്ഞുകിടക്കുകയായിരുന്നു എന്നു വിചാരിക്കാം.

മുസ്ലിങ്ങളും മററും ക്രിസ്ത്യാനികളെയും ക്രിസ്ത്യൻപേരുള്ളവരെയും പീഡിക്ക പതിവായിരുന്നെന്ന് 1291-ൽ ഇൻഡ്യ സന്ദർശിച്ചിട്ടു ചീനത്തുപോയ ബിഷപ്പുജോൺ 1305-ലെ ഒരെഴുത്തിൽ പറയുന്നു. [7] ക്രിസ്ത്യാനികൾ എന്നു ബിഷപ്പുപറഞ്ഞതു് അർമ്മീനിയാ, സുറിയാ, മെസോപ്പോട്ടേമിയാ, പേർഷ്യാ മുതലായ ദേശങ്ങളിൽനിന്നു വന്നവരെപ്പററിയാണ്. "ക്രിസ്ത്യൻപേരുള്ളവർ" എന്നതു് നാട്ടുക്രിസ്ത്യാനികൾ. അവർക്കും കുടുമ്മിയും കടുക്കനും മററും ഉണ്ടായിരുന്നതുകൊണ്ടു അവരെ ഹിന്ദുക്കളിൽനിന്നു തിരിച്ചറിവാൻ അത്ര എളുപ്പമല്ലായിരുന്നു. ഈ ബിഷപ്പ് ചീനത്തു പോകുന്ന വഴിക്ക് മാബാറിൽ (അതായതു് കിഴക്കേത്തീരത്ത്-പക്ഷേ മയിലാപ്പൂരിൽ) 13 മാസം പാർത്തു.

മുസ്ലിംപീഡനം തെക്കമാത്രമല്ല വടക്കും അക്കാലത്തുണ്ടായിരുന്നു. 1321-ൽ ഓർമസിൽനിന്നു തിരിച്ച് കപ്പൽവഴി ദിയു (Diu, South of Kathiawar) വിൽ വന്നിട്ടു കരവഴി താനാ (Thana north of Bombay) യിലെത്തിയ യോർദാന്തുസിൻെറ(1321–27) കൂട്ടുകാരായ നാലു ഫ്രാൻസിസ്കൻപാതിരിമാരെഅവിടെവച്ച് 1321 ഏപ്രിലിൽ മുസ്ലിങ്ങൾ കൊന്നുകളഞ്ഞു. അവരുടെഅവശിഷ്ടങ്ങൾ ഒരുജനോവാക്കാരൻെറസഹായത്താൽ യോർദാന്തുസ് താനായ്ക്കു വടക്കുണ്ടായിരുന്ന സൊപ്പാരായിലെ സെന്തോമസ് പള്ളിയിലേക്കു കൊണ്ടുപോയി. അന്നു ബ്രോച്ചിലും സൊപ്പാരായിലും താനായിലുംകൊല്ലത്തും നെസ്തോറിയൻക്രിസ്ത്യാനികളാണുണ്ടായിരുന്നതു്. അവർ ശീശ്മക്കാരും പാഷണ്ഡികരും(Schismatics and heretics) ആണെന്ന് യോർദാന്തുസും(1321–27), ഒഡോറിക്കും (1323–25) പറഞ്ഞിട്ടുണ്ടു്. പിന്നീട് (1512–50) കൊല്ലത്തുണ്ടായിരുന്നവരെപ്പററി അവർ മിക്കവാറും അക്രൈസ്തവർ ആയിരുന്നു എന്ന് കോറിയാ ഏകദേശം 1525-ൽ പറയുന്നു.

ഏകദേശം 1340-ൽ സൂററിലുണ്ടായിരുന്ന "നല്ല വിശ്വാസമുള്ള" ക്രിസ്ത്യാനികളെപ്പററി സർ ജോൺമോണ്ഡവില്ലും (1322–56) പറഞ്ഞിട്ടുണ്ടു്. കൊല്ലത്ത് അന്നു ക്രിസ്ത്യാനികൾക്കുപദ്രവം നേരിട്ടെന്ന് ഒഡോറിക്ക് (1323–25-ൽ ഒരിക്കൽ കൊല്ലത്തുവന്ന ആൾ) പറയുന്നില്ല. താനായിൽ ശീശ്മക്കാരും ഇടത്തൂട്ടുകാരും ആയ നെസ്തോറിയരുടെ 15 വീടുകളുണ്ടെന്ന് അദ്ദേഹം പറയുന്നു. എന്നുമാത്രമല്ല അവരിൽനിന്നും ഹിന്ദുക്കളിൽനിന്നും (പക്ഷേ മുസ്ലിങ്ങളിൽനിന്നും) (Schismatics and Unbelievers) ഏകദേശം പതിനായിരത്തിലധികം പേർ നമ്മുടെ വിശ്വാസത്തിലേക്ക് (ലത്തീൻവിശ്വാസത്തിലേക്ക്) മനസ്സുതിരിഞ്ഞു ക്രിസ്ത്യാനികളായെന്നും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ടു്.

22-ാം ജോൺ മാർപ്പാപ്പാ (1316–34) യോർദാന്തുസിനെ ആദ്യത്തെ കൊല്ലം ബിഷപ്പാക്കി 1329–30-ൽ അയച്ചപ്പോൾ കൊടുത്തയച്ച എഴുത്തിൽ (അറബിക്കടലിനു) വടക്കും കിഴക്കും കൊങ്കണസ്ഥാനത്തും അതിനുവടക്കും ഗുജറാത്തിലും ഉള്ള ക്രിസ്ത്യാനികളെപ്പററി പറഞ്ഞിരിപ്പുണ്ടു്. അവർ ആയിടയ്ക്കു ല

ത്തിൻ റീത്തിലേക്കു തിരിഞ്ഞ "കത്തോലിക്കർ"ആയിരുന്നു. അവക്കായിരുന്ന് ആ എഴുത്ത്.

മാർപ്പാപ്പാ 1329-ൽ കൊല്ലം ഒരു ലത്തീൻബിഷപ്പിൻെറ ആസ്ഥാനമാക്കി. 1318 മുതൽതന്നെ ടാർട്ടറി, എത്യോപ്യാ, ഇൻഡ്യാകൾ എന്നിവിടങ്ങളിലെ ആത്മാക്കളെ റോമൻ കത്തോലിക്കരാക്കുന്നതിന് ജോൺ മാർപ്പാപ്പാ ശ്രമംതുടങ്ങി. കൊല്ലത്ത് ഗീവറുഗീസ് പുണ്യവാൻെറ ഒരു ലത്തീൻപള്ളിയുണ്ടായി. എന്നുണ്ടായി എന്നു നിശ്ചയമില്ല. 1346-7-ൽ മരിഞ്ഞോളി ഏകദേശം ഒന്നരവർഷം അതിൽപാത്തു. 1330-ൽ എഴുത്തുംകൊണ്ടു യോർദാനുസു പുറപ്പെടാൻ നേരത്ത് മയിലാപ്പൂരിൽ നെസ്തോറിയൻ ക്രിസ്ത്യാനികളുണ്ടായിരുന്നു. അവക്കും ഒരെഴുത്തു കൊണ്ടുപോന്നു. എന്നാൽ ആ മെത്രാൻ കൊല്ലത്തും മയിലാപ്പൂരും മററും വന്നെത്തിയോ എന്നു നിശ്ചയമില്ല. അദ്ദേഹത്തെയും അക്രൈസ്തവർ കൊന്നുകളഞ്ഞു എന്നു തോന്നുന്നു. അന്നു (1329-ൽ) കൊല്ലത്തെ നസറീനി ("Nascarini', നസ്രാണി)കളായ "കൊല്ലക്കാർ മുതലാളിമാ"രുടെ "ലോർഡിനം" (=തലവന്ന്, വല്ല്യേടത്തുരാജാവിനല്ല), ഹിന്ദുവായ കൊല്ലം രാജാവിനും മാർപ്പാപ്പാ എഴുത്തുകൾ കൊടുത്തയച്ചു. അവയിങ്ങുവന്നുചേർന്നില്ല എന്നാണു തോന്നുന്നത്. മുതലാളിമാക്കു സുറിയാനിപ്പള്ളി അന്നുണ്ടായിരുന്നു.

മരിഞ്ഞോളി 1346-7-ൽ പാത്ത കൊല്ലം ലത്തീൻപള്ളി അക്കാലത്തും അതിനുമുൻപും ഇൻഡ്യയുടെ പടിഞ്ഞാറെതീരത്തു വരാറുണ്ടായിരുന്ന ഇററാലിയൻ വ്യാപാരികളിലൊരുവൻ പണിയിച്ചതായിരിക്കാം. ഇററലിയിലെ പീസാക്കാരനായ ഒരു വ്യാപാരിക്ക് ആയിടയ്ക്കു "ഇൻഡ്യൻ കടലുകളിൽ" ഒരു കപ്പലുണ്ടായിരുന്നു. അന്ന് "അമ്മീനിയരും", അതായതു് പേർഷ്യ, മെസൊപ്പൊട്ടേമിയാ, സിറിയാ, അമ്മീനിയാ മുതലായ ദേശങ്ങളിൽനിന്നുവന്ന "വെള്ളക്കാർ", പശ്ചിമതീരത്തും മററും ഉണ്ടായിരുന്നു.

അവക്കു സൊപ്പാരാ (ശൂർപ്പരാകം എന്നു സംസ്കൃതത്തിൽ) യിലുണ്ടായിരുന്ന സെന്തോമസുപള്ളി യോർദാനുസിൻെറ കാലത്ത് (1321-27) ഉണ്ടായിരുന്നെങ്കിലും അതു് അതിനുമുമ്പു് മുൾറാനിൽ നിന്നുവന്ന സാരസന്മാർ (മുസ്ലിങ്ങൾ, "Pagan Saracens") നശിപ്പിച്ചുകളഞ്ഞതിനുപകരം പണി

യിച്ചതായിരുന്നു. സിൻഡുമുതൽ കൊങ്കണദേശംവരെയുള്ള ചെറിയ ഇൻഡ്യാ ("India the Less") യിൽ "മഹാനായ സെന്തോമസ്" ക്രിസ്തുവാണെന്നു വിശ്വസിച്ചുവന്നവരും (പട്ടക്കാരില്ലായ്കയാൽ) മാമ്മോദീസാ ഇല്ലാതിരുന്നവരും ആയ നെസ്തോറിയരുണ്ടായിരുന്നെന്നും, അവരുടെയും അനേകം പള്ളികൾ(many churches)മുൾട്ടാനിൽനിന്നുവന്ന സാരസന്മാർ നശിപ്പിച്ചെന്നും യോർദാന്തൂസു പറയുന്നു. 1538 വരെയുള്ള പറങ്കിച്ചരിത്രം എഴുതിയ ജോൺഡിബാരോസ് (Joao de Barros-born 1496, died 1571) പറങ്കികൾവന്ന 1498-നു മുമ്പ് കന്നാടകത്തും സാമൂതിരിയുടെ രാജ്യത്തും ക്രിസ്ത്യാനികളെ മുസ്ലിങ്ങൾ പീഡിപ്പിച്ചതുകൊണ്ടു വളരെ ക്രിസ്ത്യാനികൾ കൊച്ചിയിലേക്കു കുടിപുറപ്പെട്ടു പോന്നെന്നും അവരുടെ വല്യേടത്തുരാജാവിനെ വാഴിച്ചെന്നും പറഞ്ഞിരിക്കുന്നു. എന്നാൽ 1323-ൽ കോഴിക്കോട്ടിനു വടക്കുള്ള പന്തലായിനിമുതൽ കൊടുങ്ങല്ലൂർവരെ ക്രിസ്ത്യാനികളും യൂദന്മാരും ഉണ്ടായിരുന്നെന്ന് ഒദോരിക്കും 1496-ൽ 1000 ക്രിസ്ത്യാനിവീടുകൾ കോഴിക്കോട്ടുണ്ടായിരുന്നെന്ന് ഹീറോനിമോയും പറയുന്നു. 1323-നു ശേഷമായിരിക്കുമോ മുസ്ലിങ്ങൾ അവരെ തെക്കോട്ടോടിച്ചതു? വിശുദ്ധ അന്തോനീനൂസ് (1389-1459) ആണ്ടുതോറും മാർപ്പാപ്പായ്ക്കു സമ്മാനമായി കുരുമുളകു കൊടുത്തയച്ചുവന്ന ഒരു രാജാവിനെപ്പററി പറയുന്നു. അതു വല്യേടത്തുരാജാവോ എത്യോപ്യാരാജാവോ മറേറാ എന്നു നിശ്ചയമില്ല.

1301-ൽ സക്കറിയാ എന്ന വിദേശീയ ശമ്മാശ് (deacon) ഒരു പീഡനവും കൂടാതെ തിരുവഞ്ചിക്കുളത്തെ ("Shingala") മാർ കുറിയാക്കോസിൻെറ സുറിയാനിപ്പള്ളിയിലിരുന്നുകൊണ്ടു യവനായ (Greek) വർഷം 1612-ൽ(=ക്രി. വ. 1301) പൌലോസിൻെറ ലേഖനങ്ങളുടെ ഒരു (കൽദായസുറിയാനി) പകർപ്പെഴുതുന്നുണ്ടായിരുന്നു. തിരുവഞ്ചിക്കുളം കൊടുങ്ങല്ലൂരിലാണ്. 1301-ൽ വല്യേടത്തുരാജാവുണ്ടായിരുന്നോ എന്തോ?

1301-ലെ മേല്പറഞ്ഞ ഡീക്കനും മുമ്പ്, മാർക്കൊപ്പോലോയ്ക്കും (1293) മുമ്പ്, 1248-ൽ അർമ്മീനിയായിലെ ഒരു സേനാനായകൻ (Constable of Armenia) സൈപ്രസിലെ രാജാവിന് എഴുതിയ ഒരെഴുത്തിൽ, അദ്ദേഹം കിഴക്കൻനാടുകളിലൊക്കെയും വളരെ ക്രിസ്ത്യാനികളെയും, ടാർട്ടറന്മാർ മുമ്പു

നശിപ്പിച്ചുകളഞ്ഞ (വീണ്ടുംപണിചെയ്യപ്പെട്ട) അനേകം പുരാതനപള്ളികളും കണ്ടെന്നും [9] പറഞ്ഞിരിക്കുന്നു. വടക്കുപടിഞ്ഞാറെ സിന്ധുനദീപ്രദേശത്തും ആ സേനാനി ക്രിസ്ത്യാനികളെയും പള്ളികളും കണ്ടു എന്നനുമാനിക്കാം. അതിനു തെക്കുണ്ടായിരുന്നതൊന്നും അദ്ദേഹം കണ്ടില്ല എന്നു വിചാരിക്കണം.

അന്നു വടക്കുപടിഞ്ഞാറേ ഇൻഡ്യയിൽ (ഇന്നത്തെ പാകിസ്ഥാനിൽ) ഉണ്ടായിരുന്ന ഒരു ക്രിസ്ത്യാനിരാജാവിനെപ്പററിയും ആ എഴുത്തിൽ പറയുന്നു. "സെന്തോമസു പ്രസംഗിച്ച ഇൻഡ്യയിൽ" എന്നാണു പറഞ്ഞിരിക്കുന്നതു്. അയലത്തുള്ള സാരസൻ രാജാക്കന്മാർ ആ രാജാവിനെ വളരെ പീഡിപ്പിച്ചെന്നും, അവർ ആ രാജാവിനോടു ക്രൂരമായി യുദ്ധം ചെയ്തെന്നും, പിന്നെ ടാർട്ടർമാർ ആ ഇൻഡ്യയിൽ (അതു തെക്കുകേരളഭാഗമല്ല) വന്നപ്പോൾ അവരുടെ സഹായത്തോടുകൂടെ അദ്ദേഹം ആ സാരസൻ(തുർക്കി) രാജാക്കന്മാരെ തോല്പിച്ച് ഇൻഡ്യാകളുടെ മിക്കഭാഗവും പിടിച്ചെടുത്തെന്നും ആ 1248-ലെ എഴുത്തു പറയുന്നു. [10]

അക്കാലത്തു മുസ്ലിങ്ങളെ കാംബേയിലെ ക്രിസ്ത്യാനികൾ ദ്രോഹിച്ചു എന്നു് ഔഫി (Awfi) എന്ന 13-ാം ശതകത്തിലെ മുസ്ലിം യാത്രക്കാരൻെറ കൃതിയിൽനിന്നറിയാം. അദ്ദേഹം കാംബേ (Cambay) യിൽ (ചെറിയ ഇൻഡ്യാ-Lesser India- എന്നു് 1321-27-ൽ യോർദാന്തുസ് പേരുകൊടുത്ത ഇൻഡ്യാഭാഗത്തിൻെറ വടക്കെഅററത്തു്) ഉണ്ടായിരുന്ന തരിസായ്ക്കൾ ("Tarsas"), അതായതു് ക്രിസ്ത്യാനികൾ, അവിടത്തെ ഹിന്ദുക്കളെ മുസ്ലിംപള്ളി നശിപ്പിപ്പാനും മുസ്ലിങ്ങളെ കൊല്ലുവാനും പ്രേരിപ്പിച്ചെന്നും, അതുകൊണ്ടു് നഹർവാലാ (Nahrwala) യിലെ രാജാവായ ജയസിംഗ് രണ്ടു ബ്രാഹ്മണരെയും രണ്ടു തരിസായ്ക്കളെയും [11] കൊന്നുകളയുന്നതിനു കല്പന കൊടുത്തെന്നും ആകുന്നു ഔഫി എഴുതിയിരിക്കുന്നതു്.

കിഴക്കെത്തീരത്തെ നസ്രാണികൾക്കും മുസ്ലിങ്ങളുടെ ഉപദ്രവം മാർക്കൊപ്പോലോ (1293) യുടെ വരവിനുമുമ്പുമുതലേ ഉണ്ടായിരുന്നിരിക്കാം. വത്തീമാ വന്നപ്പോൾ (1503-08) മയിലാപ്പൂരിലെ നസ്രാണികൾക്കു് 1460-ാമാണ്ടിടയ്ക്കുണ്ടായിരുന്ന ഉപദ്രവത്തെപ്പററി പറഞ്ഞുകേട്ടു. [12] 1293-ൽ മാർക്കൊപ്പോലോ കേട്ടതു് 1288-ൽ മയിലാപ്പൂരിൽ ക്രിസ്ത്യാനികളുണ്ടായിരു

ന്നൊന്നും ക്രിസ്ത്യാനികളും സാരസന്മാരും (മുസ്ലീങ്ങൾ) മാത്തോമ്മായുടെ കബറു സന്ദർശിക്കുമെന്നും ആയിരുന്നു. സാരസന്മാരിലൊരുവനായ "ഒരു ഔലിയാൻ" (വിശുദ്ധൻ) ആണു് ആ കബറിൽ എന്നായരുന്നു സാരസന്മാർ പറഞ്ഞതു്. ക്രിസ്തുവിനെ ഈസാ എന്ന ഒരു നബിയായിട്ടു് അവർ സ്വീകരിക്കുന്നുണ്ടെങ്കിലും പത്രോസു തോമ്മാ മുതലായ അപ്പൊസ്തലന്മാരെ അവർ വിശുദ്ധ (ഔലിയാ) ന്മാരായി ഗണിക്കാറില്ല. മയിലാപ്പൂരെ ഔലിയാൻ "a great prophet"-ഒരു വലിയ നബി-ആണെന്നാണവർ പറഞ്ഞതു്. 1504-നു കുറേമുമ്പു് ആ കബറിങ്കൽ വിളക്കുവച്ചു വന്നതു് ഒരു മുസ്ലിം ഫക്കീറായിരുന്നു (5-ാം നോട്ടുകാണുക). 1504 ആയപ്പോഴേക്കു് മുസ്ലിം അല്ല, കുറേ ക്രിസ്ത്യാനികളായിരുന്നു ആപ്പള്ളിയുടെ കൈവശക്കാരെന്നു് 1504-ലെ ശീമമെത്രാന്മാരുടെ സുറിയാനിയെഴുത്തു പറയുന്നു. ബാർബോസാ (1510) അതറിഞ്ഞില്ല.

1403-ൽ സ്പെയിനിൽനിന്നു് സമർക്കൻഡിൽ സ്ഥാനപതിയായി വന്ന ക്ലാവിയോ (de Clavijo, an Ambassador from Seville, Spain) ഇൻഡ്യയിലെ (ഒരു പക്ഷേ സിന്ധു പ്രദേശത്തെയോ കാശ്മീരത്തെയോ) ഒരു ക്രിസ്ത്യാനിരാജാവിനെപ്പററി കേട്ടു. അദ്ദേഹവും പ്രജകളും ഗ്രീക്കു (യവനായ) സഭക്കാരായ ക്രിസ്ത്യാനികളായിരുന്നു. അവർക്കധീനരായി യൂദന്മാരും മൂറന്മാരും അവരുടെയിടയിൽ പാർത്തുവന്നു.[13]

യൂറോപ്പിൽനിന്നു വന്ന ക്രിസ്ത്യാനികൾ 1096 മുതൽ 1291 വരെ മുസ്ലീങ്ങൾക്കെതിരായി കുരിശുയുദ്ധങ്ങൾചെയ്തു. 1100 മുതൽ 1143 വരെ നിലനിന്ന ഒരു ലത്തീൻരാജ്യം യരുശലേമിൽ സ്ഥാപിക്കപ്പെടുകയുമുണ്ടായി. ആയിടയ്ക്കു്, 1122-ൽ മൂന്നാം മാർ യോഹന്നാൻ എന്ന പാത്രിയർക്കീസ് റോമിൽചെന്നു് കല്ലിസ്റ്റസെന്ന മാർപ്പാപ്പായെ കണ്ടു് തന്റെ അധീനതയിലുള്ള പ്രദേശത്തു് (അതായതു് ഉറഹായിൽ) ആണു് മാത്തോമ്മാശ്ലീഹായുടെ കബറെന്നും, അവിടെ ആ ശ്ലീഹായുടെ ശരീരം അഴുകാതെ വച്ചിരിക്കുന്നെന്നും ആണ്ടിലൊരിക്കൽ അതു സ്വന്തം കൈകൊണ്ടു കുർബ്ബാനകൊടുക്കുന്നുണ്ടെന്നും മററും ഏവൻഗേലിയിന്മേൽ തൊട്ടു സത്യം ചെയ്തുപറഞ്ഞു കേൾപ്പിച്ചു. അതുകൊണ്ടു് അതെല്ലാം അവിടെയുള്ളവർ വിശ്വസിച്ചു.

[14] ഉൾനാ എന്ന നഗരത്തിൽനിന്നാണ് മാർയോഹന്നാൻ കോൺസ്റ്റാൻറിനോപ്പിൾവഴി റോമിൽപോയതു്. ഉൾനാ ഉർഫാ ◦ (എഡേസാ—ULNA:URHA). മാർ യോഹന്നാൻെറ സന്ദർശനത്തിനുശേഷം ഏഷ്യയിലെ മംഗോൾമുസ്ലിങ്ങളുടെ ഇടയിൽ ഞെരുങ്ങിക്കഴിഞ്ഞുവന്ന പാത്രിയർക്കിസന്മാരെയും നെസ്തോറിയരെയുംപററി റോമാ ചിന്തിച്ചു തുടങ്ങുകയും, മംഗോൾ രാജാക്കന്മാർക്കുവേണ്ട സമ്മാനങ്ങളും കൊടുത്തു് ലത്തീൻസന്യാസിമാരെ അയയ്ക്കുകയും ഉണ്ടായി. 1233, 1247, 1287, 1304 എന്നീ ആണ്ടുകളിൽ സെലിയൂഷ്യായിലെ നാലു പാത്രിയർക്കീസന്മാർ റോമിലേക്കു (to Popes Gregory IX, Innocent IV, and Honorius IV) എഴുതിയച്ചെന്നു കാണുന്നു.

ഇൻഡ്യയിലെ മുസ്ലിങ്ങളുടെ ഇടയിലുണ്ടായിരുന്ന ക്രിസ്ത്യാനികൾക്കു് റോമിൻെറ പ്രയത്നങ്ങൾമൂലം പീഡനം ഇല്ലാതായില്ലെന്നു് 1248-ലെ അർമ്മീനിയാ സേനാനിയുടെ എഴുത്തിൽ നിന്നറിയാം (8-ാംപുറം). കാംബേയിലും മുസ്ലിങ്ങളും നസ്രാണികളും തമ്മിൽ ആ 13-ാംശതകത്തിൽ വഴക്കുണ്ടായിരുന്നെന്നു് ഔഫിയുടെ കൃതിയിൽനിന്നു് അറിയാം (9-ാംപുറം). അങ്ങനെ പീഡനത്തിൽ കഴിഞ്ഞുവരുമ്പൊഴാണു് ടാർട്ടർസാമ്രാജ്യത്തിൽ (വടക്കെപേർഷ്യയിൽ) ഉള്ള സുൽത്താനിയായിലെ ആർച്ചുബിഷപ്പായ ഫ്രാൻസിസിനെ ആ സാമ്രാജ്യത്തിലെയും എത്യോപ്യയിലെയും ഇൻഡ്യാകളിലെയും (Indies) എല്ലാ ആത്മാക്കളുടെയും (അക്രൈസ്തവരും ഉൾപ്പടെ) പരിപാലനവും ഭരണവും (care administration and solicitude) 1318-ൽ ഏല്പിച്ചതു്. അതുകൊണ്ടു് വടക്കുപടിഞ്ഞാറെഇൻഡ്യയിലും പടിഞ്ഞാറെ തീരപ്രദേശത്തും തെക്കെഇൻഡ്യയിലും മററുമുണ്ടായിരുന്ന മാർത്തോമ്മാക്രിസ്ത്യാനികൾക്കും ഇതരക്രിസ്ത്യാനികൾക്കും വിശേഷാൽ ഭദ്രതയുണ്ടായെന്നു തോന്നുന്നില്ല. മുമ്പു് പറഞ്ഞ ക്രിസ്ത്യാനിരാജാക്കന്മാരുടെയും യോർദാനൂസിൻെറയും മററും അനുഭവം നോക്കുക.

1328-ൽ ഒദോരിക്കു് (Friar Odoric of Pordenone) ടിബററിൽ ചെന്നപ്പോൾ അവിടത്തെ ലാമാമതക്കാർ (ഒരുതരം ബുദ്ധമതക്കാർ) പല ക്രിസ്ത്യാനീയ കർമ്മാചാരങ്ങളും അനുസരിച്ചുവന്നിരുന്നതായിക്കണ്ടു. എങ്കിലും അവക്കു പീഡനം ഒന്നും ഉണ്ടായില്ല. അന്നു കാശ്മീരത്തു ക്രിസ്ത്യാനികളുണ്ടാ

യിരുന്നു എന്നുതോന്നുന്നു. അവൎക്കു പീഡനം അനുഭവപ്പെട്ടിരിക്കാം. അവിടംമുതൽ തെക്കോട്ടു കോഴിക്കോട്ടുവരെയുള്ള ക്രിസ്ത്യാനികൾക്കു് മുസ്ലീങ്ങളിൽനിന്നുപദ്രവമുണ്ടായിക്കൊണ്ടിരുന്നു. എന്നാൽ കേരളത്തിൽ കോഴിക്കോട്ടിനു തെക്കു മുസ്ലിങ്ങൾക്കു പ്രാബല്യമില്ലാതിരുന്നതുകൊണ്ടു് ആ ഭാഗത്തുള്ള ക്രിസ്ത്യാനികൾ സുഖമായി കാലം കഴിച്ചുപോന്നു. കന്നടരാജ്യത്തുനിന്നും കോഴിക്കോട്ടുഭാഗത്തുനിന്നും വളരെ ക്രിസ്ത്യാനികൾ (പക്ഷേ 1323–നുശേഷം) കുടിപുറപ്പെട്ടുപോന്നെന്നും വല്ലേടത്തുരാജാവിനെ തെരിഞ്ഞെടുത്തു വാഴിച്ചെന്നും മുമ്പു് കണ്ടല്ലോ.

ആ 1323–നുമുമ്പു്, 1320–ൽ കൊച്ചിയിലെ വീരരാഘവ ചക്രവൎത്തി എന്ന ചേരമാൻപെരുമാൾവംശജൻ കൊടുങ്ങല്ലൂരെ മകോതൈയർ പട്ടണത്തിനു കൎത്താവായി പാൎത്തിരുന്ന വ്യാപാരിപ്രമാണി ("ഇരവികൊൎത്തൻ") ആയ "ചേരമാൻ–ലോകപ്പെരുഞ്ചെട്ടി"ക്കു് (=ചേരമാൻപെരുമാളിന്റെ ലോകൈകമഹാശ്രേഷ്ഠിക്കു്) മണിഗ്രാമപട്ടം (=വണിഗ്ഗ്രാജസ്ഥാനം), വിഴാവാട (ഉത്സവവസ്ത്രം), പഞ്ചവാദ്യം, പകൽവിളക്കു്, അന്തോളം (പല്ലക്കു്) മുതലായ 72 പദവികളും, വാണിയർഐങ്കമ്മാളർ എന്നീ തൊഴിലുകാരെയും, തരകം ചുങ്കവുംകൂടെ ചെപ്പേടെഴുതി നീർവീഴ്ത്തി അട്ടിപ്പേറായി കൊടുത്തു. [15] അതിനു് അറിയും സാക്ഷികൾ പന്നിയൂർ ചൊവ്വരം എന്നീ രണ്ടു കൂറിലുള്ള നമ്പൂതിരി ഗ്രാമക്കാരും, വേണാട്ടു് (കൊല്ലം), ഓടനാടു് (കായങ്കുളം) എന്ന ദക്ഷിണകേരളരാജാക്കന്മാരും, ഏറനാട്ടു വള്ളുവനാടു് എന്ന ഉത്തരകേരളരാജാക്കന്മാരും ആയിരുന്നു. ആ താമ്രശാസനം കൊത്തിയതു് ചേരമാൻ ലോകപ്പെരുന്തട്ടാൻ (=ചേരമാൻപെരുമാളിന്റെ ലോകൈകതക്ഷാവു്) എന്ന ബിരുദമുള്ള നമ്പിചടയൻ ആയിരുന്നു. (ഈ ഗ്രന്ഥകാരന്റെ നസ്രാണികളുടെ നാലു ചെപ്പേടുകൾ (1925) 5–ാംഅദ്ധ്യായം നോക്കുക.)

# രണ്ടാംഅദ്ധ്യായം

## 1-ാം ശതകംമുതൽ 200 വരെ

ക്രി. 1248 മുതൽ പറങ്കികളുടെ ആദ്യകാലം (1523)വരെ വടക്കുപടിഞ്ഞാറെഇൻഡ്ധ്യ (പാകിസ്ഥാൻ)യിലും തെക്ക് കേരളത്തിലും കിഴക്കെത്തീരത്തു മയിലാപ്പൂർവരെയും ഉണ്ടായിരുന്ന സുറിയാനിറീത്തുകാരും ലത്തീൻറീത്തുകാരും ആയ ക്രിസ്ത്യാനികളെപ്പററിയും അവക്കു മുസ്ലിങ്ങളിൽനിന്നുണ്ടായ ഉപദ്രവങ്ങളെപ്പററിയും വിജയനഗത്തിലെയും കേരളത്തിലെയും ഹിന്ദുരാജാക്കന്മാരിൽനിന്നു ലഭിച്ച ആനുകൂല്യങ്ങളെപ്പററിയും കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞു. ക്രിസ്തുമതപ്രചാരത്തിനു അക്കാലത്തുനസ്രാണി (സുറിയാനി)കൾ ചെയ്ത ശ്രമങ്ങളെപ്പററി ചരിത്രത്തിൽ ഒന്നും കാണുന്നില്ല. പാശ്ചാത്യരായ ലത്തീനർ വന്ന് രക്തസാക്ഷികളായി മരിച്ചതും, മതപ്രചരണം ചെയ്തതും രേഖപ്പെടുത്തിക്കാണുന്നു. നസ്രാണികൾ അക്കാലഘട്ടത്തിലെഴുതിയ രേഖകൾ തീരെ കുറവാണ്. അവയിൽ ചരിത്രവസ്തുതകൾമിക്കവാറും ഇല്ലെന്നുതന്നേ പറയാം.

സെന്തോമസിൻെറ വരവുമുതൽ 1222-ലെ സോളമൻ മെത്രാപ്പോലീത്തായുടെ സുറിയാനികൃതിവരെയുള്ള ക്രിസ്ത്യാനികളുടെ ചരിത്രത്തിലെ ചില വസ്തുതകൾ മാത്രമേ നമുക്കു കിട്ടിയിട്ടുള്ളു. അവ മിക്കതും ഇൻഡ്ധ്യയുടെ പടിഞ്ഞാറുഭാഗത്തുണ്ടായിരുന്ന ക്രിസ്ത്യാനികളെപ്പററിയാണുതാനും. ഒന്നാംഅദ്ധ്യായത്തിൽ പറഞ്ഞ വസ്തുതകളിലധികവും ആ ഭാഗത്തെ നസ്രാണികളെയും ലത്തീനരെയും പററിയാണല്ലോ. 13-ാംശതകത്തിനുമുമ്പുള്ള കാലത്ത് റോമായോ മററു ലത്തീൻറീത്തുകാരോ ഗ്രീക്ക് ഓർത്തോഡോക്സ്സഭക്കാരോ ഇൻഡ്ധ്യയിൽ മിഷ്യൻപ്രവർത്തനം നടത്തിയതായി കാണുന്നില്ല. ഗ്രീക്കുസഭക്കാരനായ ഒരു രാജാവും ജനങ്ങളും 1403-ൽ വടക്കുണ്ടായിരുന്നെന്ന് മുൻപു പറഞ്ഞിട്ടുണ്ടല്ലോ. 13-ാംശതകം മുതലുണ്ടായിരുന്ന ഗ്രീക്കുറോമൻ നെസ്തോറിയൻ പ്രവർത്തനങ്ങൾക്കുപകരം ഒരു അപ്പൊസ്തലൻെറയും, ഇറാക്കിലെയും മററും നെസ്റ്റോറിയന്മാരെന്നു പേരു പറയപ്പെടുന്ന കിഴക്കൻ സുറിയാനിസഭയുടെയും പ്രവർത്തനങ്ങളാണ് ആദ്യത്തെ 12 ശതകങ്ങളിൽ ഉണ്ടായി

രുന്നത്. മാനിക്കീയർആരിയർ എന്നീ പാഷണ്ഡരുടെ പ്രവേശനവും പക്ഷേ ഉണ്ടായിരുന്നിരിക്കാം. ഇറാക്കിലെ കിഴക്കൻ സുറിയാനിസഭയെയും ഇൻഡ്യയിലെ സഭയെയും നെസ്തോറിയൻ എന്നു വിളിക്കാറുണ്ടായിരുന്നെങ്കിലും അവർ പാഷണ്ഡിക വിശ്വാസമുള്ളവയല്ലായിരുന്നെന്നു ചിലർ വാദിക്കുന്നു.

ഒന്നാംശതകത്തിലെ ഇൻഡ്യൻക്രിസ്ത്യാനികളെപ്പററിയുള്ള രേഖകൾ നമുക്കു കിട്ടിയിട്ടുള്ളതിൽ ഏററവും പ്രാചീനം [17] ആയവ–

1. സുറിയാനിയിൽ ക്രി. വ. 200–220–ൽ എഡേസായിലെഴുതിയ യൂദാത്തോമ്മായുടെ പ്രക്സീസ് (പ്രവൃത്തികൾ),

2. സുറിയാനിയിൽ എഡേസായിൽ ഏകദേശം ക്രി. വ. 260–ലെഴുതിയ അപ്പൊസ്തലന്മാരുടെ ഉപദേശം [18] എന്നിവ മാത്രമാകുന്നു.

പ്രക്സീസിൽ പറയുന്നത് മാർത്തോമ്മാശ്ലീഹാ ഇൻഡ്യയിലെ രാജാവായ ഗുന്ദഫറിൻെറ പട്ടണത്തിലും അയൽപ്രദേശങ്ങളിലും പ്രസംഗിച്ച് ആ രാജാവിനെയും മററും നസ്രാണികൾ (=ക്രിസ്ത്യാനികൾ) ആക്കി എന്നാണ്. എവിടെനിന്നോ ഹബ്ബാൻ (Habban) എന്ന രാജകീയവ്യാപാരിയോടുകൂടി കപ്പലുകേറി ആദ്യം ഇൻഡ്യയ്ക്കുവെളിയിൽ ഉള്ള സന്ദരുക്കിലിറങ്ങി രാജപുത്രിയുടെ വിവാഹത്തിൻെറ വിരുന്നിൽ സംബന്ധിച്ചശേഷം അവിടെ ചിലരെ നസ്രാണികളാക്കി. സന്ദരുക്കിൽനിന്ന് വീണ്ടും കപ്പലുകയറി ഇൻഡ്യയിലെ പട്ടണങ്ങളിൽപോയി പ്രസംഗിച്ചു എന്നാണ് പ്രക്സീസിൽ കാണുന്നത്. ആ വിവരം സന്ദരുക്കിലുള്ള ക്രിസ്ത്യാനികൾ (സന്ദരുക്കു രാജാവിൻെറ മകളും അവളുടെ ഭർത്താവും സംഗീതക്കാരിയായ ഒരു യൂദയുവതിയും മററും) പിന്നീടറിഞ്ഞു.

സന്ദരുക്ക് ഇൻഡ്യയുടെ അതിരായ സിന്ധുനദിക്കപ്പുറം പടിഞ്ഞാറായിരുന്നു എന്നു വിചാരിക്കാം. സന്ദരുക്ക് ഏകദേശം 4–ാംശതകത്തിലെ ഗ്രീക്ക്തർജ്ജമയിൽ അന്ദ്ര–പ്പൊലീസ് (Andrapolis), അതായത് അന്ദ്രപട്ടണം എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതുകൊണ്ട്, സന്ദർ–ഉക്ക് സന്ദരിൻെറ, അതായത്, അലക്–സന്ദരിൻെറ പട്ടണമായിരുന്നു എന്നു വിചാ

രിക്കാം. സിന്ധുനദീമുഖത്തിനു പടിഞ്ഞാററ് ബലൂചിസ്ഥാനിലെ ഹബ്ബ്നദിക്കു പടിഞ്ഞാറുണ്ടായിരുന്ന ഓറൈ ജാതിക്കാരുടെ (Orae, Oritae)രാജ്യത്തു് അലക്സാൻഡർ ഇൻഡ്യയിൽനിന്നു് കരവഴി ക്രി. മു. 322–ൽ തിരികെപോകുമ്പോൾ ഒരു പട്ടണം സ്ഥാപിച്ചു. ആ അലക്സന്ദർ പട്ടണമായിരിക്കാം സന്ദരുക്ക് [19]

സന്ദരുക്കിലെ രാജാവിൻെറ ഏകപുത്രിയായ ആ വധുവും അവളുടെ വരനും സംഗീതക്കാരിയും അന്നുതന്നേ ശ്ലീഹായുടെ ഉപദേശംമൂലം ക്രിസ്തുവിൽ വിശ്വസിച്ചു. പിറേറന്നരാവിലേ സത്രത്തിൽ അന്വേഷിച്ചാറേ രാത്രിതന്നേ അദ്ദേഹം ഹബ്ബാനോടുക്കൂടി കപ്പലേറി യാത്രതുടൎന്നെന്ന് രാജാവു സംഗീതക്കാരിയിൽനിന്നറിഞ്ഞു. ഇൻഡ്യയിലെ പട്ടണങ്ങളിൽ അദ്ദേഹം ചെന്നു പ്രസംഗിച്ചു നടക്കുന്നെന്നും സന്ദരുക്കിലെ വിശ്വാസികൾകേട്ടു. അതുകൊണ്ടു് "അവർ"(വധൂവരന്മാരും സംഗീതക്കാരിയും മററുചില വിശ്വാസികളും) സന്ദരുക്ക് വിട്ടു ശ്ലീഹായുടെക്കൂടെയായി. അതിൽ പിന്നെ ആയിരിക്കണം അവരുടെമേൽ "കൈവച്ചു് പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവൎക്കു മുദ്രകൊടുക്ക" ഉണ്ടായത്, അതായത് അവൎക്കു മാമോദീസാ നൽകിയത്. ദൈവത്തിൻെറ ക്ഷാളനത്താൽ ശുദ്ധീകരിക്കയും ദൈവത്തിൻെറ എണ്ണ തേക്കുകയും ചെയ്കയെന്നാണ് മാമോദീസായെപ്പററി പ്രക്സീസിൽ പറഞ്ഞിരിക്കുന്നത്. [20] സന്ദരുക്കിൽനിന്ന് ഇൻഡ്യൻപട്ടണത്തിൽവന്ന് മാമോദീസാ കൈക്കൊണ്ട ആ രാജജാമാതാവായിരിക്കാം ശ്ലീഹായുടെ ഢധീക്കൻ (ശുശ്രൂഷകൻ) ആയി ഇൻഡ്യയിലെ പ്രവൎത്തനങ്ങളിൽ അദ്ദേഹത്തെ സഹായിച്ചത്. സന്തിപ്പുസെന്ന (Xanthippus) ഗ്രീക്കുപേരാണ് ആ സഹായിക്കു കാണുന്നത്. മാമോദീസായിങ്കൽ പഴയ പേരു മാററിയിടുക നടപ്പുണ്ടായിരുന്നെന്ന് ഒരു സൂചനയും പുതിയനിയമപുസ്തകങ്ങളിലോ ശ്ലീഹായുടെ പ്രക്സീസിലോ കാണുന്നില്ല. അലക്സാണ്ടർ സ്ഥാപിച്ച സന്ദരുക്കിൽ ഒന്നാംശതകത്തിലും ഗ്രീക്കുകാരും ഗ്രീക്കുപേരുകളും ഉണ്ടായിരുന്നെന്നു വിചാരിക്കാം. ഒന്നാംശതകത്തിൽ വടക്കുപടിഞ്ഞാറെ ഇൻഡ്യയിൽ ഗ്രീക്കുകാരുണ്ടായിരുന്നു.

ഇൻഡ്യയിലെത്തി ഗുന്ദഫർ രാജാവിനെയും അനുജനായ ഗാദിനെയും [21] മററുപലരെയും (സ്ത്രീകളെയും പുരുഷന്മാരെയും) മാമോദീസാമൂലം ക്രിസ്ത്യാനികളാക്കിയതും, ഒരുമിച്ച് അപ്പവും മററും ("bread, oil, herbs and salt and mingled draught of wine-the encharist of the holy body and blood on a couch or table set out by the deacon") ഭക്ഷിച്ചതും പ്രാത്ഥിച്ചതും പ്രസംഗിച്ചതും അത്ഭുതങ്ങൾ പ്രവത്തിച്ചതും മററും പ്രക്സീസിൽ വിവരിച്ചിട്ടുണ്ട്. ഇൻഡ്യയിലെ പട്ടണങ്ങളിലും ഗ്രാമങ്ങളിലും അദ്ദേഹം മാർഗ്ഗം അറിയിക്കയും വളരെപ്പേരെ (പാത്തിയരെയും സിതിയരെയും ഹിന്ദുക്കളും ബുദ്ധമതസ്ഥരും ആയ ഇൻഡ്യരെയും, പേർഷ്യരെയും, യൂദരെയും, ഗ്രീക്കരെയും മററും എന്നു വിചാരിക്കാം) ക്രിസ്തുവിശ്വാസികളാക്കയും ചെയ്തു എന്ന് പ്രക്സീസിലെ വിവരണങ്ങളിൽ നിന്നറിയാം.

ഗുന്ദഫറിന്നു കൊട്ടാരം പണിവാൻ രണ്ടു തവണയായി ഏല്പിച്ച പണം ചെലവിട്ട് അതു പണിയാതെ ശ്ലീഹാ മതംപ്രസംഗിച്ചുനടക്കുന്നൊന്ന് ജനങ്ങൾ രാജാവിനോടു കുററം പറഞ്ഞതിങ്ങനെയാണ്:–"അയാൾ പട്ടണങ്ങളിലും ദേശങ്ങളിലും അങ്ങുമിങ്ങും നടന്ന് കൈവശമുള്ളതെല്ലാം അഗതികൾക്കു കൊടുക്കയും, ഒരു പുതിയ ദൈവത്തെപ്പററി പ്രസംഗിക്കയും, രോഗികളെ സുഖപ്പെടുത്തുകയും, പിശാചുകളെ ഓടിച്ചുകളകയും മററു വളരെ അത്ഭുതങ്ങൾ പ്രവത്തിക്കയും ചെയ്യുന്നു. അയാൾ ഒരു ക്ഷുദ്രക്കാരനാണെന്ന് അടിയങ്ങൾക്കു തോന്നുന്നു. എങ്കിലും അയാളുടെ കരുണയും സൌജന്യമായി അയാൾ ചെയ്യുന്ന രോഗശാന്തികളും അയാളുടെ കപടമില്ലായ്മയും ദയയും വിശ്വാസവും അയാൾ ഒരു നീതിമാനാണെന്നോ അയാൾ പ്രസംഗിക്കുന്ന പുതിയ ദൈവത്താൽ അയയ്ക്കപ്പെട്ട ഒരാളാണന്നോ പ്രഖ്യാപനംചെയ്യുന്നു. എന്തെന്നാൽ അയാൾ മിക്കപ്പൊഴും ഉപവസിക്കയും പ്രാത്ഥിക്കയും ചെയ്യുന്നു. ഉപ്പുകൂട്ടി അപ്പം മാത്രംതിന്നുന്നു. വെള്ളമാണ് കുടിക്കുന്നത്. തെളിവുള്ള കാലത്തും മഞ്ഞുകാലത്തും ഒരു കുപ്പായം മാത്രമേ ധരിക്കുന്നുള്ളു. ആരോടും ഒന്നും വാങ്ങിക്കുന്നില്ല; തനിക്കുള്ളത് മററുള്ളവക്കുകൊടുക്കയും ചെയ്യുന്നു."–പ്രക്സീസിലെ രണ്ടാം അദ്ധ്യായം.

തോമ്മാശ്ലീഹാ അക്കാലത്തെ ഒരു ഹിന്ദുസന്ന്യാസിയെപ്പോലെയോ ബുദ്ധസന്ന്യാസിയെപ്പോലെയോ ജീവിക്കയും പ്രവൎത്തിക്കയും ചെയ്തുവെന്ന്, അദ്ദേഹത്തെപ്പററി കുറ്റം ബോധിപ്പിച്ച രാജപ്രജകൾതന്നേ സമ്മതിച്ചെന്നു നാം കാണുന്നു. ഈ സാക്ഷിപത്രം കൂടാതെ തന്നേ അദ്ദേഹത്തിനു വഞ്ചനയും വാഗ്ദാനലംഘനവും അസാദ്ധ്യമായിരുന്നെന്ന് നമുക്കൂഹിക്കാം. അതുകൊണ്ട് കൊട്ടാരം പണിതുകൊടുക്കാമെന്നു പറഞ്ഞ് പണം (രണ്ടുതവണ) പററിയെന്നും അതു പണിയാതെ പണം വക്രിച്ചുകളഞ്ഞെന്നും പ്രക്സീസിൽ പറഞ്ഞിരിക്കുന്നത് നേരായിരിക്കാനിടയില്ല. കൊട്ടാരം ഞാൻ പണിയുന്നു, അതു സ്വൎഗ്ഗത്തിലാണ് എന്ന് ശ്ലീഹാ സമാധാനം പറഞ്ഞെന്ന് വിശ്വസിപ്പാനും നിവൎത്തിയില്ല. മാത്രമല്ല, കൊട്ടാരം പണിവാൻ മററാരും ഇല്ലാത്തപോലെ ഒരു വെറും യൂദനെ ദൂരദേശത്തുചെന്ന് ഹബ്ബാൻ കൊണ്ടുവന്നെന്ന് വിചാരിപ്പാനും ന്യായമില്ല; ക്ഷേത്രങ്ങളും രാജകൊട്ടാരങ്ങളും പണിയാൻ അറിയാമെന്ന് വെറും മീൻപിടുത്തക്കാരനായിരുന്ന ശ്ലീഹാ സന്ദരുക്കിലെത്തുന്നതിനുമുൻപ് കപ്പലിൽവച്ച് ഹബ്ബാനോട് പറഞ്ഞെന്ന് പ്രക്സീസിൽ കാണുന്നതും വിശ്വസിപ്പാൻ തോന്നുന്നില്ല. [22]

ഗുന്ദഫർരാജാവിൻെറ കൊട്ടാരം പണിതുകൊണ്ടിരുന്നവരോട് തോമ്മാശ്ലീഹാ ക്രിസ്തുവിനെപ്പററിയും സ്വൎഗ്ഗത്തിലെ കൊട്ടാരങ്ങളെപ്പററിയും പ്രസംഗിച്ച് അവരുടെ പണിക്കു തടസ്സം വരുത്തിയെന്ന് ചിലർ രാജാവിനോടു പറഞ്ഞതുകൊണ്ടോ, രാജാവിൻെറ അനുജനെയും ഹബ്ബാനെയും മററും പുതിയ മതത്തിൽ ചേൎത്തുകൊണ്ടോ രാജാവു ശ്ലീഹായെ തടവിലിട്ടു എന്നു വിചാരിക്കാം. അല്ലാതെ വ്യാജത്തിനും വഞ്ചനയ്ക്കും അദ്ദേഹത്തെ ബന്ധനസ്ഥനാക്കിയെന്നു വിശ്വസിപ്പാൻ ന്യായമില്ല. മാത്രമല്ല ഒരുത്തനുവേണ്ടി മറെറാരുത്തൻ–അതും അയാളറിയാതെ–സ്വൎഗ്ഗത്തിൽ കൊട്ടാരം പണിയുക എന്ന തത്വം ക്രിസ്തുശിഷ്യന്മാരെ പഠിപ്പിച്ചില്ല. [23] ഗുന്ദഫർ ആദ്യം ശ്ലീഹായുടെ വിരോധി ആയിരുന്നെങ്കിലും പിന്നെ ക്രിസ്തുമതം സ്വീകരിച്ചു എന്ന് പ്രക്സീസു പറയുന്നു. [24] അതുകൊണ്ട് അദ്ദേഹത്തിൻെറ രാജ്യത്ത് വളരെപ്പേർ ക്രിസ്ത്യാനികളായി എന്നു വിചാരിക്കാം. സന്ദരുക്കിൽനിന്നു വന്നുചേൎന്നവരിൽ

പ്രധാനിയായ രാജജാമാതാവിനെ ശ്ലീഹാ തൻെറ സഹായിയാക്കിയെന്നു തോന്നുന്നു. ഗുന്ദഫറിനും ഹബ്ബാനും രാജസഹോദരനായ ഗാദിനും മൂപ്പന്മാർ (പ്രസ്ബിററന്മാർ) എന്ന സ്ഥാനം കൊടുത്തു എന്നു വിചാരിക്കാം. മൂപ്പന്മാരിൽ പ്രമാണി (എപ്പിസ്കോപ്പാ [25] എന്ന മേൽനോട്ടക്കാരൻ) ഗുന്ദഫർ ആയിരുന്നു എന്നുവരാം. ശ്ലീഹാ എല്ലാവരുടെയും മേലാവായിരുന്നു. എപ്പിസ്കോപ്പായ്ക്കും മററു മൂപ്പന്മാർക്കും ഡീക്കനും വിശേഷാൽ കൈവയ്പു നടത്തിയെന്ന് പ്രക്സീസിൽ കാണുന്നില്ല. മററു വിശ്വാസികളുടെമേൽ കൈവച്ചതുപോലെ അവരെയും കൈവച്ചനുഗ്രഹിച്ചു എന്നുമാത്രമാണ് കാണുന്നത്.

ഗുന്ദഫറിൻെറ ഇൻഡ്യൻപട്ടണത്തിൽ മാത്രമല്ല, അതിൽനിന്നു കിഴക്കോട്ടുള്ള റോട്ടിലൂടെ രണ്ടുമൈൽ ചില്വാനം ദൂരെ രാജാവിനോടും ഗാദിനോടും കൂടെപ്പോയി ഒരു യുവാവിൻെറ പിശാചുബാധ ഒഴിക്കയും, അവനോടുകൂടെ തിരികെ പട്ടണത്തിൽ വരുന്ന വഴിക്ക് പ്രസംഗിച്ച് ശ്ലീഹാ വളരെപ്പേരെ വിശ്വാസികളാക്കുകയുംചെയ്തു. അവരോടുകൂടെ അദ്ദേഹം കോട്ടവാതൽ കടന്നുചെന്നു പട്ടണമദ്ധ്യത്തിലെത്തി. അവിടെയായിരുന്നു ആ യുവാവിൻെറ വീട്. അതിന്നടുക്കൽവച്ച് ഒരു സ്ത്രീയുടെ പിശാചുബാധയൊഴിച്ചു. "ഈ മനുഷ്യൻെറ കീർത്തി കേട്ടിട്ടില്ലാത്ത സ്ഥലങ്ങളിലേക്കു ഞാൻ പോകും" എന്നുപറഞ്ഞുകൊണ്ടാണ് പിശാചുപോയത്. അവിടെ ശ്ലീഹായുടെ ഡീക്കനും ഉണ്ടായിരുന്നു.

ശ്ലീഹാ പിന്നെ പട്ടണത്തിനു വെളിയിലുണ്ടായിരുന്ന ഒരു സത്രത്തിൽപോയി അവിടെ ഒരു സ്ത്രീയെ ജീവിപ്പിച്ചു. വളരെയാളുകൾ ക്രിസ്തുവിൽ വിശ്വസിക്കയുംചെയ്തു. അവർ പല പട്ടണങ്ങളിൽനിന്നും ഗ്രാമങ്ങളിൽനിന്നും സത്രത്തിൽ വന്നവരായിരുന്നതുകൊണ്ട് ശ്ലീഹായുടെ ഖ്യാതി അവിടങ്ങളിലൊക്കെയെത്തി. അവിടങ്ങളിൽനിന്ന് രോഗികളെയും ഭൂതബാധിതരെയും ജനങ്ങൾ അദ്ദേഹത്തിൻെറ അടുക്കൽ കൊണ്ടുവന്നു എന്ന് പ്രക്സീസിൻെറ ആറാംഅദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നു.

തോമ്മാശ്ലീഹായുടെ കീർത്തി മസ്ദായിരാജാവിൻെറ രാജ്യത്തും ചെന്നെത്തിയെന്ന് ഏഴാംഅദ്ധ്യായത്തിൻെറ ആരംഭ

ത്തിൽ പറഞ്ഞിരിക്കുന്നു. "യൂദാ ഇൻഡ്യായിലൊക്കെയും പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ" "ഇൻഡ്യായിലൊക്കെയും ഒരു വലിയവൻ" ആയ സിഫൂർ (Shapur എന്ന പേർഷ്യൻ പേരായിരിക്കാം) എന്നു പേരുള്ള സേനാനായകൻ (മസ്ദായിയുടെ സേനാനി), ഒരാളിനെ അയയ്ക്കുന്നതിനുപകരം താൻതന്നേ ശ്ലീഹായുടെ അടുക്കൽവന്ന് തൻെറ ഭാര്യയുടെയും മകളുടെയും പിശാചുബാധ ഒഴിക്കണം എന്നാപേക്ഷിച്ചുവെന്നാണ് 7-ാം അദ്ധ്യായത്തിൻെറ ആരംഭം. ഒരു കാളവണ്ടിയിലാണ് സേനാനി വന്നത്.

ഗുന്ദഫറിൻെറ പട്ടണങ്ങളിലും ഗ്രാമങ്ങളിലും അല്ലാതെ ശ്ലീഹാ ദൂരെയെങ്ങും പോയി പ്രസംഗിച്ചില്ല എന്നാണ് പ്രക്സീസിൽനിന്നനുമാനിക്കേണ്ടത്. "ഇൻഡ്യയിലൊക്കെയും" എന്നതിനു പഞ്ചാബുമുതൽ കന്യാകുമാരിവരെയും, അവിടം മുതൽ ഹിമാലയപർവ്വതംവരെയും എന്നർത്ഥം എടുക്കാൻ ന്യായം കാണുന്നില്ല. ശ്ലീഹായുടെ ഖ്യാതി ഇന്നത്തെ ഇൻഡ്യാ-പാകിസ്ഥാൻ മുഴുവനിലും വ്യാപിച്ചെന്നു വിചാരിപ്പാനും ന്യായമില്ല. സിഫൂർ വന്ന കാളവണ്ടിയിൽ തന്നേയാണു ശ്ലീഹായും ആ സേനാനിയും മസ്ദായിരാജാവിൻെറ പട്ടണത്തിലേക്കു പോയതും അവിടെ ചെന്നുചേൎന്നതും. അതുകൊണ്ട് ഗുന്ദഫറിൻെറ പട്ടണവും മസ്ദായിയുടെ പട്ടണവും തമ്മിൽ ഏറെ അകലം ഇല്ലായിരുന്നു. ശ്ലീഹാ ഗുന്ദഫറിൻെറ പട്ടണത്തിൽ വന്നതിൽ പിന്നെ വള്ളത്തിലോ കപ്പലിലോ മറേറാ ജലയാത്ര ചെയ്തെന്ന് പ്രക്സീസിൽ കാണുന്നില്ല.

ഈ പ്രക്സീസ് (1) ഒരു പാഷണ്ഡകൃതിയാണ്; (2) അതു സംഭവങ്ങൾ നടന്നിട്ട് ഏകദേശം രണ്ടു നൂറൊണ്ടുകഴിഞ്ഞശേഷം എഴുതിയതാണ്; (3) അതിദൂരത്തിരുന്നുകൊണ്ട് എഴുതിയതാണ് എന്ന കാരണങ്ങളാൽ അത് വിശ്വസനീയമായ ചരിത്രരേഖയല്ല എന്നു കേരളീയ ചരിത്രകാരന്മാർ കുററം പറയുന്നു. അതു ശരിയെന്നു സമ്മതിച്ചാൽ മാൎത്തോമ്മാ ശ്ലീഹാ ഇൻഡ്യയിലോ പാകിസ്ഥാനിലോ ഉള്ള ഏതെങ്കിലും സ്ഥലത്തു വന്നെന്നു സ്ഥാപിപ്പാൻ ഒരു രേഖയുമില്ല. ശ്ലീഹാ പാൎത്തിയായിൽപോയെന്ന് ഒറിജനും Clementine Recognitions-ഉം. 3-ാംശതകത്തിൽ ഐതിഹ്യം രേഖപ്പെടുത്തിയതും 2-ാമത്തെയും 3-ാമത്തെയും ന്യായങ്ങളാൽ തിരസ്കൃതമാകും.

എന്നാൽ തോമ്മാശ്ലീഹായുടെ പിൻതുടർച്ചക്കാരനായ നിരണത്തു മാളിയേക്കൽ രണ്ടാംതോമ്മാ റമ്പാൻ (അതായത് ഒന്നാംതോമ്മാ ആയ ശ്ലീഹായുടെ അടുത്ത ആൾ)

"വൻപൊട്ട തോമ്മാഹെന്ദൊമതൊക്കയിൽ
മാർഗ്ഗം നൽകിയ വൃത്താന്തം
അൻപാൽ മാളിയയ്ക്കൽ രണ്ടാംതോമ്മാ
റമ്പാൻ ചെയ്യോരു ചരിതം."

എന്ന സമകാലീനരേഖ കേരളീയർക്കുണ്ടെന്ന് 1916-ൽ പ്രസിദ്ധപ്പെടുത്തിയ മാർത്തോമ്മാക്രിസ്ത്യാനികൾ എന്ന ചരിത്രത്തിൻെറ ഒന്നാംവാല്യത്തിൽ പറഞ്ഞിരിക്കുന്നു. ആ "ചരിതം"-അങ്ങനെയൊന്നുണ്ടെങ്കിൽ-സമകാലീനമാണ്, സംഭവങ്ങൾ നേരിട്ടു കണ്ട സാക്ഷി എഴുതിയതുമാണ്. എന്നാൽ അങ്ങനെയൊരു ചരിതം വാസ്തവത്തിൽ ഉണ്ടായിരുന്നെന്നോ ഇന്നുണ്ടെന്നോ ഇതേവരെ ആരും തെളിയിച്ചിട്ടില്ല. 17-ാംനോട്ടുനോക്കുക.

അതുകൊണ്ട് പ്രക്സീസിനെയും ഒറിജൻ എഴുതിയിട്ട ഐതിഹ്യത്തെയും ആധാരമാക്കിയാൽ എന്തുവിവരങ്ങൾ കിട്ടുമെന്നു നോക്കാം. ആ വിവരങ്ങൾ എല്ലാം ഒന്നൊഴിയാതെ യഥാർത്ഥങ്ങളാണെന്നു വിശ്വസിക്കണമെന്നില്ല. ക്രിസ്തുവിനെപ്പററിപ്പോലും സമകാലീനരേഖകൾ (ക്രി. മു. 4 മുതൽ ക്രി. വ. 29 വരെയുള്ളവ) ഇല്ലെന്നു നമുക്കറിയാമല്ലോ.

"തോമ്മാശ്ലീഹാ തന്നേ ഇൻഡ്യയിൽനിന്നെഴുതി" അയച്ചത് (യറുശലേമിൽനിന്നു യാക്കോബും റോമായിൽനിന്നു ശിമോനും എഫേസൂസിൽനിന്ന് യോഹന്നാനും അലക്സന്ത്രിയായിൽനിന്നു മർക്കോസും ഫ്രിഗിയായിൽനിന്നു അന്ത്രയോസും മക്കദോനിയായിൽനിന്നു ലൂക്കോസും എഴുതി അയച്ചവയും) ലൂക്കോസ് എഴുതിയ പ്രവൃത്തികൾപോലെ (ഓരോസഭകളിൽ) സ്വീകരിച്ചു വായിച്ചുവന്നുവെന്ന് അപ്പൊസ്തലന്മാരുടെ ഉപദേശം (Doctrine of the Apostles, 2nd 3rd Century) എന്ന സുറിയാനികൃതി പറയുന്നു.

മസ്ദായിയുടെ പട്ടണത്തിൽ കാളവണ്ടിയിൽ പോയതും അവിടെവെച്ച് കൊല്ലപ്പെട്ടതും ശ്ലീഹായുടെ ആ എഴുത്തുകളിലുണ്ടായിരുന്നില്ലെന്നു വിചാരിക്കാം. ആ വിവരങ്ങൾ എഡേ

സാ സഭയ്ക്കെഴുതി അയയ്ക്കാൻ ശിഷ്യന്മാരായ ഗുന്ദഫർരാജാവും ഹബ്ബാനും സന്തിപ്പൂസും മററുമുണ്ടായിരുന്നതുകൊണ്ട് അവരിലൊരുവൻ അതെല്ലാം എഴുതി അയച്ചു എന്നു വിചാരിക്കാം. അല്ലെങ്കിൽ ആദ്യത്തെ എഴുത്തുകൾ കിട്ടിയവരിൽ ചിലർ ഗുന്ദഫറിൻെറ സഭയിൽവന്ന് വിവരങ്ങൾ അറിഞ്ഞുകൊണ്ടു പോയി എന്നു വിചാരിക്കാം.

ഗുന്ദഫറിൻെറ രാജ്യത്തെ സഭയെ ശ്ളീഹാ ഡീക്കനായ സന്തിപ്പൂസിനെ ഭരമേല്പിച്ചശേഷം അദ്ദേഹവും സേനാനിയും കാളവണ്ടിയിൽകേറി. അത് മസ്ദായിയുടെ പട്ടണത്തിൻെറ വാതലിനു വെളിയിലുള്ള സേനാനിയുടെ വീട്ടിലെത്തിയശേഷം അവർ ഇറങ്ങി. ശ്ളീഹായെ–"പുതിയ ദൈവത്തിൻെറ ദൂതനെ"–കാണാൻ വളരെപ്പേർ അവിടെക്കൂടി. അദ്ദേഹം പ്രാർത്ഥിച്ച് ആ വീട്ടിലെ രണ്ടു സ്ത്രീകളുടെയും ബാധ ഒഴിക്കയും ചെയ്തു.

കാളകൾ ക്ഷീണിച്ചപ്പോൾ രണ്ടു കാട്ടുകഴുതകളെ വണ്ടിക്കുകെട്ടിയാണു തുടന്നു സേനാനിയുടെ വീട്ടിലെത്തിയത്. ആ മൃഗങ്ങളെപ്പററി ചില അത്ഭുതകാര്യങ്ങൾ (ഒരു കഴുത സംസാരിച്ചതും പ്രസംഗിച്ചതും) പ്രക്സിസിലുണ്ട്. അവയെ ഇവിടെ എഴുതുന്നില്ല. പ്രക്സീസെഴുതിയ ആളോ മറേറാ കൂട്ടതലായി ചേർത്തെഴുതിയതായിരിക്കണം ആ അത്ഭുതങ്ങൾ. 26 വെറും കാളവണ്ടിയിൽ യാത്രചെയ്തു എന്നത് അത്ഭുതകരമല്ല, ഒരു അസാധാരണ യാത്രയുമല്ല. കപ്പൽയാത്രയ്ക്കുപകരം വെറും കാളവണ്ടിയാത്ര എഴുതിയിട്ടു എന്നു വരാൻഇടയില്ല.

പ്രക്സീസിൻെറ അടുത്ത (എട്ടാം) അദ്ധ്യായത്തിൽ മസ്ദായിരാജാവിൻെറ ചാർച്ചക്കാരനായ കാരിസിൻെറ (perhaps Persian Koresh) ഭാര്യയായ മൃദോനിയാ ഒരു പല്ലക്കിൽ അവിടെ വന്നതും അവിടെ ഉണ്ടായിരുന്നവരോട് ശ്ളീഹാ പ്രസംഗിച്ചതുകേട്ട് മൃദോനിയാ ക്രിസ്തുവിൽ വിശ്വസിച്ചതും, അതറിഞ്ഞ് കാരിസ് ശ്ളീഹായുടെ ശത്രുവായതും, സേനാനിയായ സിഫൂർ "ഇൻഡ്യയിന്മേൽ കൊണ്ടുവന്നു വച്ച ഒരു നാശ"മാണു ശ്ളീഹാ, അയാൾ ക്ഷുദ്രക്കാരനായ ഒരു യൂദനാണ്, ഒരു പുതിയ ദൈവത്തെപ്പററി അയാൾ പ്രസംഗി

ക്കുന്നു ("a new devastation which the commander Sifwr has brought upon India, a Hebrew magician, (who) teaches a new God) എന്നും മററും കാരിസു ചെന്നു രാജാവിനോടു സങ്കടം പറഞ്ഞതും വിവരിച്ചിരിക്കുന്നു. സിഫൂറിനെ കൊണ്ടു വരുവിൻ എന്നു രാജാവ് കല്പിച്ചു. സിഫൂറിനോടു വിവരങ്ങൾ ചോദിച്ചറിഞ്ഞശേഷം ആ ക്ഷുദ്രക്കാരനെ കൊണ്ടുവരുവിൻ എന്നു കല്പനയായി. രാജാവിൻെറ ആളുകൾ ചെന്നപ്പോൾ വലിയ ഒരു ആൾക്കൂട്ടത്തോടു ശ്ളീഹാ പ്രസംഗിക്കുന്നതുകണ്ടു് അവർ അദ്ദേഹത്തെ പിടിച്ചില്ല. അതുകൊണ്ടു് കാരിസ് തന്നേ കുറേ ആൾക്കാരോടുകൂടെ സിഫൂറിൻെറ വീട്ടിൽചെന്നു് അദ്ദേഹത്തിൻെറകൂടെവന്ന ഒരു ഭൃത്യൻെറ ചുററുതുണി (തലപ്പാവെന്നു പറയാം: സുറിയാനിയിൽ maapra) എടുത്ത് ശ്ളീഹായുടെ കഴുത്തിലിട്ടശേഷം അതിൽ പിടിച്ച് അദ്ദേഹത്തെ വലിച്ചുകൊണ്ടുപോകാൻ ഉത്തരവുകൊടുത്തു. രാജാവു ചോദിച്ചാറേ ശ്ളീഹാ ഒന്നും മിണ്ടാതെനിന്നു. അതുകൊണ്ടു് 128 അടി കൊടുത്തശേഷം ശ്ളീഹായെ ബന്ധിച്ച് തടവിലാക്കാൻ രാജാവു കല്പിച്ചപോലെ രാജകിങ്കരന്മാർചെയ്തു. ആ രാത്രി തന്നേ ക്രിസ്തുവിൻെറ സഹായത്താൽ ശ്ളീഹാ തടവിൽനിന്നിറങ്ങിച്ചെന്ന് മുശോനിയായ്ക്കു മാമോദീസാ നൽകിയിട്ടു തിരിയെ തടവുമുറിയിൽവന്നു.

മുശോനിയാ ശ്ളീഹായുടെ കൂടെപ്പോകാതെ ഭർത്താവിനെ അനുസരിച്ചു വീട്ടിൽതന്നേ പാർത്തുകൊള്ളാൻ അവളെ ഉപദേശിക്കുക എന്ന കല്പന കൊടുത്ത് പിറേറന്നുരാവിലേ മസ്ദായി തോമ്മാശ്ളീഹായെ തടവിൽനിന്നു വിട്ടു. എന്നാൽ മുശോനിയാ ആ ഉപദേശം സ്വീകരിച്ചില്ല. സേനാനിയായ സിഫൂറിനും ഭാര്യയ്ക്കും മകൾക്കും അന്നുപകൽ തന്നേ ശ്ളീഹാ മാമോദീസാ നൽകി.

അന്നുതന്നേ മസ്ദായി പറഞ്ഞ് അദ്ദേഹത്തിൻെറ ഭാര്യ (Tertia രാജ്ഞി) ശ്ളീഹായെപ്പററിയറിഞ്ഞതുകൊണ്ടു് മുശോനിയായെ കാണാൻ ആ രാജ്ഞിപോയി. സിഫൂറിൻെറ വീട്ടിൽചെന്ന് ശ്ളീഹായെയുംകണ്ടു. അദ്ദേഹത്തിൻെറ ഉപദേശംകേട്ട് റാണി ക്രിസ്തുവിൽ വിശ്വസിച്ചു. പിന്നെ കൊട്ടാരത്തിൽ തിരികെച്ചെന്ന് രാജാവുതന്നേ ശ്ളീഹായുടെ അടു

ക്കൽചെന്ന് ഉപദേശം കേട്ട് ക്രിസ്തുവിൽ വിശ്വസിക്കണം എന്നുപദേശിച്ചു.

അതുകേട്ട് മസ്ദായി കാരിസിനോടു കോപിച്ചുകൊണ്ട് അദ്ദേഹത്തെ കണ്ടുപിടിപ്പാൻ പുറപ്പെട്ട് ചന്തസ്ഥലത്തുവച്ച് കണ്ടുമുട്ടി. ആ ക്ഷുദ്രക്കാരനെ കൊല്ലുന്നതിനുപകരം തടവിൽ നിന്നു വിടാൻ പറഞ്ഞതിന് കാരിസിനോടു രാജാറു വളരെ കോപിച്ചു. വിട്ടതുകൊണ്ടാണല്ലൊ തെർസിയാ (Tertia) റാണി ക്രിസ്തുവിൽ വിശ്വസിപ്പാനിടയായത്. "എൻെറ തെർസിയായുടെമേലും അവൻ ക്ഷുദ്രം പ്രയോഗിച്ചു" എന്നാണു മസ്ദായി പറഞ്ഞത്.

അതുകേട്ട് മസ്ദായിയും കാരിസുംകൂടി സിഫൂറിൻെറ വീട്ടിൽ ചെന്നപ്പോൾ യൂദാ (=തോമ്മാശ്ളീഹാ) പ്രസംഗിച്ചുകൊണ്ടിരിക്കുന്നു. മററെല്ലാവരും എഴുന്നേററുരാജാവിനെ ബഹുമാനിച്ചു. യൂദാ മാത്രം എഴുന്നേററില്ല. അങ്ങനെ ആ ക്ഷുദ്രക്കാരനെ രാജാവു തിരിച്ചറിഞ്ഞു. എന്തെന്നാൽ ശ്ളീഹായുടെയും ഗുന്ദഫറിൻെറയും മസ്ദായിയുടെയും കാലത്തു (ഏകദേശം ക്രി. വ. 30–ൽ) പഞ്ചാബിലും മററും യൂദനായ ശ്ളീഹായുടെയും, പാർത്തിയരുടെയും, പേർഷ്യരുടെയും, ഗ്രീക്കരുടെയും, റോമരുടെയും, സുറിയരുടെയും, ബാബിലോണിയരുടെയും മററും തയ്ച്ചു കുപ്പായങ്ങളും തലപ്പാവും താടിമീശയും ധരിച്ചവർ വളരെയുണ്ടായിരുന്നു. [27] മസ്ദായിചെന്ന് ശ്ളീഹാ ഇരുന്ന കസേര (chair) പിടിച്ചുമറിച്ച് അതു രണ്ടു കൈകൊണ്ടും എടുത്ത് ശ്ളീഹായുടെ തലയ്ക്കടിച്ചു. തലമുറിഞ്ഞു. കല്പനപ്രകാരം രാജഭടന്മാർ അദ്ദേഹത്തെ വലിച്ചു കൊട്ടാരത്തിലേക്കു കൊണ്ടുപോകയുംഉണ്ടായി.

രാജാവു തിരിയെ കൊട്ടാരത്തിൽ വന്നുചേരുന്നതിനുമുൻപ് മകനായ വിസാൻ (Vizan, Parthian Beshan) ശ്ളീഹായോടു അദ്ദേഹം പ്രസംഗിക്കുന്ന പുതിയ ദൈവത്തെപ്പററിയും അദ്ദേഹത്തിൻെറ ക്ഷുദ്രപ്രയോഗത്തെപ്പററിയും ചോദിച്ച് ശ്ളീഹാ ഒരു നല്ല മനുഷ്യനാണെന്നു ബോദ്ധ്യംവരികകൊണ്ട് അദ്ദേഹത്തെ സഹായിക്കണമെന്നുറച്ചു. അപ്പോൾ രാജാവു വന്നെത്തി ന്യായാസനത്തിലിരുന്ന് ശ്ളീഹായോട് ചില ചോദ്യങ്ങൾ ചോദിച്ചു. "തിരുമേനിക്ക് എന്നെ ഒന്നും ചെയ്വാൻ ശക്തിയി

KOTTAYAM PUBLIC LIBRARY KOTTAYAM

ല്ല, അതിന് അധികാരവുമില്ല, യേശുക്രിസ്തുവിൻെറ ശക്തി കൊണ്ടാണ് ഞാൻ ഓരോന്നു ചെയ്യുന്നതു്" എന്നു ശ്ലീഹാ മറുപടിപറഞ്ഞതുകേട്ട് മസ്ദായി കോപിച്ചു. കല്പനപ്രകാരം ആദ്യം രാജഭടന്മാർ ശ്ലീഹായുടെ ചെരിപ്പുകൾ ഊരിമാററി അദ്ദേഹത്തെ ചുട്ടുപഴുപ്പിച്ചു ലോഹത്തകിടുകളിന്മേൽനിറുത്തി. ഉടനേ നിലത്തുനിന്നു വെള്ളം പാഞ്ഞുവന്ന് ആ തകിടുകൾ മൂടി. വെള്ളം പൊങ്ങിവന്നു മസ്ദായിയെപ്പോലും കൊന്നുകളയാതിരിപ്പാൻ പ്രാർത്ഥിക്കണമെന്ന് ആ രാജാവപേക്ഷിച്ചതുകൊണ്ട് ശ്ലീഹാ ദൈവത്തോടു പ്രാർത്ഥിച്ചു; വെള്ളം വററിപ്പോകയും ചെയ്തു.

79037

ശ്ലീഹായെ തടവിൽ കൊണ്ടുചെന്നു പാർപ്പിപ്പാൻ മസ്ദായി കല്പിച്ചു. അതുകൊണ്ട് ഭടന്മാർ അദ്ദേഹത്തെ അങ്ങോട്ടുകൊണ്ടുപോയി. രാജപുത്രനായ വിസാനും രാജസേനാനിയായ സിഫൂറും ഭാര്യയും മകളും കൂടെപ്പോയി. അവിടെ ചെന്നശേഷം ശ്ലീഹാ അവരോടു പ്രസംഗിച്ചു. പിന്നെ ക്രിസ്തു പഠിപ്പിച്ച പ്രാർത്ഥന (ആകാശങ്ങളിലുള്ള ഞങ്ങളുടെ പിതാവേ........എന്നു ലൂക്കോസ് 11: 2-4-ൽ കാണുന്ന പ്രകാരം) ചൊല്ലി [28] ദൈവത്തെ സ്തുതിക്കയും, മററു തടവുകാരുടെ നേക്കു തിരിഞ്ഞ് അവരോടു പ്രസംഗിക്കയുംചെയ്തു.

അതു കഴിഞ്ഞപ്പോൾ തെർസിയാറാണിയും മുദോനിയായും വളർത്തമ്മയായ നാർസിയാ (Narcia the nurse of Mygdonia) യും രാത്രിയിൽ അവിടെയെത്തി. ശ്ലീഹാ "എണ്ണയും വെള്ളവും അപ്പവും കൊണ്ട് ക്ഷുദ്രം പ്രയോഗിച്ചു" റാണിയെ നശിപ്പിച്ചുകളയാതിരിപ്പാൻ രാജാവ് ആ സ്ത്രീയെ ഒരു മുറിയിലിട്ടു പൂട്ടിയിരിക്കയായിരുന്നു. അവിടെനിന്ന് അത്ഭുതകരമാംവണ്ണം വെളിയിലിറങ്ങിയാണ് റാണിവന്നത്. രാത്രിതന്നേ അവരെല്ലാം ശ്ലീഹായുടെ ജയിലിൽനിന്ന് തിരികെയിറങ്ങി വിസാൻെറ വീട്ടിൽചെന്നു. അവിടെവച്ച് രാത്രിയിൽതന്നേ ശ്ലീഹാ തെർസിയാ, വിസാൻെറ ഭാര്യയായ മനേശാർ (Parthian form Maneshak or Manesha) മുതലായ സ്ത്രീകൾക്കും വിസാന്നും മാമോദീസാ നൽകി. ശ്ലീഹാ എണ്ണയെടുത്തു പ്രാർത്ഥിച്ചശേഷം അതു് അവരുടെ തലയിലൊഴിക്ക (poured) യും അവരെ വെള്ളത്തിൽ മുങ്ങിക്കയും

(made them go down into the water) ചെയ്താണ് ആ കർമ്മം നിർവഹിച്ചത്.

വെള്ളത്തിൽനിന്ന് അവർ കേറിവന്നപ്പോൾ ശ്ളീഹാ അപ്പവും പാത്രവും എടുത്ത് അവയെ അനുഗ്രഹിച്ചശേഷം അപ്പംമുറിച്ച് വിസാനും തർസിയായ്ക്കും മനേശാറിനും മുദോനിയായ്ക്കും മകൾക്കും കൊടുത്തു. പാനപാത്രത്തിലുണ്ടായിരുന്നതും കൊടുത്തെന്നു പറഞ്ഞിട്ടില്ലെങ്കിലും അതും കൊടുത്തെന്നു വിചാരിക്കണം. അതിൽ വെള്ളംചേർന്ന വീഞ്ഞാണുണ്ടായിരുന്നതെന്നനുമാനിക്കാം.

അങ്ങനെ മാമോദീസായും കുർബ്ബാനയും നിവ്വഹിച്ചിട്ട് രാത്രിതന്നേ ശ്ളീഹായും റാണിയും മുദോനിയായും നാർസിയായും തിരികെ തടവിൽ ചെന്നെത്തി. അവിടെ ശ്ളീഹാ വീണ്ടും ക്രിസ്തുവിനെപ്പററി പ്രസംഗിച്ചു.

പിറേറദിവസം രാവിലേ മസ്ദായി ആ ക്ഷുദ്രക്കാരനെ നശിപ്പിക്കുന്നതിനു കല്പിപ്പാൻ ന്യായാസനത്തിൽ (house of judgement) വന്നിരുന്നു ശ്ളീഹായെ വരുത്തി. വിസാൻ മുതലായവരും മററു വളരെപ്പേരും വന്നുചേൎന്നു. അതുകൊണ്ട് രാജാവ് ശ്ളീഹായെ അവരിൽനിന്നകററി മൂന്നു സ്താദി (1 stadium=about 202 yards), അതായത് ഏകദേശം $\frac{1}{3}$ മൈൽ ദൂരെ കൊണ്ടുചെന്ന് അദ്ദേഹത്തെ നാലു ഭടന്മാരുടെയും ഒരു പട്ടാളഉദ്യോഗസ്ഥൻെറയും പക്കൽ ഏല്പിച്ചു. അവിടെയുള്ള മലയിൽ കൊണ്ടുചെന്ന് ആ ക്ഷുദ്രക്കാരനെ കുന്തംകൊണ്ടു കുത്തി കൊന്നുകളവാൻ കല്പന കൊടുക്കയുംചെയ്തു. രാജപുത്രൻ വിസാനും അവരുടെ കൂടെപ്പോയി.

മലയിൽവച്ച് ശ്ളീഹാ ആ ഉദ്യോഗസ്ഥനോടും ഭടന്മാരോടും പ്രസംഗിച്ചു. പിന്നെ പ്രാൎത്ഥിച്ചിട്ട് ഇനി രാജകൽപ്പനപോലെ ചെയ്തുകൊള്ളുവിൻ എന്നു ഭടന്മാരോടുപറഞ്ഞു. അവർ നാലുപേരും വന്നു ഒരുമിച്ചു കുത്തി ശ്ളീഹായെ കൊന്നു. അവിടെനിന്നു ക്രിസ്ത്യാനികളെല്ലാം കരഞ്ഞുപോയി. അവർ അദ്ദേഹത്തിൻെറ ശരീരം ഭംഗിയുള്ള സാൽവകളിലും അനേകം ചണത്തുണികളിലും പൊതിഞ്ഞ് മുൻപിലത്തെ രാജാക്കന്മാരെ അടക്കിവന്ന കല്ലറയിൽ വയ്ക്കുയുംചെയ്തു. [29] മസ്ദായിരാജാവും ബന്ധുവായ കാരിസും ശ്ളീഹായുടെ വിരോധികളായിരു

ന്നെങ്കിലും രാജ്ഞിയായ തർസിയായും രാജകുമാരനായ വിസാനും സേനാനി സിഫൂറും യൂദനായ ഹാവാൻ മററും ശ്ളീഹായുടെ ക്രിസ്ത്യാനികൾ ആയിരുന്നതുകൊണ്ടായിരിക്കണം അങ്ങനെ മാന്യമായ വിധത്തിൽ യൂദരീതിയിൽ [30] ശ്ളീഹാ് അടക്കപ്പെട്ടത്. ആ കബർ (കല്ലറ) വളരെക്കാലം ഉപയോഗിക്കാതെ കിടന്നതായിരിക്കാം. പാറ തുരന്നോ കരിങ്കല്ലുകൾ കെട്ടിയോ ഉണ്ടാക്കിയതായിരിക്കാം ആ രാജകീയ കബർ.

ശ്ളീഹാ മസ്ദായിയുടെ പട്ടണത്തിൽചെന്നശേഷം ഏകദേശം ഒരാഴ്ചയ്ക്കകം കൊല്ലപ്പെട്ടതും രാജകീയ കബറിൽ അടക്കപ്പെട്ടതും ഗുന്ദഫർരാജാവും അനുജനും ഹബ്ബാനും സന്തിപ്പൂസുഡിക്കനും ഗുന്ദഫറിന്റെ രാജ്യത്തെ മററു ക്രിസ്ത്യാനികളും വേഗംതന്നേ അറിഞ്ഞുകാണും. ആ വിവരങ്ങൾ ശ്ളീഹാ തന്നേ എഡേസായ്ക്കയച്ച എഴുത്തിന്റെ തുടർച്ചയായി, ഹബ്ബാനോ സന്തിപ്പൂസോ മറേറാ താമസിയാതെ എഡേസാസഭയ്ക്കു എഴുതി അയച്ചുവെന്നു വിചാരിക്കാം. [31]

തോമ്മാശ്ളീഹായെ കബറിലാക്കി അടച്ചശേഷം ആപ്പകലും അന്നുരാത്രിയും സിഫൂർസേനാനിയും വിസാൻരാജകുമാരനും മലയിൽതന്നേ പാർത്തു. ആ രാത്രി ശ്ളീഹാ അവൎക്കു പ്രത്യക്ഷനായിട്ട് മററുക്രിസ്ത്യാനികളെ പരിപാലിപ്പാൻ പോകണമെന്നുപദേശിച്ചു. എന്തെന്നാൽ ഭടന്മാർ കൊണ്ടുപോകുന്നവഴിക്കുതന്നേ ആ മലയിൽവച്ചു ശ്ളീഹാ സിഫൂറിനെ ഒരു മേൽനോട്ടക്കാരനും (Presbyter, മൂപ്പൻ) വിസാനെ അദ്ദേഹത്തിന്റെ സഹായിയും (ഡീക്കൻ) ആക്കിയിരുന്നു. (രണ്ടുപേരും കബറിനു കാവൽകിടന്നത് മസ്ദായിയുടെ കിങ്കരന്മാർ ശരീരത്തിനോ കബറിനോ ദ്രോഹം ചെയ്യാതിരിപ്പാനായിരിക്കണം.)

പ്രക്സീസ് അവസാനിക്കുന്നതിങ്ങനെയാണ്:-ദീർഘകാലം കഴിഞ്ഞപ്പോൾ മസ്ദായിയുടെ ഒരു മകന് പിശാചുബാധ വന്നു. അതൊഴിപ്പാൻ ശ്ളീഹായുടെ അസ്ഥികളിലൊന്നെടുത്ത് മകന്റെ ദേഹത്തു തൊടുവിച്ചാൽ മതിയെന്നു വിശ്വസിച്ച് അദ്ദേഹം കബറുതുറന്നു നോക്കിയാറേ ഒരസ്ഥിയും കണ്ടില്ല. എന്തെന്നാൽ "സഹോദരന്മാരിലൊരുവൻ", അതായത് ഒരു ക്രിസ്ത്യാനി, അസ്ഥികളെല്ലാം രഹസ്യമായെടുത്ത് പടിഞ്ഞാറെഭാഗങ്ങളിലേക്കു കൊണ്ടുപൊയ്ക്കളഞ്ഞു. അതുകൊണ്ട് കബറിൽ കണ്ട പൊടിയെടുത്ത് മകന്റെ ദേഹത്തു തൊ

ട്ടവിച്ച്, "യേശുവേ, ഇപ്പോൾ ഞാൻ നിന്നിൽ വിശ്വസിക്കുന്നു" എന്നുപറഞ്ഞു. ഉടനേ മകൻെറ ബാധ ഒഴിഞ്ഞുപോകയും ചെയ്തു. അനന്തരം മസ്ദായിയും സിഫൂറിൻെറ സഭയിലെ അംഗമായി ജീവിതം തുടൻു.

മസ്ദായിയുടെ കാലത്തുതന്നേ രഹസ്യമായി അസ്ഥികളെല്ലാമെടുത്തു പടിഞ്ഞാറോട്ടു കൊണ്ടുപോയതു എഡേസായിലേക്കല്ല. എന്തെന്നാൽ എഡേസാ പിടിച്ചടക്കിയ അലക്സാണ്ടർസെവാരസ്സെന്ന റോമൻചക്രവർത്തിയോടു ക്രി. 232-3-ൽ എഡേസാക്കാർ അപേക്ഷിച്ചതനുസരിച്ച് ഖബീൻ (Khabin) എന്ന ആളാണ് അസ്ഥികൾ ഇൻഡ്യയിൽനിന്ന് എഡേസായിൽ കൊണ്ടുപോയതെന്ന് ലത്തീൻകൃതിയായ പാസിയോ (Passio Thomae)യിൽനിന്നു നാം അറിയുന്നു.

മസ്ദായിയുടെ കാലത്ത് (ഏകദേശം ക്രി. 33-ൽ എന്നു വിചാരിക്കാം) അസ്ഥികൾ രഹസ്യമായി (secretly) മാററിയത് മസ്ദായിയുടെ രാജ്യത്തെ ക്രിസ്ത്യാനികളായിരിക്കണം. ശ്ലീഹായുടെ ശത്രുവായിരുന്ന ആ രാജാവ് ആ ക്ഷുദ്രക്കാരനായ യൂദൻെറ കബർ അസ്ഥികളോടുകൂടെ നശിപ്പിച്ചുകളയുമെന്നു പേടിച്ചായിരിക്കണം സിഫൂറെന്ന ക്രിസ്ത്യാനിത്തലവനും മററും ആലോചിച്ച് മസ്ദായി അറിയാതെ അസ്ഥികളെല്ലാം രഹസ്യമായി-പക്ഷേ ഒരു രാത്രിയിൽ-പടിഞ്ഞാറൊരു സ്ഥലത്തോട്ടു മാററിക്കളഞ്ഞത്. ആ സ്ഥലം ശ്ലീഹായുടെ സ്നേഹിതനായ ഗുന്ദഫറിൻെറ കൊട്ടാരം തന്നെയോ അദ്ദേഹത്തിൻെറ പള്ളിയോ ആയിരുന്നെന്നു വിചാരിക്കാം. ഒടുവിൽ മസ്ദായി ക്രിസ്ത്യാനി ആയശേഷംപോലും അസ്ഥികൾ ആദ്യത്തെ കബറിലേക്കോ മസ്ദായിയുടെ പള്ളിയിലേക്കോ തിരികെ (കിഴക്കോട്ട്) കൊണ്ടുപോയില്ലെന്നു തോന്നുന്നു.

ഏകദേശം ക്രി. 33-ൽ ഗുന്ദഫറിൻെറ രാജ്യത്ത് കൊണ്ടുവന്നുവച്ച അസ്ഥികൾക്ക് അതിൽപ്പിന്നെ ക്രി. 232-3-വരെയുള്ള ദീർഘകാലത്ത് (രണ്ടുശതകങ്ങളിൽ) എന്തെല്ലാം സംഭവിച്ചു എന്നറിവാൻ ഒരു മാർഗ്ഗവുമില്ല. ആ രണ്ടു ശതകങ്ങളിൽ ഗുന്ദഫറിൻെറയും ഒരു പിൻവാഴി (Abdagases) യുടെയും ഭരണം നടന്നുവെന്നു മാത്രമല്ല ആ പാർത്തിയൻരാജവംശത്തെയും അവരുടെ സാമന്തൻമാരെയും കുഷാണന്മാർ എന്ന രാജവംശ

KOTTAYAM PUBLIC LIBRARY KOTTAYAM

ക്കാർ വന്ന് കിഴക്കോട്ടും തെക്കോട്ടും മററും ഓടിച്ചു് വിപുലമായ കുഷാണസാമ്രാജ്യം സ്ഥാപിച്ചു് വടക്കുപടിഞ്ഞാറെ ഇൻഡ്യാ ഭരിച്ചു. കുഷാണന്മാരുടെ ഭരണം ഏകദേശം 226-ൽ അവസാനിച്ചു എന്നുപറയാം. അലക്സാണ്ടർസെവറസ്സിൻെറ ആൾ അസ്ഥികൾ അന്വേഷിച്ചുവന്നപ്പോൾ (232–3-ൽ) ആരാണു വടക്കുപടിഞ്ഞാറെ ഇൻഡ്യാ ഭരിച്ചതെന്നു നിശ്ചയമില്ല. ശ്ളീഹാ പാത്തിയായിൽ പോയി പ്രസംഗിച്ചുവെന്ന ഐതിഹ്യം 228–30-ൽ ഒറിജൻ എഴുതിയിട്ടപ്പോൾ കുഷാണന്മാരുടെ ഭരണം വടക്കുപടിഞ്ഞാറെ ഇൻഡ്യയിൽ ഉണ്ടായിരുന്നോ എന്തോ? 226-ൽ പേർഷ്യയിലെ പാത്തിയൻഭരണം അവസാനിച്ചു സസാനിയൻഭരണം (ക്രി. 226–651) തുടങ്ങി.

ഏകദേശം 33-ൽ ശ്ളീഹാ മരിച്ചുവെന്നു വിചാരിക്കാം. അതിനും അസ്ഥികൾ അന്വേഷിച്ചു് സെവറസ് ചക്രവത്തിയുടെ ദൂതൻ പുറപ്പെട്ട 232–3-നും ഇടയ്ക്കു്, ഏകദേശം 196-ൽ വടക്കുപടിഞ്ഞാറെ ഇൻഡ്യയിലെ ക്രിസ്ത്യാനികളെപ്പററി ബർദൈസാൻ എന്ന സുറിയാനി ഗ്രന്ഥകാരൻ തൻെറ ഒരു കൃതിയിൽ (Book of Fate or Book of the Laws of Countries) അല്പം പറയുന്നു. ബർദൈസാനും എഡേസാക്കാരനായിരുന്നു. പല രാജ്യങ്ങളിലെ അക്രൈസ്തവരുടെ ആചാരങ്ങളും ക്രിസ്ത്യാനികളുടെ ആചാരങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ വിവരിക്കുന്ന കൂട്ടത്തിൽ പാത്തിയന്മാർ, ഗിലായനിന്മാർ, കുഷാണന്മാർ ("കൈശാനായേ" എന്നു സുറിയാനിയിൽ), പേഷ്യന്മാർ, മേദക്കാർ (Medes) എന്നിവരിൽ ക്രിസ്ത്യാനികളായവരുടെയും അല്ലാത്തവരുടെയും ആചാരങ്ങളെപ്പററി പറയുന്നു. ബർദൈസാൻ അപ്രകാരം പറയുന്ന കാലത്ത് കൈശാനായക്കാരെ (കുഷാണന്മാരെ) ഭരിച്ചിരുന്നത് സവ്വത്ര പ്രസിദ്ധനായിത്തീന്ന കനിഷ്കനോ അദ്ദേഹത്തിൻെറ ഒരു പിൻഗാമിയോ ആയിരുന്നു. തോമ്മാശ്ളീഹായുടെ കാലത്തെ ഗുന്ദഫറിൻെറ പാത്തിയൻ സാമ്രാജ്യത്തെക്കാൾ പ്രസിദ്ധമായിരുന്നു കനിഷ്കൻ സ്ഥാപിച്ച കുഷാണസാമ്രാജ്യം. പാത്തിയൻസാമന്തന്മാർ (satraps, ക്ഷത്രപന്മാർ) ആയിരുന്നവരുടെ ഭരണത്തിലായിരുന്നു അക്കാലത്തെ സിൻഡും മാളവ (Malwa) ദേശവും. അവയ്ക്കു വടക്കും യമുനാനദിക്കു പടിഞ്ഞാറും ഉള്ള ഇൻഡ്യാപ്രദേശം മുഴുവനും മാത്രമല്ല, ഹിന്ദുകുഷ് പവ്വതത്തിനപ്പുറം ക

റേ രാജ്യവും കനിഷ്കസാമ്രാജ്യത്തിൽപെട്ടിരുന്നു. മാർത്തോമ്മാശ്ളീഹായുടെ ക്രിസ്ത്യാനികളുടെ സന്തതികൾ അന്നും പിന്നെയും കുഷാണസാമ്രാജ്യത്തിലും സിൻധു-മാളവദേശങ്ങളിലും ഉണ്ടായിരുന്നു എന്നു വിചാരിക്കാം. ആ കുഷാണരാജ്യത്തെ ആളുകളുടെ (കൈശാനായക്കാരുടെ) കൂട്ടത്തിൽ ഉണ്ടായിരുന്ന ക്രിസ്ത്യാനികളെപ്പററിയായിരിക്കണം ബർദൈസാൻ ഏകദേശം 196-ൽ എഴുതിയത്. ആ ക്രിസ്ത്യാനികളിൽ ചിലർ സിതിയന്മാരുടെയും പാർത്തിയന്മാരുടെയും പേർഷ്യരുടെയും ഗ്രീക്കരുടെയും യൂദരുടെയും ഇൻഡ്യരുടെയും മററും സന്തതികളായിരുന്നു. അവർ വിദേശിയവേഷം സ്വീകരിച്ചിരുന്നു എന്നു വിചാരിക്കാം. 27-ാം നോട്ടുനോക്കുക.

ക്രി. 196-ലും മാർത്തോമ്മാക്രിസ്ത്യാനികൾ വടക്കുപടിഞ്ഞാറെ ഇൻഡ്യയിലെ കുഷാണന്മാരുടെ രാജ്യത്തുണ്ടായിരുന്നു എന്നുപറയാം. അതിനു തെക്കുണ്ടായിരുന്ന ക്ഷത്രപന്മാരുടെ രാജ്യങ്ങളിലും ശ്ളീഹായുടെ ക്രിസ്ത്യാനികളുണ്ടായിരുന്നു എന്നു വിചാരിക്കാം. അക്കാലത്ത് (196-ൽ) അതിനു തെക്ക് ഏതുവരെ അവർ വ്യാപിച്ചു എന്നു പറവാൻ നിവൃത്തിയില്ല. കേരളംവരെയും അന്ന് അവർ വന്നൊത്തിപ്പാർത്തിരുന്നിരിക്കാം. അന്ന് അവരുടെ ബന്ധം എഡേസാ സഭയോടായിരുന്നു എന്നു വിചാരിക്കാം. അന്ന് എഡേസായിലെ അബ്ഗാർരാജാവ് (IX, 179-214) ക്രിസ്ത്യാനിയായി; ക്രിസ്തുമതം ആ സംസ്ഥാനത്തെ മുഖ്യമതം ആക്കുകയുംചെയ്തു.

196-ന് അല്പംമുമ്പ് 189-90-ൽ പന്തേനൂസ് (Pantaenus of Alexandria in Egypt) പോയി ഇൻഡ്യന്മാരോടു (1-ാംശതകത്തിൽ ബർത്തലോമ്മാശ്ളീഹാ പ്രസംഗിച്ചവരോട്) പ്രസംഗിച്ചു എന്നുള്ള ഐതിഹ്യം ആദ്യമായി എവുസേബിയോസ് (Eusebius) 325-ൽ രേഖപ്പെടുത്തി. അതിനുമുൻപ് പന്തേനൂസിൻെറ വരവിനെപ്പററി ഒരു പ്രസ്താവവും രേഖകളിലില്ല. എത്യോപ്യായിലെ മെത്രാനാകുന്നതിനുമുമ്പ് അറേബ്യായിൽപോയിരുന്ന ഫ്രുമെൻഷസിൻെറ [32] സഹോദരനായ എഡേസിയസ് എന്ന കശ്ശീശാ രൂഫീനൂസ് എന്ന ലത്തീൻ ചരിത്രകാരനോടു പറഞ്ഞത് എത്യോപ്യായോടു ചേർന്ന് ഇങ്ങെ ഇൻഡ്യയിൽ (Citerior India adherent to Ethiopia) ബർത്തലോമ്മാശ്ളീഹാ പ്രസംഗിച്ചു എന്ന ഐ

തിഹ്യമാകുന്നു. അക്കാലത്ത് (4–ാം ശതകത്തിൽ) ഈജിപ്തും എത്യോപ്യായും മുതൽ(കിഴക്കോട്ട്)ഉള്ള വിസ്താരമേറിയ പ്രദേശത്തിനെല്ലാം പേരു് ഇൻഡ്യാ എന്നായിരുന്നെന്ന് Itinerarium Alexandri എന്ന ലത്തീൻകൃതി (ക്രി. 345) പറയുന്നു.

4–ാംശതകത്തിൽ അറേബ്യായുടെ തെക്കെഭാഗം എത്യോപ്യാരാജാവിൻെറ ഭരണത്തിലായിരുന്നു. അതുകൊണ്ടും തമ്മിലുള്ള സാമീപ്യംകൊണ്ടും തെക്കെഅറേബ്യാ "എത്യോപ്യായോടു ചേന്ന ഇൻഡ്യ" ആണെന്ന് എദേസിയസ്സിനു പറയാമായിരുന്നു. നമ്മുടെ ഇൻഡ്യയുടെ ഒരു ഭാഗവും എത്യോപ്യായോടു ചേന്നതല്ലായിരുന്നതാനും. അതുകൊണ്ട് നാലാംശതകത്തിൽ എവ്സേബിയസും എദേസിയസും കേട്ട ഐതിഹ്യം പറഞ്ഞതിൻെറ അത്ഥം ബത്ത്‌ലോമ്മായും പിന്നീട് പന്തേനൂസും സന്ദർശിച്ച ഇൻഡ്യാ തെക്കെഅറേബ്യാ ആണെന്നാകുന്നു. അവരുടെ സന്ദർശനത്തെപ്പററി ഐതിഹ്യമല്ലാതെ ഒരു ചരിത്രരേഖയും ഇതേവരെ കിട്ടിയിട്ടില്ല. പില്ക്കാലത്ത് 10–ാംശതകംവരെയുള്ള എഴുത്തുകാരിൽ ജെറോമൊഴികെ എല്ലാവരും നമ്മുടെ ഇൻഡ്യാ അല്ലാത്ത ഒരു ഇൻഡ്യായിൽ ബത്ത്‌ലോമ്മായും പന്തേനൂസും വന്നു എന്നാണു പറഞ്ഞിരിക്കുന്നത്. ബ്രാഹ്മണരുടെ ഇൻഡ്യയിൽ പന്തേനൂസ് വന്നുഎന്ന് ജെറോം (342–420) പറഞ്ഞു. [33] അതിന്നാധാരം ഏതൈതിഹ്യമാണ്, അല്ലെങ്കിൽ ഏതു ചരിത്രരേഖയാണ് എന്നാദ്ദേഹം പ്രസ്താവിച്ചിട്ടില്ല.

ഈ ആദ്യകാലത്തെ (1–2–ാംശതകങ്ങളിലെ) വടക്കുപടിഞ്ഞാറെ ഇൻഡ്യൻക്രിസ്ത്യാനികളുടെ പ്രാത്ഥനകളും ഉപദേശങ്ങളും പുസ്തകങ്ങളും ആചാരങ്ങളും മററും എന്തായിരുന്നെന്ന് നിണ്ണയിപ്പാൻ നിവൃത്തിയില്ല. എഡേസായിലെ സുറിയാനി ഗ്രന്ഥകാരന്മാരിൽ നിന്നേ അവരെപ്പററി വല്ലതും നാം അറിയുന്നുള്ളു. ശ്ലീഹായുടെ അസ്ഥികൾ എഡേസായിലേക്കാണു കൊണ്ടുപോയതും. അതുകൊണ്ട് അന്ത്യോക്യായോടു ബന്ധപ്പെട്ട എഡേസായുമായിട്ടായിരുന്നു അവക്കു ബന്ധമുണ്ടായിരുന്നതെന്നനുമാനിക്കാം. അവരുടെ മതസംബന്ധമായ ഭാഷ എഡേസായിലെ അരാമായിക സുറിയാനിതന്നേ [34] ആയിരുന്നിരിക്കണം. ചില പ്രാത്ഥനകളും മററും അവരുടെ ഭാഷയിലേക്കു തജ്ജമചെയ്തു എന്നു വിചാരിക്കണം. "കർത്തൃപ്രാത്ഥന" ശ്ലീ

ഹാ ഇൻഡ്യയിൽ കൊണ്ടുവന്നെങ്കിൽ അത് ഏതു രൂപത്തിലായിരുന്നെന്ന് നിശ്ചയമില്ല. പുതിയനിയമത്തിൽ രണ്ടുരൂപങ്ങൾ ഉണ്ടല്ലോ. അവ ഒന്നാംശതകത്തിന്റെ അവസാനദശകത്തിൽ എഴുതിയിട്ടവയാകുന്നു. [35]

രണ്ടാം ശതകമദ്ധ്യത്തിൽ രക്തസാക്ഷിയായ ജസ്റ്റിൻ (Justin Martyr, martyred in Rome in 163 A. D.) ഗ്രീക്കുകാരുടെയും എല്ലാ ബാർബേറിയ (അപരിഷ്കൃത)രുടെയും ഇടയിലും ക്രിസ്തുമതം വ്യാപിച്ചിരിക്കുന്നു, യൂദന്മാർ അത്ര വ്യാപിച്ചിട്ടില്ല എന്നു പറയുന്നു. ഇൻഡ്യന്മാരെ അപരിഷ്കൃതരായി ജസ്റ്റിൻ ഗണിക്കാനിടയില്ലായിരുന്നു. അതുകൊണ്ട് ഇൻഡ്യയിലെ ക്രിസ്ത്യാനികൾ അദ്ദേഹത്തിന്റെ മേല്പറഞ്ഞ പ്രസ്താവത്തിലുൾപ്പെട്ടിട്ടില്ല എന്നു വിചാരിക്കാം.

ഏകദേശം 200–ൽ തെർത്തുല്ല്യൻ വടക്കെആഫ്രിക്കാ, സ്പെയിൻ, ഗോൾ, ബ്രിട്ടൻ എന്നായിടങ്ങളിലും, Sarmatians, Dacians, Germans, Scythians മുതലായ അതിദൂരജാതികളുടെയിടയിലും അനേകം അജ്ഞാതദ്വീപുകളിലും ക്രിസ്ത്യാനികളുണ്ടെന്ന് പറഞ്ഞിരിക്കുന്നു. ഈ ലിസ്റ്റിലും ഇൻഡ്യയിലെ ക്രിസ്ത്യാനികൾ ഉൾപ്പെട്ടിട്ടില്ലെന്നാണു തോന്നുന്നത്.

---

# മൂന്നാം അദ്ധ്യായം

---

### ക്രി. 200 മുതൽ 400 വരെ

ബർദൈസാൻ ഏകദേശം 196–ൽ വടക്കുപടിഞ്ഞാറെ ഇൻഡ്യയിലെ കുഷാണസാമ്രാജ്യത്തിലുണ്ടായിരുന്ന ക്രിസ്ത്യാനികളെപ്പററിപ്പറഞ്ഞതിനുശേഷം ഏകദേശം 260–ൽ ഇൻഡ്യയും അതിന്റെ സ്വന്തമായ എല്ലാ രാജ്യങ്ങളും അടുത്ത് അങ്ങെഅററത്തെ കടലുവരെയുള്ള രാജ്യങ്ങളും തോമ്മാശ്ലീഹായിൽനിന്നു കൈവെപ്പു പ്രാപിച്ചുഎന്നും അവിടെ അദ്ദേഹം പണിതസഭയിൽ അദ്ദേഹം വഴികാട്ടിയും ഭരണകർത്താവും ആയിരുന്നെന്നും അപ്പൊസ്തലന്മാരുടെ ഉപദേശം (Doctrine of the Apostles) എന്ന സുറിയാനികൃതി പറയുന്നു. അക്കാല

ത്ത് (260-ൽ) വടക്കുപടിഞ്ഞാറെഇൻഡ്യയിലും ഇൻഡ്യയു ടെ മററുഭാഗങ്ങളിൽ ചിലതിലും ക്രിസ്ത്യാനികൾ-മാർത്തോ മ്മാക്രിസ്ത്യാനികൾ-ഉണ്ടായിരുന്നു എന്നു വിചാരിക്കാം. ബ സ്രായിലെ മെത്രാനായിരുന്ന ദൂദി (ദാവീദ്) ഏകദേശം 295-300-ൽ ബസ്രാവിട്ട് ഇൻഡ്യയിൽചെന്ന് അവിടെ വളരെ പ്പേരോട്ടം മാർഗ്ഗമറിയിച്ചു. ആ ഇൻഡ്യാ നമ്മുടെ ഇൻഡ്യാ ആണ് എന്നു ഖണ്ഡിച്ചുപറവാൻ നിവൃത്തിയില്ല.

ഈ ദാവീദുമെത്രാനുമുൻപു ക്രി. 265-നും 270-നും ഇടയ്ക്ക് മാർഅമ്മോ എന്ന മാണിക്കേയൻ (Manichaean) മിഷ്യനറി ഹിന്ദുക്കുഷ്പർവ്വതത്തിനും വടക്കുണ്ടായിരുന്ന കുഷാണന്മാരുടെ ദേശത്തുവന്ന് മണി അഥവാ മാണിക്കേ (Mani or Maniche) എന്ന പാഷണ്ഡന്റെ മാർഗ്ഗം പ്രചരിപ്പിച്ചു എന്നു രേഖയുണ്ട്.[36] ഈ പാഷണ്ഡന്റെ ശിഷ്യനായ അദ്ദാ (Adda) ഗുരുവി ന്റെ കാലത്തുതന്നേ അപ്പുറത്തെ ദേശത്ത്, അതായത് മാണി ക്കെയുടെ ജന്മദേശമായ ബാബിലോണിനോ, അഥവാ പേ ർഷ്യായ്ക്കോ കിഴക്കുള്ള Orietes-ന്റെയോ സിതിയന്മാരുടെയോ ദേശത്തുപോയി. അക്കാലത്ത്-എന്നല്ല ഒന്നാംശതകംമുതൽത ന്നേ-സിന്ധുനദീമുഖപ്രദേശമായ "ശകദ്വീപ"ത്തിൽ സിതിയ ന്മാർ ധാരാളമുണ്ടായിരുന്നു. അവർക്കു പടിഞ്ഞാറ് (മുൻ പു പറഞ്ഞ സന്ദരുക്ക് പ്രദേശത്ത്) Orae, Oritae, Oritai Horitae, Oretes, Oreitans എന്നും മററും പ്രാചീന ഗ്രീക്ക് ലത്തീൻപുസ്തകങ്ങളിൽ പേരുള്ള ജാതിയും അന്നുണ്ടായിരു ന്നു. ഈ സന്ദരുക്ക് പ്രദേശത്തും ശകദ്വീപിലും മാണിക്കേയുടെ യും ശിഷ്യന്മാരുടെയും കാലത്ത് (241-247-ൽ) മാർത്തോമ്മാ ന സ്രാണികൾ ഉണ്ടായിരുന്നു എന്നു വിചാരിക്കാം. അവരുടെയി ടയിൽ മാണിക്കേയപാഷണ്ഡത അദ്ദാ എന്ന ശിഷ്യൻ കൊണ്ടു വന്നു എന്നു തോന്നുന്നു. (See Journal of Indian History. April 1948, pp 31- 32 and 44)

മാണിക്കവാചകർ എന്നൊരു ക്ഷുദ്രക്കാരൻമലങ്കരെ വന്ന് കൊല്ലത്തെ നസ്രാണികളെ മതംമറിച്ചുകളഞ്ഞെന്നും അവരാ ണു കൊല്ലത്തെ മണിഗ്രാമക്കാരെന്ന ഹിന്ദുക്കളെന്നും ഐതി ഹ്യമുണ്ട്. ആ മാണിക്യവാചകർ എന്ന പേര് 'മാണിക്കെവെ ശകരർ' എന്നതു മാറിമറിഞ്ഞുണ്ടായ പേരായിരിക്കാം. മാണി ക്കെവെശകരർ എന്നതിനർത്ഥം മാണിക്കെയുടെ മതത്തിലെ വശീ

കരണവിദ്യക്കാരനെന്നൎത്ഥം. മാണിക്കേയന്മാർവലിയക്ഷുദ്രക്കാരായിരുന്നു (wallowing in "the slime of witchcraft and sorcery'). ആ മതത്തിൽ ക്രിസ്ത്യാനിത്വം അൽപം മാത്രമേ ഉണ്ടായിരുന്നുള്ളു.

"കേരളത്തിൽ മാർഗ്ഗവഴിയുടെ അവസ്ഥ" എന്ന പേരുള്ള ഒരു മലയാളം ഓലഗ്രന്ഥം മാവേലിക്കര ചെന്നിത്തലെയുള്ള കരുത്തേടത്തുകുടുംബത്തിലുണ്ടായിരുന്നു. പിന്നീട്ട അത് എലി വെട്ടിനശിച്ചുപോയി എന്നറിയുന്നു. അതിൻെറ ഒരു പകൎപ്പ് കോട്ടയത്തെ മലയാളമനോരമയിൽ പ്രസിദ്ധപ്പെടുത്തിക്കണ്ടു. കിഴക്കെതീരത്തുള്ള കാവേരിപൂമ്പട്ടണത്തുനിന്ന് രാജാവിൻെറ പീഡനംമൂലം കപ്പലേറി പുറപ്പെട്ട് 72 കുടുംബക്കാർ കൊരക്കേണി കൊല്ലത്തുവന്നെന്നും ക്രി. 293-ൽ നിരണത്തെയും കൊല്ലത്തെയും നസ്രാണികൾ ആ "തമിഴരിലനുസരിച്ച് തമിഴരുടെ മൎയ്യാദയിൽ ചിലതും മലയാംമൎയ്യാദയിൽ ചിലതും ഇങ്ങനെ നടന്നുവരുമ്പോൾ 315 കാലം മാണിക്കവാചകരെന്ന ഒരു ക്ഷുദ്രക്കാരൻ" വന്നു എന്നും അതിലുണ്ട്. എന്നാൽ ആ ഗ്രന്ഥത്തിലെ പ്രസ്താവങ്ങളും ആണ്ടുകളും എത്രമാത്രം വിശ്വസനീയമാണെന്നു കണ്ടുപിടിപ്പാൻ വഴിയില്ല. 293, 315 എന്ന ക്രിസ്തുവർഷങ്ങൾ ലോകത്തൊരിടത്തും അക്കാലത്തു നടപ്പായില്ല. മാണിക്കവാചകരെന്നൊരു തമിഴകവി സുപ്രസിദ്ധനാണ്. എന്നാൽ അദ്ദേഹത്തിൻെറ കാലം ക്രി. 315-നു പല ശതാബ്ദങ്ങൾക്കിപ്പുറമാകുന്നു. [37]

മാണിക്കവാചകർ സിലോണിൽപോയെന്നും ഐതിഹ്യമുണ്ട്. ക്ഷുദ്രത്തിലും മന്ത്രവാദത്തിലും വിദഗ്ദ്ധനായിരുന്ന സംഘമിത്രനെന്നയാൾ തൻെറ ക്ഷുദ്രവിദ്യകൊണ്ട് സിലോണിലെ രാജാവായ ഗോഥകാഭയൻെറ ഇഷ്ടനായിത്തീൎന്നെന്ന് സിലോൺ ചരിത്രത്തിലുണ്ട്. ആ രാജാവിൻെറ ഭരണം ക്രി. 302 മുതൽ 315 വരെ ആയിരുന്നു. 315-ൽ മാണിക്കവാചകർ കേരളത്തിൽ (കൊല്ലത്ത്) വന്നെന്നാണ് കരുത്തേടത്തെ ഗ്രന്ഥം പറയുന്നത്. അതു ശരിയാണെങ്കിൽ സംഘമിത്രനും മാണിക്കവാചകരും ഒരാളായിരുന്നു എന്നുവരാം. കിഴക്കു കാവേരി നദിസമുദ്രത്തിൽ വീഴുന്ന സ്ഥലത്തുണ്ടായിരുന്ന കാവേരിപൂകംപട്ടണ (കാവേരിപൂമ്പട്ടണ)ത്തിൽ "വിശ്വസിച്ച വെള്ളാളരുടെ നെ

രെ രാജശൊദ്ധ്യം ഒണ്ടായശെഷം ആയവരു കപ്പലിൽ കരെറി കൊരക്കെണിയിൽ വരികയുംചെയ്തു. വന്ന എഴുപത്തിരണ്ടു കുടുംബക്കാരർ" ഉണ്ടായിരുന്നു. (see my Malabar Christians 1948, p 40). ക്രി. 293–നു മുൻപുതന്നേ കാവേരി മുഖപ്രദേശത്തു ക്രിസ്ത്യാനികളുണ്ടായിരുന്നു എന്നാണ് ഗ്രന്ഥം പറയുന്നത്. 196–ലും അതിനുമുൻപും പിൻപും വടക്കുപടിഞ്ഞാറെഇൻഡ്യയിലും സിന്ധുനദീമുഖപ്രദേശത്തും ഉണ്ടായിരുന്ന മാത്തോമ്മാ നസ്രാണികളിൽ ചിലർ തെക്കോട്ടു കേരളത്തിലും വന്നിട്ട് 3–ാം ശതകമായപ്പോഴേക്ക് കാവേരിപട്ടണംവരെ മാർഗ്ഗപ്രചരണം ചെയ്തുവെന്നു വിചാരിക്കാം. ഏകദേശം ക്രി. 225–വരെ നിലനിന്ന ആന്ധ്റസാമ്രാജ്യം ബോംബേക്കുവടക്കുള്ള് പടിഞ്ഞാറെത്തീരംവരെ വ്യാപിച്ചുകിടന്നു. ആ ആന്ധ്റ–തെലുങ്കു ഭരണകാലത്താണ് ഇൻഡ്യയുടെ ഉൾപ്രദേശംവഴി വടക്കുപടിഞ്ഞാറെ മാത്തോമ്മാനസ്രാണികൾ കാവേരിമുഖത്തെത്തിയതെന്നും വരാം.

ഏകദേശം ക്രി. 303 ആയപ്പൊഴേക്ക് ക്രിസ്തുമതം മേദിയാ, പേർഷ്യാ. ഇൻഡ്യ, എന്ന ഇടങ്ങളിൽ മാത്രമല്ല ചീനത്തും വ്യാപിച്ചു എന്ന് വടക്കെ ആഫ്രിക്കയിലെ സിക്കായിലുണ്ടായിരുന്ന അർനോബിയസ്സ് (Arnobius, the Latin apologist of Sicca) പറയുന്നു. സുപ്രസിദ്ധനായ അന്തോനിയൂസ്ചക്രവത്തി (Marcus Aurelius Antonius) യുടെ ദൂതന്മാർ ഏകദേശം 166–ൽ സുറിയാരാജ്യംവഴി ചീനതലസ്ഥാനമായ ലോയാങ്ങിൽ (Lo-yang) ചെന്നു. അതിൽപ്പിന്നെ ചീനരുടെ ചൊങ്കു (കപ്പൽ, junk)കൾ ചരക്കുകളുംകൊണ്ടു സിലോൺവരെ വന്ന്, റോമാസാമ്രാജ്യത്തുനിന്ന് അവിടെവന്നിരുന്ന കപ്പൽക്കാർക്ക് അവയെ വില്ക്കുകയുംചെയ്തിരുന്നു. See The Church of the T'ang Dynasty (of China), London,1939, p. 3. ആ ചീനകപ്പലുകളിൽ 2–ാംശതകത്തിലോ 3–ാംശതകത്തിലോ ചീനത്തുനിന്നുവന്ന ഒരു മിഷ്യനറി കാവേരിഭാഗത്തു ക്രിസ്തുമതം നടപ്പാക്കിയെന്നു വിചാരിപ്പാൻ ന്യായംകാണുന്നില്ല. കാവേരിപട്ടണത്തിലെ ക്രിസ്ത്യാനികളും ചീനരും തമ്മിൽ കച്ചവടക്കാര്യത്തിൽ മത്സരിച്ചതുകൊണ്ടു രാജാവ് ചീനചക്രവത്തിയുടെ വ്യാപാരികളുടെ ഭാഗംചേന്ന് ക്രിസ്ത്യാനികളെ

പീഡിപ്പിച്ചതാണ് ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്ന "രാജചോദ്യം" എന്നുവരാം.

വടക്കെ ആഫ്രിക്കായിലെ അർനോബിയസ്സ് ക്രി.303-ൽ പറഞ്ഞ ഇൻഡ്യാ നമ്മുടെ ഇൻഡ്യാ ആയിരുന്നു എന്ന് വിചാരിക്കാം. ഇൻഡ്യയുടെ വടക്കുപടിഞ്ഞാറുഭാഗങ്ങളിലും പടിഞ്ഞാറെ തീരത്തും ഉണ്ടായിരുന്ന ക്രിസ്ത്യാനികളെപ്പററിയല്ലാതെ കാവേരിപട്ടണത്തിലെയോ ഇൻഡ്യയുടെ ഉൾപ്രദേശത്തെയോ ക്രിസ്ത്യാനികളെപ്പററി അദ്ദേഹം അറിഞ്ഞില്ലായിരിക്കാം. "The deeds can be reckoned up and numbered which have been done in India" (ഇൻഡ്യയിൽ ചെയ്തിട്ടുള്ള കാര്യങ്ങൾ എണ്ണിഎണ്ണിപ്പറവാനുണ്ട്) എന്നാണ് അർനോബിയസ് എഴുതിയിരിക്കുന്നത്. അതുകൊണ്ട് അക്കാലത്തെ (മൂന്നാം ശതകത്തിലെ) ഇൻഡ്യൻക്രിസ്ത്യാനികളുടെ സഭകളിൽ അനേകം പ്രധാന സംഭവങ്ങൾ നടന്നുവെന്നുവിചാരിക്കാം.

അതിൽപ്പിന്നെ ക്രി. 317-ൽ ഒരു ചേരമാൻപെരുമാൾ, അതായത് കൊടുങ്ങല്ലൂർ തിരുവഞ്ചിക്കുളത്തു വാണിരുന്ന ഒരു കേരളചക്രവർത്തി ക്രിസ്ത്യാനി ആയെന്ന് കൊച്ചിയിലെയും തിരുവിതാംകൂറിലെ കോട്ടയത്തിനുസമീപമുള്ള നീലൻപേരൂരെയും ഹിന്ദുക്കളുടെ രേഖകളിൽനിന്നും കുരിശുധരിച്ച ഒരു ഓട്ടുപ്രതിമയിൽനിന്നും അനുമാനിക്കാം. പള്ളിവാണവർ അഥവാ പള്ളിവാണർ എന്നാണ് അദ്ദേഹത്തിന് കേരളോൽപത്തി എന്ന നമ്പൂതിരി ഗ്രന്ഥത്തിലും നീലൻപേരൂരെ ഹിന്ദുക്കളുടെ ഐതിഹ്യത്തിലും ഉള്ള പേര്.

പള്ളിവാണവർ ആദ്യം ഹിന്ദുമതമുപേക്ഷിച്ച് "ബൌദ്ധൻ" (ബുദ്ധമതസ്ഥൻ) ആയി എന്ന് കേരളത്തിൻെറ മിക്ക പ്രദേശങ്ങളിലുമുള്ള കേരളോൽപത്തിയുടെ പ്രതികൾപറയുന്നു. ആ ബൌദ്ധത്വം നമ്പൂതിരിബ്രാഹ്മണരെ ക്ഷോഭിപ്പിച്ചു. വാദപ്രതിവാദത്തിൽ ബൌദ്ധരെ തോൽപിച്ചിട്ടും പെരുമാൾ വീണ്ടും ഹിന്ദുമതത്തിലേക്കു തിരിഞ്ഞില്ല; ബുദ്ധൻെറ മതം തന്നോശരി, അതെല്ലാവരും സ്വീകരിക്കണം എന്നു പെരുമാൾ ശഠിച്ചുകൊണ്ടേയിരുന്നു.

KOTTAYAM PUBLIC LIBRARY KOTTAYAM.

ഈ സംഗതികൾ ഒരു കേരളചരിത്രത്തിൽനിന്ന് താഴെ ഉദ്ധരിച്ചിരിക്കുന്ന ഭാഗങ്ങളിൽനിന്നറിയാം:—

"അതിൻെറശേഷം (കേരളനമ്പൂതിരി)ബ്രാഹ്മണർ പരദേശത്തുചെന്ന് ബാണപുരത്തുനിന്ന് ബാണപ്പെരുമാളെ കൂട്ടിക്കൊണ്ടുപോന്ന് അല്ലൂർ എന്ന പ്രദേശത്ത് കൈപിടിച്ചിരുത്തി പന്തിരാണ്ടു നാട്ടു പരിപാലിപ്പാൻ കൽപിച്ചു-ഇങ്ങനെ ബാണപ്പെരുമാൾ വാഴുന്ന കാലത്ത് ബൌദ്ധന്മാർ പോന്നുവന്നു ബൌദ്ധശാസ്ത്രത്തിൻെറ പ്രാമാണ്യമാകെ കേൾപ്പിച്ചശേഷം ഇതത്രേ നേരാകുന്നതെന്ന് പെരുമാൾക്കു ബോധിച്ചു. അപ്പെരുമാളാകട്ടെ ബൌദ്ധമാർഗ്ഗം അനുഷ്ഠിക്കയും ചെയ്തു. അതിൻെറശേഷം പല ഗ്രാമത്തിങ്കലുള്ള ബ്രാഹ്മണരെയും വരുത്തി * * * ഈ മലനാട്ടിൽ എല്ലാവരും ബൌദ്ധമാർഗ്ഗം അനുഷ്ഠിക്കണമെന്നു പെരുമാൾ കൽപിച്ചതിൻെറശേഷം * * * ഇങ്ങനെ പരദേശത്തുനിന്നും പോന്നുവന്ന ആറു (ബ്രാഹ്മണ)ശാസ്ത്രികളും (നമ്പൂതിരി)ബ്രാഹ്മണരുമായി നിരൂപിച്ചു ഒക്കത്തക്കപ്പുറപ്പെട്ടു മക്കത്തുചെന്ന് പെരുമാളെക്കണ്ടു ശാസ്ത്രികൾ പറഞ്ഞുവല്ലോ:– "പെരുമാൾ എന്ത് ഈ അബദ്ധം കാട്ടിയത്" * * * പെരുമാൾ ശാസ്ത്രികളോടു കൽപിച്ചു: 'ഇതത്രേ നേരാവുന്നത്' * * * അതിൻെറശേഷം (ആറു) ശാസ്ത്രികളും ബൌദ്ധന്മാരുമായി വിവാദിച്ചു ശാസ്ത്രം കൊണ്ടിടഞ്ഞാറേ ബൌദ്ധന്മാർ തോല്ക്കയുംചെയ്തു."

അതുകൊണ്ട് നമ്പൂതിരിമാർ ബുദ്ധമതം സ്വീകരിക്കാനിടയായില്ല. പെരുമാൾ ബുദ്ധമതസ്ഥനായി തന്നേ തുടൎന്നു. ബൌദ്ധനായിത്തീൎന്ന പെരുമാളിനെ "മക്കത്ത്" ചെന്നുകണ്ടു എന്നു പറഞ്ഞിരിക്കുന്നത് ഒരു തെററിദ്ധാരണകൊണ്ടാണ്. അദ്ദേഹം "അല്ലൂർ" (=കൊടുങ്ങല്ലൂർ കോവിലകം) വിട്ടതായി അതിനുമുൻപുള്ള ഭാഗത്തു പറഞ്ഞിട്ടില്ല. കേരളത്തിലെ മററൊരു രാജാവ് ഉത്തരകേരളത്തിലെ ജോനകരുടെ ഇസ്ലാംമതത്തിൽ ചേൎന്നു മക്കത്തുപോയെന്ന് പറയുന്നത് വാസ്തവമാണെങ്കിൽ ആ മക്കത്തുപോക്ക് അതിനു വളരെ മുൻപുതന്നേ ബൌദ്ധമാർഗ്ഗം പൂകി പള്ളിവാണ (=ബുദ്ധമതപ്പള്ളിയിൽപാൎത്ത) പെരുമാളിൻെറ കഥയിൽ ഐതിഹ്യക്കാർ ചെലുത്തിയെന്നു വിചാരിക്കാം. അല്ലെങ്കിൽ പെരുമാൾ "മാർക്കംപൂകി" എന്നു പ

ഴയഭാഷയുടെ രീതിയിൽ പറഞ്ഞും എഴുതിയും വന്നത് തെ
ററിദ്ധരിച്ച് 'മക്കം പൂകി [38] എന്നായിപ്പോയി എന്നുവരാം.

'കേരളചരിതം' പിൻകഥ ഇങ്ങനെ പറയുന്നു:—"അതി
ന്റെശേഷം പെരുമാൾക്കു വസ്തുവും തിരിച്ചുകൊണ്ട് വേറേ
കല്പിക്കയുംചെയ്തു. തദനന്തരം പെരുമാൾ മനസ്സുകൊണ്ടു നിരൂ
പിച്ചുകല്പിച്ചു: "ബൌദ്ധശാസ്ത്രം ഞാൻ അനുസരിക്കകൊണ്ട്
എനിക്കു മററൊന്നിനും നിവൃത്തിയില്ല" എന്നു കല്പിച്ച് പെ
രുമാൾ മററൊരുത്തരെ വാഴിപ്പാൻ കല്പിച്ച് മക്കത്തിൽതന്നേ
എഴുന്നള്ളുകയുംചെയ്തു. ആ പെരുമാളെ പള്ളിബാണപ്പെരുമാൾ
എന്നുപറയുന്നു. * * * ബാണപ്പെരുമാളാകട്ടെ നാലുസംവ
ത്സരം നാടു പരിപാലിച്ച് മക്ക [39] ത്തിനെഴുന്നള്ളി":—കേര
ളചരിതം published by the Curator, Government Oriental Manuscripts, Trivandrum, 2nd ed. 1115 Q. E., pages 14-16.

കപ്ളിങ്ങാട്ടു (നമ്പൂതിരി) മനയ്ക്കലെ ഒരു കേരളോല്പ
ത്തി ഗ്രന്ഥത്തിൽ ഇങ്ങനെ കാണുന്നു:—"ഇങ്ങനെ ആറുചേര
മാൻപെരുമാളുടെ കാലം കഴിഞ്ഞു ഏഴാമത്തെ ചേരമാൻപെരു
മാളുടെ കാലത്ത് പരദേശത്തീന്ന് (ത്തുനിന്ന്) ബോധന്മാ
ര് (ബൌദ്ധന്മാർ) വന്ന് (കൊടുങ്ങല്ലൂരെ) മഹാദേവർ പട്ട
ണ(തമിഴിൽ മകോതൈയർപട്ടണം)ത്തിറങ്ങി കൊടുങ്ങല്ലൂക്ക്
ചെന്ന് ചേരമാൻപെരുമാളെക്കണ്ട് ശാസ്ത്രത്തെ കേൾപ്പിച്ചു.
* * * ഇതിന്റെശേഷം എല്ലാവരും ഇതിനെത്തന്നേ അംഗീ
കരിക്കണമെന്ന് നിഷ്ക്കരിഷംതുടങ്ങി. അന്നു കലി രൌരവം
ദേവരാജ്യം."

ആ ഏട്ടിൽ തന്നേ കുറേ ഓലകൾക്കിപ്പുറം ഇങ്ങനെ കാ
ണുന്നു:—"പരദേശികളെന്നു നാമം ചൊല്ലി (ഇവർ പ്രാചീന
Bardesanites [40] "പരദേശികൾ" ആയിരുന്നിരിക്കാം) വകദാ
ശിങ്കൽ (Baghdad) നിന്നും ഒന്നുരണ്ടു ബൌദ്ധശാസ്ത്രക്കാര് മ
ലനാട്ടിങ്കൽവന്നു കൊടുങ്ങല്ലൂരെന്ന ദിക്കിൽ ഇറങ്ങി ഞങ്ങൾ
മലനാട്ടിൽ(=കേരളത്തിൽ) രാജാവിനെ കാണ്മാൻ ആയതി
നും വേദശാസ്ത്രങ്ങൾ (=മതസംബന്ധമായ പ്രമാണങ്ങൾ) കേ
ൾപ്പിപ്പാനും വന്നിതെന്നും പറഞ്ഞു. * * * ഇതത്രേ നേരാ
യിട്ടുള്ളതെന്നും ധരിച്ച് സത്യവേദം (സത്യമതം) എന്ന് മ
നസ്സിൽ ഉറപ്പിപ്പൂതും ചെയ്ത് ആ ചേരമാൻപെരുമാൾ ആ വേ

ദത്തെ അനുഷ്ഠിപ്പതും ചെയ്തു. * * * ചേരമാൻപെരുമാൾ ന്യായം (ഞാലം) അറുതിവരെയ്ക്കും ആദിത്യമണ്ഡലം ആരാധനയ്ക്കും (ആദിത്യമണ്ഡലം അറുതിവരെയ്ക്കും എന്നായിരിക്കാം) അവൎക്കു വേണ്ടും 72 പദവികളെയും ആഭരണങ്ങളെയും ആ ചേരമാൻപെരുമാൾ കല്പിച്ചുകൊടുപ്പതും ചെയ്തു. * * * അനന്തരം മലനാട്ടിൽ അവൎക്കു നാലു പള്ളിയും വയ്പിച്ചുകൊടുത്തു."

ഈ ഗ്രന്ഥത്തിലുള്ള "രൌരവം ദേവരാജ്യം" എന്ന കലിദിനവാക്യം കൊച്ചിയിലെ ചൊർളിമനയ്ക്കലെ നാരായണൻ നമ്പൂതിരിയുടെ ഒരു ഗ്രന്ഥത്തിലും കൊച്ചിഗവർമ്മെൻറു റിക്കാർട്ടാപ്പീസിലെ ഒരു ഗ്രന്ഥത്തിലും. മേല്പറഞ്ഞ കപ്ളിങ്ങാട്ടെ ഗ്രന്ഥത്തിലും (1940–ൽ) കണ്ടത് കൊച്ചി തൃപ്പൂണിത്തുറകൊട്ടാരം സർവാധികാര്യക്കാരായിരുന്ന ഗവേഷകൻ ശ്രീമാൻ വി. കെ. ആർ. മേനോൻ, M. A., M. Sc, (London) ആകുന്നു. മുൻപു ഗ്രന്ഥത്തിൽനിന്നുദ്ധരിച്ച ഭാഗങ്ങൾ അദ്ദേഹം എനിക്കു പകൎത്തി അയച്ചുതന്നതാണ്.

"മാപ്പിളമാർ വന്നനാളത്തെ കലി രൌരവം ദേവരാജ്യം" എന്നാണ് മേല്പറഞ്ഞ കലിദിനവാക്യമുള്ള വാചകം. 3418–ാം കലിവർഷം കുംഭമാസം 30–ാംനു–ക്കു സമമായ ക്രി. വ. 317 ഫെബ്രുവരി 14–ാംനു- വ്യാഴാഴ്ചയാണ് ആ കലിദിനം എന്നു കൊച്ചിയിലെ ശ്രീമാൻ രാമവൎമ്മ മരുതമ്പുരാൻ ബി. എ. യും, തിരുവല്ലായിലെ ശ്രീമാൻ കെ. എൻ. ദാനിയേലും കണക്കുകൂട്ടി അറിയിച്ചു തന്നിട്ടുണ്ട്. ആ ദിനത്തിൽ പാർദേശി (Bardesanite) മിഷ്യനറിമാർ വന്നു എന്നും, ആ ആണ്ടിൽ (ക്രി. വ. 317–ൽ) തന്നേ പെരുമാൾ ബുദ്ധമതം ഉപേക്ഷിച്ച് ക്രിസ്തുമതം സ്വീകരിച്ചുഎന്നും വിചാരിക്കാം. ബുദ്ധമതസ്വീകരണംമൂലം നമ്പൂതിരിമാർ വെറുത്തിരുന്ന ആ പെരുമാൾ പരദേശികളുടെ വരവും ഉപദേശവും കഴിഞ്ഞ ഉടനേ 317–ൽ ക്രിസ്ത്യാനി ആയി എന്നു വിചാരിക്കാം. പിന്നെ 26 വർഷംകൂടെ അതായത് അദ്ദേഹത്തിനു (കേരളചരിതം പറയുന്നപോലെ) "വസ്തുവും തിരിച്ചുകൊണ്ട് വേറെ കൽപ്പിക്കയും" ചെയ്തുവരെ, അദ്ദേഹം സ്വന്തകോവിലകത്തു തന്നേ പാൎത്തു എന്നു തോന്നുന്നു. എന്തെന്നാൽ ഭൂവിഭാഗം ചെയ്തു വസ്തു തിരിച്ചു കലിവർഷത്തിന് "ഭൂവിഭാഗ:"(=3444) എന്നും, അങ്ങനെ വേറുതിരിച്ചു കിട്ടിയ ഭൂവിഭാഗത്തിൽ പോയി പാൎത്തതിന് "ചേര

മാൻദേശം പ്രാപ" (=ആ 3444-ാമാണ്ടു തുലാം 25-ാംനു-= ക്രി. 343) എന്നും [41] ആകുന്ന കലിവാക്യങ്ങൾ കാണുന്നത്.

ബുദ്ധമതത്തിൽ ചേൎന്ന പള്ളിവാണവർ ക്രിസ്തുമതം സ്വീകരിച്ചെന്ന് കപ്ളിങ്ങാട്ടെ കേരളോല്പത്തി പറയുന്നില്ല. എങ്കിലും പരദേശികൾവന്നു, ബാഗ്ദാദിൽനിന്നു വന്നു എന്നു പറഞ്ഞിരിക്കുന്നതുകൊണ്ട് ആ വന്ന ഒന്നുരണ്ടു ബൌദ്ധന്മാർ ബുദ്ധമതക്കാരല്ല, ക്രിസ്തുമതക്കാരാണ് എന്നനുമാനിക്കാം. ഇസ്ലാം മതം ഉണ്ടാകുന്നതിനുമുൻപ് 317-ൽ അവർ വന്നു. അതുകൊണ്ട് അവർ മുസ്ലിങ്ങളായിരുന്നില്ല. ബാഗ്ദാദിനടുത്തുള്ള സെലിയൂഷ്യാ–തേസിഫോൺപട്ടണം അക്കാലത്ത് ക്രിസ്തുമതത്തിന്റെ ഒരു ആസ്ഥാനമായിരുന്നു. അവിടെ അന്നു പാഷണ്ഡതകളൊന്നും കടന്നുകൂടിയില്ല. [42] ബർദേശാന്റെയും നോസ്റ്റിക്കരുടെയും (Bardesanites Gnostics, etc) മററും സിദ്ധാന്തങ്ങൾ എഡേസായിൽനിന്ന് അവിടെ (ഏകദേശം 200-ൽ) എത്തിയെങ്കിൽ 317-ൽ അവ ആ സഭയിലുണ്ടായിരുന്നോ എന്തോ? പരദേശികൾ എന്നുമാത്രം പറയാതെ "പരദേശികൾ എന്നു നാമം ചൊല്ലി" എന്നു കേരളോൽപ്പത്തിയിൽ പറഞ്ഞിരിക്കുന്നതുകൊണ്ട് അവർ ബർദേശാൻ സിദ്ധാന്തക്കാരായിരുന്നു എന്നൂഹിപ്പാൻ ന്യായമുണ്ട്. 40-ാം നോട്ടുനോക്കുക. അന്യദേശക്കാരൻ എന്നും തീൎത്ഥയാത്രക്കാരൻ, യാചകൻ എന്നും അൎത്ഥങ്ങൾ ആ വാക്കിനുണ്ട്. അവയിലൊന്നു മാത്രമാണുദ്ദേശിച്ചിരുന്നതെങ്കിൽ "എന്നു നാമംചൊല്ലി" എന്നു ചേൎക്കേണ്ട ആവശ്യമില്ലായിരുന്നു. ബർദേശായേ എന്ന ബാഗ്ദാദിലെ സുറിയാനി സംജ്ഞ പരദേശീയൻ എന്നായിത്തീരാനെളുപ്പമായിരുന്നു.

"പള്ളിവാണ"പെരുമാൾ, അതായത് ബുദ്ധമതപ്പള്ളിയിലൊ ക്രിസ്തുമതപ്പള്ളിയിലൊ വസിച്ച [43] കേരളരാജാവു ക്രിസ്ത്യാനിയായെന്ന് കപ്ളിങ്ങാട്ടുമനയ്ക്കലെ കേരളോൽപ്പത്തിയിൽനിന്നനുമാനിക്കാവുന്നതുപോലെതന്നേ, കോട്ടയംപട്ടണത്തിനും ചങ്ങനാശേരിപ്പട്ടണത്തിനും സമീപം വേമ്പനാട്ടുകായലോരത്തുള്ള നീലൻപേരൂർ എന്ന സ്ഥലത്തെ "പെരിഞ്ഞനത്തുപള്ളിയിൽ" ഭഗവതിക്ഷേത്രത്തിന്റെ മതിൽക്കുപുറത്തുള്ള പള്ളിവാണവരുടെ സമാധിസ്ഥലത്ത് കുരിശാകൃതിയിലുണ്ടാ



പള്ളിവാണ പെരുമാളുടെ ഓട്ടു പ്രതിമ. മാറത്തും ഒരു വടിയുടെ അററത്തും കുരിശ്. തലമുടിയുടെ കെട്ടും തലയിലെ തുണിയും വലത്തുവശത്തെ രൂപത്തിൽ കാണുന്നു. T. K. J.



യിരുന്ന മൂന്നുനിലമാളികെ ജീർണ്ണിച്ചുപോയതിൻെറ തറ ഏകദേശം 1888-ൽ കുഴിച്ചപ്പോൾ കിട്ടിയ ഒരു ചെറിയ ഓട്ടുപ്രതിമയുടെ. 44 മാററത്തുള്ള കുരിശിൽനിന്നും അനുമാനിക്കാം. മററു ഒരു കുരിശ്ശു് കുഴിയിൽ കണ്ടു.

രണ്ടു പള്ളിവാണവർമാരും ഒന്നാണെന്നു വേണം വിചാരിക്കാൻ. എന്തെന്നാൽ ഒരേ ഒരു പള്ളിവാണവരെപ്പററിയേ കേരളോൽപ്പത്തികളും മററും പറയുന്നുള്ളു. മാത്രമല്ല മുൻപുപറഞ്ഞ കുരിശാകൃതിയിലുള്ള മാളികയ്ക്കകത്തെ (അഥവാ ആ സ്ഥാനത്ത് ഏകദേശം കൊല്ലം 1068-ൽ(ക്രി. 1892-3) പകരം പണിയിച്ച ഓററനില മുറിയ്ക്കകത്തെ) ശവക്കല്ലറയ്ക്ക് രണ്ടു ഫർല്ലോങ്ങുവടക്ക് "തിരുവഞ്ചിക്കുളം" എന്നുപേരുള്ള ഒരു പറമ്പും അതിലൊരു പുരയുമുണ്ട്. ആ പറമ്പിൻെറ കരം ആണ്ടുതോറും വന്നു വാങ്ങിക്കുന്നത് കൊടുങ്ങല്ലൂർ തിരുവഞ്ചിക്കുളത്തെ കണക്കെഴുത്തുകാരനായ പള്ളിയിൽ മേനോനാണ്.

ബാഗ്ദാദിൽനിന്നുവന്ന ഒന്നുരണ്ടു മിഷ്യനറിമാരെ അയച്ചത് സെലിയൂഷ്യായിലെ ആദ്യത്തെ കാത്തോലിക്കോസായിരുന്ന പാപ്പാ (ക്രി. 280-328) എന്ന "വേദവാഴി" (മതാധികാരി)യായിരുന്നു എന്നു വിചാരിക്കാം. 315-ൽ സെലിയൂഷ്യായിൽക്കൂടിയ മെത്രാന്മാരുടെ സൂനഹദോസിൽവച്ചാണു പാപ്പാ എന്ന മെത്രാപ്പോലീത്തായ്ക്ക് ആ സ്ഥാനം കൊടുത്തത്. അന്ന്, അഥവാ 312-മുതൽ കോൺസ്റ്റൻറൈൻ എന്ന റോമാചക്രവർത്തി ക്രിസ്തുമതവിശ്വാസി ആയിരുന്നു. പാപ്പാകാത്തോലിക്കോസ് ആ ചക്രവർത്തിയുടെ ഒരെഴുത്തുവാങ്ങിച്ച് അതും കൊടുത്തായിരിക്കാം രണ്ടുപേരെ മാർഗ്ഗം പ്രസംഗിക്കാൻ പള്ളിവാണവരുടെ അടുക്കൽ അയച്ചത്. അന്ന് കൊടുങ്ങല്ലൂര് ഒരു മെത്രാൻ ഉണ്ടായിരുന്നോ എന്തോ; ക്രിസ്ത്യാനികൾ ഉണ്ടായിരുന്നിരിക്കാം. ഗ്രീക്കുകാരെയും റോമാക്കാരെയും ഇറാക്കുകാരെയും ഇറാൻകാരെയും അവർ കൊടുങ്ങല്ലൂർവച്ചു കണ്ടുകാണും. പെരുമാൾ ബൌദ്ധനായതുകൊണ്ടു അദ്ദേഹവും നമ്പൂതിരിമാരും തമ്മിൽ പിണങ്ങിക്കഴിയുന്ന വിവരം ആ വിദേശികൾ മുഖാന്തരം പാപ്പാ എന്ന കാത്തോലിക്കോസ് അറിഞ്ഞെന്നു വിചാരിക്കാം. അതുകൊണ്ടായിരിക്കണം 316-17-ൽ രണ്ടു ബാഗ്ദാദുമിഷ്യനറിമാരെ കൊടുങ്ങല്ലൂർക്കയച്ചത്.

ചക്രവൎത്തിയുടെ ലത്തീനെഴുത്തും അതിൻെറ സുറിയാനി തർജ്ജമയും വായിച്ച് അന്നത്തെ തമിഴിൽ പള്ളിവാണവരെ ധരിപ്പിപ്പാൻ വശമുള്ളവർ ആയിടയ്ക്കു കൊടുങ്ങല്ലൂരില്ലായിരുന്നു എന്നു വിചാരിച്ചുകൂടാ. ഏകദേശം 400-ൽ ഒരു ഗ്രീക്കുകാരൻ പണ്ഡിതൻ കൊടുങ്ങല്ലൂർവന്ന് ആറുവർഷം താമസിച്ച് അവിടത്തെ ആചാരമൎയ്യാദകളും കാലാവസ്ഥയും മണ്ണിൻെറ സ്ഥിതിയും പഠിച്ചെന്നു രേഖയുണ്ട്. ഒന്നാംശതകത്തിൽ കൊടുങ്ങല്ലൂർ മുതലായ കേരളഭാഗങ്ങൾ (പുറക്കാട്ടും നിരണത്തെ നാക്കിടയും–Barkare and Neakynda–വരെയെങ്കിലും) വന്നുകണ്ടു വിവരങ്ങൾ എഴുതിയ ഗ്രീക്കുകൃതി (Periplus)ഇന്നുമുണ്ട്. റോമാചക്രവൎത്തികളുടെ നാണയങ്ങൾ നിരണത്തുനിന്നും വടക്കൻപറവൂർനിന്നും കിട്ടിയിട്ടുണ്ട്. ക്രിസ്തു ജനിച്ചപ്പോൾ വാണിരുന്ന ഓഗസ്റ്റസ്സുചക്രവൎത്തിക്ക് (ക്രി. മു. 39–ക്രി. വ. 14) പാണ്ഡ്യരാജാവ് സമ്മാനങ്ങളയച്ചുകൊടുത്തു (ഏകദേശം ക്രി. മു. 25-ൽ). അന്നു പമ്പാനദിക്കുതെക്കുള്ള തിരുവിതാംകൂർ ഭാഗങ്ങൾ പാണ്ടിരാജാവിൻെറ വകയായിരുന്നു. ക്രിസ്തുവിൻെറ മരണത്തിനുശേഷം ശിഷ്യന്മാർ പ്രസംഗിച്ചു സഞ്ചരിക്കുന്ന കാലത്ത് ക്ലോഡിയസ്സുചക്രവൎത്തിയുടെ (ക്രി. 41–54) അടുക്കൽ സിലോൺരാജാവു ദൂതന്മാരെ അയച്ചു. പള്ളിവാണു കുരിശുധരിച്ചു പെരുമാളിൻെറ 317–343-ൽ വിശുദ്ധ അംബ്രോസ് (St. Ambrose of Milan, 333-397 A. D.) ഒരു കുട്ടിയായി ഇററലിയിൽ വളരുന്നു. പ്രായമായപ്പോൾ ഇദ്ദേഹം ബ്രാഹ്മണരുടെ ആചാരങ്ങളെപ്പററി എഴുതിയ (De Moribus Brachmanorun) പുസ്തകത്തിൽ കൊടുങ്ങല്ലൂർ ഗംഗയ്ക്കുപടിഞ്ഞാറുള്ള ഇൻഡ്യയിലെ വലിയ കച്ചവടകേന്ദ്രമാണെന്ന് പറഞ്ഞിട്ടുണ്ട്: "totius Indiae citra Gangem emporium". അദ്ദേഹം പള്ളിവാണക്രിസ്ത്യാനിപ്പെരുമാളിനെപ്പററി കേട്ടോ എന്തോ? കോൺസ്റ്റൻറയിൻ (306–337 A D) കേട്ടു എന്നു വിചാരിക്കാം. അദ്ദേഹം 312-ൽ ഒരു കുരിശ് ആകാശത്തുകണ്ടു; 326-ൽ അദ്ദേഹത്തിൻെറ അമ്മ (Helena) യറുശലേമിൽചെന്ന് ക്രിസ്തുവിൻെറ മരക്കുരിശു കണ്ടുപിടിച്ചു. 326-നുശേഷമായിരിക്കണം 44-ാം നോട്ടിൽ പറഞ്ഞ ആറു കുരിശുകൾ നീലൻപേരൂരിൽ [45] പള്ളിവാണവരുടെ കബറിങ്കലുണ്ടായത്. ബാ

ഗ്ദാദിൽനിന്നു വന്നവർ രണ്ടുപേരും അന്നുണ്ടായിരുന്നു എന്നു വിചാരിക്കാം.

പള്ളിവാണൻ കുരിശിട്ട ഈറപ്പെരുമാളായിരിക്കുമോ 336-7-ൽ കോൺസ്റ്റൻറയിൻചക്രവത്തിക്ക് കോൺസ്റ്റാൻറിനോപ്പിളിലേക്ക് രാജകുമാരൻെറ വിവാഹകാലത്ത് സമ്മാനങ്ങളും കൊടുത്ത് പ്രതിനിധികളെ അയച്ച രാജാക്കന്മാരിലൊരുവൻ? ചക്രവത്തിയുടെ സാമ്രാജ്യം കിഴക്കെഇൻഡ്യാ സമുദ്രംവരെയുണ്ടെന്നും, ഇൻഡ്യയിലെ രാജാക്കന്മാർ ചക്രവത്തിയുടെ ഛായച്ചിത്രങ്ങളും പ്രതിമകളും ഇൻഡ്യയിൽ സ്ഥാപിച്ചിട്ടുണ്ടെന്നും അവർ ചക്രവത്തിയെ അറിയിച്ചു. റോമാചക്രവത്തികളുടെ പ്രതിമകളെ പൂജിക്ക അക്കാലത്തും അതിനുമുൻപും നടപ്പായിരുന്നു. [46]

നമ്മുടെ പള്ളിവാണപെരുമാളിൻെറ കാലത്ത് (317-343) ആയിരുന്ന സെലിയൂഷ്യായിലെയും മററു പേർഷ്യൻ (=ഇറാൻ)പ്രദേശങ്ങളിലെയും നസ്രാണികളെ ("miserable Nazarenes," as Mihrsabur the chief of the Persian Magi called them in about 420 A. D.) രണ്ടാംസാപ്പോർ (Sapor II) രാജാവ് അതികഠിനമായി പീഡിപ്പിച്ചത്. ആ പീഡനം 339 മുതൽ 379 വരെ നീണ്ടുനിന്നു. 343-ലാണ് പള്ളിവാണവർ കൊടുങ്ങല്ലൂർ വിട്ട് നീലൻപേരൂർ പെരിഞ്ഞനത്തുപള്ളിയിൽ വന്നുവാണത് എന്നു വിചാരിച്ചാൽ, അതിനു മുൻപുതന്നേ പേർഷ്യയിൽനിന്നു നസ്രാണികൾ കുടിപുറപ്പെട്ട് കൊടുങ്ങല്ലൂരും നീലൻപേരൂരും വന്നു പെരുമാളെ മുഖം കാണിച്ച് കുടിയേററത്തിനുവേണ്ട സഹായം യാചിച്ചുകാണും. മാർപ്പാപ്പാ എന്ന കാത്തോലിക്കോസിൻെറ ഭരണം (പള്ളിവാണവർ മാർഗ്ഗം പൂകിയ ക്രി. 317-ൽ സെലിയൂഷ്യായിൽ വാണിരുന്ന ആളിൻേറത്) 328-ൽ അവസാനിച്ചു. പീഡനം തുടങ്ങിയപ്പോൾ മാർ ശിമൂനായിരുന്നു അവിടത്തെ കാത്തോലിക്കോസ്. അദ്ദേഹവും ഹനാനിയാ, പുസാക്ക്, മാർശിമൂൻെറ സഹോദരി തർബോ (Hanania, Pusak, Tarbo) മുതലായ അനേകം വലിയ ആളുകളും കൊല്ലപ്പെട്ടു. ഇറാൻ(പേർഷ്യാ) വിട്ടു നാലുഭാഗങ്ങളിലോട്ടും പല നസ്രാണികൾ ഓടി

പ്പോയി. അവരിൽ പലരും വടക്കുപടിഞ്ഞാറെ ഇൻഡ്യയിലും കേരളം ഉൾപ്പടെ നമ്മുടെ പടിഞ്ഞാറെ കടലോരപ്രദേശങ്ങളിലും വന്നുകാണും സംശയമില്ല. പീഡനം പേടിച്ചാണ് ക്നായിത്തൊമ്മനും കൂട്ടുകാരായ നസ്രാണികളും കൊടുങ്ങല്ലൂർ വന്നു കുടിയുറച്ച് "വടക്കുംഭാഗർ" എന്ന കേരളനസ്രാണിവർഗ്ഗം ആയതെന്ന് ഐതിഹ്യം പറയുന്നില്ല; ചെപ്പേടിൻെറ പറങ്കി തർജ്ജമയിലും പീഡന പ്രസ്താവമില്ല. അതുകൊണ്ട് ആ കുടിയേററവും മകോതൈയർ പട്ടണസ്ഥാപനവും പള്ളിവാണവരുടെയോ അദ്ദേഹത്തിൻെറ ഒരു പിൻവാഴിയുടെയോ കാലത്തല്ലായിരുന്നു. ക്രി. 8-ാംശതകത്തിനുമുൻപ് മകോതൈ(യർ)പട്ടണത്തിൻെറ കാര്യം [47] തമിഴകൃതികളിലും മററുരേഖകളിലും കാണുന്നില്ല.

ഈപ്പള്ളിവാണവർ ക്രിസ്ത്യാനിയായിരുന്ന കാലത്ത്, ക്രി. 325-ൽ ആയിരുന്നു സുപ്രസിദ്ധമായ സൂനഹദോസ് നിഖ്യാ (Nicea) യിൽകൂടി അരിയൂസ് (Arius) എന്ന പാഷണ്ഡികനെ ശപിച്ചത്. നമ്മുടെ ഇൻഡ്യയിൽനിന്ന് ഒരു മെത്രാനോ മറേറാ അതിൽ സംബന്ധിച്ചെന്നു സ്ഥാപിപ്പാൻ നിവൃത്തിയില്ല. നിഖ്യായിലെ തീരുമാനങ്ങൾ സെലിയൂഷ്യാപോലും പിന്നീടാണറിഞ്ഞത്. 410-ലെ ഇസഹാക്കിൻെറ സെലിയൂഷ്യാ സൂനഹദോസിലത്രേ ആ തീരുമാനങ്ങൾ അംഗീകരിക്കപ്പെട്ടത്. "പരെസിലെയും വലിയ ഇൻഡ്യയിലെയും" മാർ യോഹന്നാൻ എന്ന സുറിയാക്കാരൻമെത്രാൻ നിഖ്യാസൂനഹദോസിൽ ഉണ്ടായിരുന്നു. പരെസ് പേർഷ്യാ മുഴുവനായിരിക്കാനിടയില്ല; അത് തെക്കുപടിഞ്ഞാറെ പേർഷ്യയിലുണ്ടായിരുന്ന ഫാർസ് (Fars) ആയിരിക്കണം. സെലിയൂഷ്യായിലെ കാത്തോലിക്കോസായിരുന്നു അന്നു പേർഷ്യായിലെ സഭകളുടെ മേലധികാരി. ഫാർസിലെ മെത്രാൻ നിഖ്യായിൽചെന്നിട്ടും സെലിയൂഷ്യാ അവിടത്തെ തീരുമാനങ്ങൾ പില്ക്കാലത്തെ അറിഞ്ഞുള്ളു [48] എന്നതുകൊണ്ട് ഫാർസ് അന്നു സെലിയൂഷ്യായുടെ കീഴിലല്ലായിരുന്നു എന്നു വരുന്നു. 8-ാംശതകത്തിൽ തിമോത്തിയുടെ കാലത്തും (779-823), 7-ാംശതകത്തിൽ ഈശോയാബിൻെറ കാലത്തും (650-660) ഫാർസുകാർ സെലിയൂഷ്യാ

യോട്ട പിണങ്ങിയാണ് നിന്നത്. കാരണം മാർത്തോമ്മാശ്ലീഹാ തന്നേയാണ് അവരുടെ സഭ സ്ഥാപിച്ചത്. സെലിയൂഷ്യാ സഭ ശ്ലീഹായികമല്ല, പിന്നെയുണ്ടായതാണ് എന്നുള്ളതായിരുന്നു. See Mingana's Early spread of Christianity in India. 1926, pp 35-36, 31, 64. ഫാർസിലെമെത്രാൻെറ ഭരണത്തിൽ പേർഷ്യായുടെ കടലോരപ്രദേശവും സിന്ധുനദിപ്രദേശവും തെക്കെഅറേബിയായും മററും ഉണ്ടായിരുന്നെന്നു തോന്നുന്നു.

പേർഷ്യാസാമ്രാജ്യത്തിൻെറ അതിർത്തി (പടിഞ്ഞാറെഅതിര്) മുതൽ കലാ (Kalah) വരെയുള്ള "ഇൻഡ്യാ" ഫാർസു മെത്രാൻെറ അധീനതയിലായിരുന്നു എന്ന് ഈശോയാബ് (650-60) പറയുന്നു. അന്ന് അറേബിയായും മേദിയായുംകൂട്ടത്ത പ്രദേശവും നമ്മുടെ ഇൻഡ്യായും ഇൻഡ്യാ എന്നു പേർപെട്ടിരുന്നു. [49] നിഖ്യാസൂനഹദോസിൽ ക്രി. 325-ൽ സംബന്ധിച്ച മാർയോഹന്നാൻെറ കീഴിൽ ഉണ്ടായിരുന്ന "വലിയഇൻഡ്യാ" (Great India) അറേബ്യായുടെ തെക്കുഭാഗം ആയിരുന്നു എന്നു തോന്നുന്നു. ആ ഭാഗം അത്ര വലുതല്ലെങ്കിലും അതിനു "വലിയ" (magna) എന്ന വിശേഷണം നാലാംശതകത്തിലെ ലത്തീൻചരിത്രകാരനായ Ammianus Marcellinus പ്രയോഗിച്ചിട്ടുണ്ട്. മാർയോഹന്നാൻെറയും യേശുയാബിൻെറയും ശതകങ്ങളിൽ (4, 7) ഫാർസിൻെറ കീഴിൽ ഇൻഡ്യായുടെ വടക്കെ ഭാഗവും, സെലിയൂഷ്യായുടെ കീഴിൽ ഇൻഡ്യയുടെ ദക്ഷിണഭാഗവും ഉൾപ്പെട്ടിരുന്നു എന്നു വിചാരിക്കാം.

ക്രി. 325-ൽ നിഖ്യായിൽകൂടിയ മെത്രാന്മാർ ശപിച്ചുതള്ളിയ അരിയൂസിൻെറ അബദ്ധസിദ്ധാന്തം നമ്മുടെ ഇൻഡ്യയുടെ വടക്കുപടിഞ്ഞാറുഭാഗത്തെങ്കിലും വന്നുകാണും. ആ സിദ്ധാന്തമടങ്ങിയ പാട്ടുകൾ അക്കാലത്തെ കപ്പൽക്കാരെയും കൂലിവേലക്കാരെയും മററും പഠിപ്പിച്ച് അവർ മുഖാന്തരവും അരിയൂസും കൂട്ടരും അതു സർവ്വത്ര പ്രചരിപ്പിച്ചുവന്നു. കോൺസ്റ്റാൻഷസ്സുചക്രവർത്തി അരിയൂസീയനായി; അതിനുമുൻപ് പക്ഷേ കോൺസ്റ്റൻറയിനും അരിയൂസീയത്തെ അനുകൂലിച്ചു; ചരിത്രകാരനായ എവുസേബിയോസും അരിയൂസീയനായി. ജെറോം പറ

യുന്നത് ലോകം മുഴുവൻ അരിയൂസിന്റെ പാഷണ്ഡസിദ്ധാന്തം പ്രചരിപ്പിച്ചുന്നാണ്. [50]

കോൺസ്റ്റന്റയിന്റെ കാലത്ത് Dibous കാരനായ തേയോഫിലോസ് എന്ന "ഇൻഡ്യൻ" നിക്കൊമെഡിയാ (Nicomedia) യിൽ ഒരു ഡീക്കൻ (Deacon) ആയിരുന്നു. അയാൾ അരിയൂസിന്റെ പാഷണ്ഡതയിൽ തീക്ഷ്ണതയോടെ വിശ്വസിച്ചിരുന്നു. തിയോഫിലോസിന്റെ സ്വദേശമായ Dibous നമ്മുടെ ഇൻഡ്യാ [51] യിലല്ലായിരുന്നെന്നു വിചാരിക്കാം. തെയോഫിലോസ് ബ്ലെമ്മിയാൻ (Blemmyan) ആണെന്നും പ്രാചീന രേഖകളിൽ കാണുന്നു. (See Priaulx's Appollonius of Tyana, 1873). അന്നു ബ്ലെമ്മിയാന്മാർ ഐത്യോപ്യാപ്രദേശത്തും അറേബ്യായിലും ആയിരുന്നു. ആ പ്രദേശങ്ങൾക്കും അക്കാലത്ത് ഇൻഡ്യാ എന്ന പേരുണ്ടായിരുന്നു. 49-ാംനോട്ടു കാൺക.

ഈ തെയോഫിലോസിനെ കോൺസ്റ്റാൻഷസ്സ്ചക്രവർത്തി അരിയൂസിന്റെ സിദ്ധാന്തം പ്രചരിപ്പിക്കുന്നതിന് ഏകദേശം 354-ൽ കിഴക്കോട്ടയച്ചു. അയാൾ സ്വന്തദേശത്തും ഇൻഡ്യയുടെ മററുഭാഗങ്ങളിലും (other parts of India)(തെക്കെ അറേബ്യായിലും മററും) പോയി അരിയൂസീയ സിദ്ധാന്തം പ്രചരിപ്പിക്കയുംചെയ്തു. തെക്കെഅറേബ്യായിൽ 4 പള്ളികൾ പണിയിച്ച് അതിൽ 4 മെത്രന്മാരെ സ്ഥാപിക്കയും, അവിടത്തെ ഹിമ്യാർജാതിക്കാരുടെ (Himyarites) രാജാവിനെ ആ മിഷ്യനറി (അരിയൂസീയ)ക്രിസ്ത്യാനി ആക്കുകയും ചെയ്തു.

തെയോഫിലോസിന്റെ ഇൻഡ്യയിലെ Dibous (ദ്വീപ്) സിലോൺ ദ്വീപാണ്, മലയാദ്വീപാണ്, സൊക്കോട്രാ ദ്വീപാണ് എന്നൂഹിക്കുന്നവരുണ്ട്. ലക്ഷദ്വീപോ അറബിക്കടലിലെ മററു വല്ല ദ്വീപോ ആണെന്നും ഊഹിക്കാം. ഇപ്പറഞ്ഞവയെല്ലാം ഇൻഡ്യയുടെ അടുക്കലാണല്ലോ. എന്നാൽ Dibous പോലുള്ള ഒരു സ്ഥലനാമം എത്യോപ്യയിലുണ്ടായിരുന്നെന്നു കണ്ടുപിടിച്ചാൽ "ഇൻഡ്യനായ തെയോഫിലോസ്" (Theophilus the Indian) എത്യോപ്യക്കാരനായിരുന്നു എന്നു

ഹിക്കാം. അവിടെ Jibuti എന്ന സ്ഥലമുണ്ട്. എത്യോപ്യക്കാരെയും അന്നു സുറിയാനി ഗ്രന്ഥകാരന്മാരും മററും ഇൻഡ്യന്മാരെന്നായിരുന്നു വിളിച്ചത്. തെയോഫിലോസ് ഇൻഡ്യയുടെ (=എത്യോപ്യായുടെ എന്നിരിക്കട്ടെ) മററുഭാഗങ്ങളിലേക്ക് കപ്പലിൽപോയി (sailed to other parts of India) എന്നാണ് പറഞ്ഞിരിക്കുന്നത്. അക്കാലത്ത് എത്യോപ്യാക്കാർ ഇൻഡ്യന്മാരാണെന്ന് എഡേസായിലെ അഫ്രഹാത്തുമെത്രാൻ (275-340) പറഞ്ഞു. ഈജിപ്തിന്റെയും എത്യോപ്യയുടെയും തുടർച്ചയായി (കിഴക്കോട്ട്) കിടക്കുന്ന വിസ്തീർണ്ണപ്രദേശം (നമ്മുടെ ഇൻഡ്യാ ഉൾപ്പടെ) ഇൻഡ്യാ ആണെന്ന് Itinerarium Alexandri (അലക്സാണ്ടർ രാജാവിന്റെ പ്രയാണം) എന്ന ലത്തീൻകൃതി 345-ൽ പറഞ്ഞു. അതുകൊണ്ട് "ഇൻഡ്യയുടെ മററുഭാഗങ്ങൾ" നമ്മുടെ ഇൻഡ്യയിൽ തന്നേ ആയിരുന്നു എന്നു വരണമെന്നില്ല. അദ്ദേഹം ബ്ലെമ്മിയാനായിരുന്നു.

ഈ തെയോഫിലോസിന്റെ കാലത്താണ് പില്ക്കാലത്ത് (356-ൽ) എത്യോപ്യയിലെയും തെക്കെഅറേബ്യായിലെയും മെത്രാനായി എത്യോപ്യായുടെ തലസ്ഥാനത്ത് (Aksum, Auxum-ൽ) വാണ ഫ്രുമെൻഷസ്സ് (St. Frumentius) എത്യോപ്യായിലെ റാണിയുടെ ഒരു ഉദ്യോഗസ്ഥനായിരിക്കയും അവിടെയും അറേബ്യായിലും ക്രിസ്തുമതം പ്രചരിപ്പിക്കയും ചെയ്തത്. തെയോഫിലോസും ഫ്രുമെൻഷസ്സും തമ്മിൽ ഇണങ്ങിയോ പിണങ്ങിയോ മതപ്രചരണം ചെയ്തതെന്നു നിശ്ചയിപ്പാൻ നിവൃത്തിയില്ല. രണ്ടു ഭാഗങ്ങളിലായിരുന്നിരിക്കാം അവരുടെ പ്രവർത്തനം. ഫ്രുമെൻഷസ്സിന്റെ കൂടെയുണ്ടായിരുന്ന എഡേസിയസ്സെന്ന സഹോദരൻ (രണ്ടുപേരും ഫിനിഷ്യയിലെ ററയർ-Tyre-പട്ടണക്കാരായിരുന്നു) റുഫീനുസെന്ന ലത്തീൻചരിത്രകാരനോട് (Rufinus of Aquileia, 345-410) അവരുടെ അറേബ്യാ-എത്യോപ്യാ വാസത്തെപ്പററി പറഞ്ഞപ്പോൾ അറേബ്യായുടെ തെക്കെഭാഗത്തിന് "എത്യോപ്യായോടു ചേർന്ന ഇങ്ങെ ഇൻഡ്യ" എന്നും അതിനു വടക്കെഭാഗത്തിനു അങ്ങെ ഇൻഡ്യാ എന്നുമാകുന്ന പേരു പറഞ്ഞത്. (Citerior India adherent to Ethiopia, and Ulterior India-see note 49)

ഈ നാലാംശതകത്തിന്റെ ഉത്തരാർദ്ധത്തിൽ (ഏകദേശം 350–390) യോനാൻ എന്നും സാദോയി (hermits Yonan and Zadoi of the monastery of St. Thomas in India, in the Black Island south of Baith Katraye, the country of the Katars on the east coast of Arabia) എന്നും പേരുള്ള രണ്ടു ക്രിസ്ത്യാനി സന്യാസിമാർ (റമ്പാന്മാർ) "ഇൻഡ്യയിലെ മാർത്തോമ്മാദയറാ" എന്ന ആശ്രമത്തിൽ 200 സന്യാസികളുടെ കൂട്ടത്തിൽ പാർത്തിരുന്നെന്ന് രക്തസാക്ഷികളുടെ പ്രവൃത്തികൾ (Acta Martyrum) എന്ന സുറിയാനികൃതി പറയുന്നു. ആ സന്യാസികളുടെ പേരുകൾ അറബിയും പേർഷ്യനുമാണ്. ആശ്രമത്തിനടുക്കൽ ഒരു യൂദക്കുടിയുണ്ടായിരുന്നു.

കറുത്ത ദ്വീപിലായിരുന്നു ആ ദയറാ; അവിടെ ഒരു മെത്രാനും ഉണ്ടായിരുന്നു. ആ ദ്വീപ് കത്രായക്കാരുടെ ദേശത്തിനു തെക്കായിരുന്നു. ആ ദേശത്തിന് കത്താർ (Katar) എന്നാണ് ഇന്നും പേര്. അത് അറേബ്യായുടെ കിഴക്കെതീരത്താണല്ലോ. അതിനു തെക്ക് ഓമൻ (Oman) ദേശത്തോട്ട് പേർഷ്യൻ ഉൾക്കടലിൽക്കൂടെ പോകുന്ന വഴിക്ക് Bahr el Benat ദ്വീപുകളുണ്ട്. അവയിലൊന്നായിരിക്കണം ആ സന്യാസിമാരുടെ മാർത്തോമ്മാ ദയറാ ഇരുന്ന കറുത്ത ദ്വീപ്. അത് ഇൻഡ്യയിലാണെന്ന് പുസ്തകമെഴുതിയ ആൾ പറഞ്ഞിട്ടില്ല. ചുവന്ന മഷിയിൽ ചില തലവാചകങ്ങൾ എഴുതിയ ഒരു പകർപ്പെഴുത്തുകാരനാണ് "ഇൻഡ്യായിലെ" മാർത്തോമ്മാ ദയറാ എന്നെഴുതിയത് എന്നറിയേണ്ടതാണ്. ദയറാ നമ്മുടെ ഇൻഡ്യയിലൊരിടത്തായിരുന്നെങ്കിൽ അത് കത്താർദേശത്തിനു തെക്കെന്നു പറവാൻ ന്യായമില്ല.

മറ്റുചില വിശേഷങ്ങൾ ഗ്രന്ഥകർത്താവു പറഞ്ഞിട്ടുള്ളത് ഇങ്ങനെയാകുന്നു:—(1) അടുത്ത ഒരു പട്ടണമായ Milon-ലെ ആളുകൾ മുത്തിനു മുങ്ങുന്നവരാണ്. [52] (പേർഷ്യൻഉൾക്കടലിലും മുത്തിനു മുങ്ങാറുണ്ടായിരുന്നു). (2) ആ ദ്വീപിൽ മുന്തിരിങ്ങാ ഇല്ലായിരുന്നു; അവിടെ ഈന്തൽപ്പഴവും (ഈന്തൽ)പ്പനയും ധാരാളം. മുന്തിരിങ്ങാ ഇല്ലാഞ്ഞതുകൊണ്ട് പേർഷ്യായിൽനിന്നാണു വീഞ്ഞുകൊണ്ടുവന്നത്. (3) ദ്വീപിന്റെതീരത്ത് വളരെ വലിയ ഞണ്ടുകളുണ്ടായിരുന്നു. ഇതെല്ലാം ചേർത്താലോചി

ച്ചാൽ അറേബ്യയായിലെ കത്താറിനു തെക്കുണ്ടായിരുന്ന മേല്പറഞ്ഞ കരിന്ദ്വീപ് സിലോണാണെന്നും മയിലാർപ്പൂരാണെന്നും പറവാൻ ന്യായം കാണുന്നില്ല. [53]

നാലാംശതകത്തിൽതന്നേ മാർ അപ്രേം (373–ൽ മരണം) ശ്ലീഹായെപ്പററി സുറിയാനിപ്പാട്ടുകളുണ്ടാക്കി. സുറിയാനിപ്രക്സിസിനെ ആധാരമാക്കിയാണ് മിക്കഭാഗവും എഴുതിയത്. അസ്ഥികൾ എഡേസായിൽ കൊണ്ടുവന്ന വിവരവും അവിടെ പള്ളിപണിയിച്ചതും ദുക്രാനാപ്പെരുനാൾ കൊണ്ടാടിവന്നതും പാട്ടുകളിൽ പറഞ്ഞിട്ടുണ്ട്. കണ്ടാലും ഇൻഡ്യായിൽ നിന്റെ അത്ഭുതങ്ങൾ, ഞങ്ങളുടെ നാട്ടിൽ (എഡേസായിലും മറ്റും)നിന്റെ വിജയം, എല്ലായിടത്തും (ഇത് അതിശയോക്തി) നിന്റെ പെരുനാൾ, സൂര്യൻകരിച്ച (മനുഷ്യരെ കറുപ്പിച്ച) ഇൻഡ്യായെ നീ അഴകിയതാക്കിയിരിക്കുന്നു എന്നിങ്ങനെ വർത്തമാനകാലത്തിലാണ് ക്രിയകൾ ആ ഗായകൻ പ്രയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് മാത്രം മാർഅപ്രേമിന്റെ കാലത്ത് ഇൻഡ്യയിൽ ശ്ലീഹാമുഖാന്തരം അത്ഭുതങ്ങൾ നടക്കുന്നുണ്ടായിരുന്നെന്നു തീർച്ചപ്പെടുത്താൻന്യായമില്ല. "ഒരുകച്ചവടക്കാരൻനിന്റെ അസ്ഥികൾ കൊണ്ടുവരുന്നു" [54] എന്ന പ്രസ്താവത്തിലും വർത്തമാനകാലമാണ് പ്രയോഗിച്ചിരിക്കുന്നത്. പാട്ടുണ്ടാക്കുന്നതിന് ഏകദേശം നൂറുവർഷം മുൻപാണല്ലോ അസ്ഥികൾ എഡേസായിൽ കൊണ്ടുചെന്നത്. 200 വർഷം കഴിഞ്ഞിട്ട് തിയോഡോർ കണ്ടെന്ന് ഗ്രിഗറി രേഖപ്പെടുത്തിയ മാത്തോമ്മാപ്പള്ളിയും ദയറായും (53–ാം നോട്ടുകാണുക) മാർഅപ്രേം പാടിയപ്പോൾ വടക്കുപടിഞ്ഞാറെ ഇൻഡ്യയിലുണ്ടായിരുന്നോ എന്തോ?

---

# നാലാംഅദ്ധ്യായം

5-6–ാം ശതകങ്ങൾ

അഞ്ചാംശതകത്തിൽ, ക്രി. 425–ൽ, ഈശോദാദെന്ന ഗ്രന്ഥകാരൻ വിശുദ്ധ പൌലോസ് റോമാക്കാർക്കെഴുതിയ ലേഖനത്തിന്നെഴുതിയ സുറിയാനിവ്യാഖ്യാനത്തിന്റെ അവസാനത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "ഇൻഡ്യനായ ദാനിയേൽ

കശ്ശീശായുടെ സഹായത്തോടുകൂടെ മാർ കോമായി (Komai) ഈ ലേഖനം ഗ്രീക്കിൽനിന്ന് സുറിയാനിയിലേക്ക തർജ്ജമചെയ്തു." അതിനുമുൻപുണ്ടായിരുന്ന സുറിയാനിപരിഭാഷ അത്ര ശരിയായിട്ടില്ലെന്നു കണ്ടതുകൊണ്ടായിരിക്കണം പുതിയ തർജ്ജമയുണ്ടാക്കിയത്. റവറൻഡ് ദാനിയേൽ വിശേഷാൽ നല്ല ഗ്രീക്കപണ്ഡിതനായിരുന്നിരിക്കണം. അങ്ങനെ ഗ്രീക്കിൽ വിശേഷാൽ പാണ്ഡിത്യവും സുറിയാനിജ്ഞാനവും ഉള്ള കശ്ശീശാ (കത്തനാർ, പുരോഹിതൻ) ഏതിൻഡ്യാക്കാരനായിരുന്നു? ആദ്യശതകങ്ങളിൽ വടക്കുപടിഞ്ഞാറെ ഇൻഡ്യായിൽ ഗ്രീക്കുകാർ ഭരിച്ചിരുന്നു; സുറിയാനിഭാഷയും അവിടെ നടപ്പുണ്ടായിരുന്നു. ഒരു സുറിയാനി (ആരാമായിക) ശിലാലിഖിതം[55] അവിടെനിന്നു കണ്ടുകിട്ടിയ വിവരം 34-ാം നോട്ടിൽപറഞ്ഞല്ലോ. അതുകൊണ്ട് നല്ല ഒരു ഗ്രീക്കു-സുറിയാനി പണ്ഡിതൻ വടക്കുപടിഞ്ഞാറെ ഇൻഡ്യയിലുണ്ടായിരുന്നിരിക്കാനിടയുണ്ട്. അതിനാൽ പണ്ഡിതനായ ആ കശ്ശീശാ വടക്കുപടിഞ്ഞാറെ ഇൻഡ്യാക്കാരനായിരുന്നു എന്നു വാദിക്കാം. ഐത്യോപ്യരും അറബികളും അക്കാലത്ത് ഇൻഡ്യന്മാരെന്നു വിളിക്കപ്പെട്ടുവന്നെങ്കിലും ആ രണ്ടു പ്രദേശങ്ങളിൽ ഗ്രീക്കുംസുറിയാനിയും അത്ര പ്രബലമല്ലായിരുന്നു.

വേറൊരു വാദവും ആകാം. ഈജിപ്റ്റും ഐത്യോപ്യായും മുതൽ കിഴക്കോട്ടുള്ള ദേശം, അറേബിയായും പേർഷ്യയുടെ തെക്കുഭാഗവും ബലൂചിസ്ഥാനും നമ്മുടെ ഇൻഡ്യയും എല്ലാം 4-ാംശതകത്തിൽ ഇൻഡ്യാ ആയിരുന്നു എന്നു മുൻപുപറഞ്ഞല്ലോ (51-ാംനോട്ട്). തെക്കുപടിഞ്ഞാറെ പേർഷ്യയിലെ കർമ്മാനിയായിലും ബലാറായിലും പാർത്തിരുന്നവർ 3-ാംശതകത്തിൽ ഇൻഡ്യന്മാരെന്നു വിളിക്കപ്പെട്ടുവന്നെന്ന് 52-ാംനോട്ടിൽ പറഞ്ഞു. മെസൊപ്പൊട്ടേമിയാ (ഇന്നത്തെ ഇറാക്ക്) ഇൻഡ്യയിലുൾപ്പെട്ടതാണെന്ന് ചില സുറിയാനി ഗ്രന്ഥകാരന്മാർ പറഞ്ഞിട്ടുണ്ട്. "Mesopotamia, sometimes included in India by Syrian writers", says Fr. H. Hosten in Journal of the Asiatic Society of Bengal (new series) Vol XIX, 1923, p. 167, note 1. ഇൻഡ്യാകൾ മൂന്നുള്ളതിൽ രണ്ടാമത്തേത് മേദിയായെ തൊട്ടുകിടക്കുന്നു എന്ന് (49-ാം നോട്ട്) ചരിത്രകാരർ പറയുന്നെന്ന് ഏകദേശം ക്രി. 600-ൽ

അബ്ബ്ലിയാസ് പറഞ്ഞു. അതുകൊണ്ടു ദാനിയേൽകശ്ശീശാ എന്ന ഇൻഡ്യൻ മേദിയായോടു തൊട്ടുകിടന്ന ഇൻഡ്യയിലെ ഒരു ഗ്രീക്കു-സുറിയാനി പണ്ഡിതനായിരുന്നു എന്നുവരാം.

അന്ത്യോക്യായിലും മററു പശ്ചിമസുറിയാനിപ്രദേശങ്ങളിലും ക്രിസ്തുവിൻെറ കാലത്തും പിന്നീടും ഗ്രീക്കും സുറിയാനിയും പ്രബലഭാഷകളായിരുന്നു. ആ ഭാഗങ്ങൾ റോമാസാമ്രാജ്യത്തിലുൾപ്പെട്ടവ. എന്നാൽ ആ സാമ്രാജ്യവും പേർഷ്യാസാമ്രാജ്യവും തമ്മിലുണ്ടായ യുദ്ധങ്ങളിൽ അന്ത്യോക്യാ മുതലായ പശ്ചിമ സുറിയാനി പ്രദേശങ്ങളിൽനിന്ന് വളരെവളരെപ്പേരെ പിടിച്ചുകൊണ്ടുവന്ന് പേർഷ്യായിൽ സ്ഥിരമായി പാർപ്പിച്ചു.
56 540-ൽ കൊണ്ടുവന്നവക്ക് (47-ാംനോട്ട്) ഒരു "പുതിയ അന്ത്യോക്യാ" സ്ഥാപിച്ചുകൊടുക്കയുമുണ്ടായി.

ഈ ദാനിയേൽകശ്ശീശാ എന്ന ഇൻഡ്യൻ നമ്മുടെ ഇൻഡ്യയിലെ ആളായിരുന്നു എന്നാകുന്നു ഡോക്ടർ മിംഗാനായുടെ നിഗമനം. See his Early Spread of Christianity in India, 1926, pp 27-28. എന്നാൽ പ്രാചീന വ്യാജഇൻഡ്യാകളെപ്പററി അദ്ദേഹം ആപുസ്തകത്തിൽ (11-14-ാംപുറത്തുംമററും) ചർച്ച ചെയ്തിരിക്കുന്നതിൽനിന്നനുമാനിക്കേണ്ടത് എത്യോപ്യായും തെക്കെഅറേബ്യായും മാത്രമേ വ്യാജഇൻഡ്യാകളായിരുന്നുള്ളു എന്നായിരുന്നു അദ്ദേഹത്തിൻെറ ബോധം എന്നാണ്. പേർഷ്യയിലും വ്യാജഇൻഡ്യാ ഉണ്ടായിരുന്നെന്ന് നാം കണ്ടല്ലൊ. 52-ാം നോട്ടുനോക്കുക. (442-3-ൽ എഡേസായിലെ മാർത്തോമ്മാസ്ഥികൾ ഒരു വെള്ളിപ്പെട്ടിയിലാക്കി.)

പിന്നെ ഏകദേശം 470-ൽ ഫാർസിലെ റിവർദാശിർ പട്ടണത്തിൽ (തെക്കുപടിഞ്ഞാറെ പേർഷ്യയിൽ) മെത്രാനായിരുന്ന മാനാ അവിടത്തെ പാലവിഭാഷയിൽ ഉണ്ടാക്കിയ മതസംബന്ധമായ പ്രബന്ധങ്ങളും പലതരം പാട്ടുകളും (canticles and hymns) മാത്രമല്ല ഗ്രീക്കിൽനിന്നു സുറിയാനിയിൽ തർജ്ജമ ചെയ്ത ചില കൃതികളും (the works of Diodore and Theodore of Mopsuetia) എല്ലാം ഇൻഡ്യായിലേക്കയച്ചു എന്നു കാണുന്നു. പാലവിയും സുറിയാനിയും അറിയാവുന്നവരുണ്ടായിരുന്ന ആ ഇൻഡ്യാ പേർഷ്യയുടെ മറെറാരു ഭാഗം (മുൻപുപറഞ്ഞ 425_ലെ ദാനിയേൽകശ്ശീശാ എന്ന

പണ്ഡിതന്റെ സ്ഥലമോ മറേറാ) ആയിരിക്കാം. അല്ലെങ്കിൽ തെക്കെ അറേബ്യാ (350-390-റിലെ മുൻപുപറഞ്ഞ യോനാന്റെയും സാദോയിയുടെയും ആശ്രമം) ആയിരിക്കാം. അതുമല്ലെങ്കിൽ വടക്കുപടിഞ്ഞാറെ ഇൻഡ്യാ ആയിരിക്കാം.

വടക്കുപടിഞ്ഞാറെ ഇൻഡ്യയിൽ-പിന്നീട് ഏകദേശം 550-ൽ തിയൊഡോർ ചെന്നു കണ്ട വലിയ മാർത്തോമ്മാപ്പള്ളിയും ആശ്രമവും ഉണ്ടായിരുന്ന കലമിന (Kalawan) പ്രദേശത്ത്-ഈ അഞ്ചാംശതകത്തിൽ മെത്രാസനമോ ക്രിസ്ത്യാനികളോ പള്ളിയോ ആശ്രമമോ ഉണ്ടായിരുന്നെന്നു പറയുന്ന പ്രമാണരേഖയില്ലെങ്കിലും ക്രി. 420-ൽ ബലൂചിസ്ഥാനിലും, 424, 486, 497 എന്നീ ആണ്ടുകളിൽ അഫ്ഘാനിസ്ഥാനിലും അയലത്തും മെത്രാന്മാരുണ്ടായിരുന്നു എന്നു തീർച്ചയാണ്.[57] ആയിടയ്ക്കോ ആറാംശതകത്തിന്റെ പൂർവാർദ്ധത്തിലോ ബലൂചിസ്ഥാന്റെ പടിഞ്ഞാറെ അയലത്ത് സന്ദരുക്കിൽ മുൻപേതന്നേ ഉണ്ടായിരുന്ന മാർത്തോമ്മായുടെ ആസ്ഥാനം (മാർത്തോമ്മാ നസ്രാണികളുടെ ഒരു മെത്രാന്റെ ആസ്ഥാനപ്പള്ളി) അന്നും ഉണ്ടായിരുന്നെന്ന് (there is there still the see of St. Thomas at Sandaruk) പാസിയോ (Passio Thomae) എന്ന ലത്തീൻകൃതിയുടെ കർത്താവു പറയുന്നു എന്നതും ഇവിടെ ഓർമ്മിക്കണം. ക്രി. 450-550-ലാണ് അതെഴുതിയത്. അഞ്ചാംശതകം മുതലാണ് മാർപ്പാപ്പാ കിഴക്കൻസഭകളുടെമേൽ ആധിപത്യം അവകാശപ്പെട്ടത്.[58] അക്കാലം മുതൽ പാസിയോയുടെ കർത്താവും 6-ാംശതകത്തിലെ തിയൊഡോറും മററു പാശ്ചാത്യരും ഇൻഡ്യായിലെ സഭകളെപ്പററി അന്വേഷിച്ചു വിവരങ്ങളറിഞ്ഞുകൊണ്ടിരുന്നു എന്നു തോന്നുന്നു. സിന്ധുനദീപ്രദേശത്തും അതിന്നടുത്തു പടിഞ്ഞാറും ഉള്ള ക്രിസ്ത്യാനികളെപ്പററി മാത്രമേ അവക്കറിവു കിട്ടിയുള്ളു എന്നു വരാം.

* * *

ഇനി ആറാംശതകത്തിലേക്കു നാം പ്രവേശിക്കുന്നു. ഏകദേശം 520-ൽ എഴുതിയ സുറിയാനിപ്പുസ്തകമായ മാരിയുടെ പ്രവൃത്തികൾ (Acts of Mari) തോമ്മാശ്ലീഹാ എഡേസായിലേക്കയച്ച അദ്ദായി, ശ്ലീഹായുടെ (=തദ്ദായി, Thaddaeus, Addaeus, Addai) ശിഷ്യനായ മാരിയുടെ ഒന്നാംശതകത്തിലെ

മിഷ്യനറി പ്രവൎത്തനങ്ങളെപ്പററി പറയുന്നുണ്ട്. ഹുസായക്കാരുടെ ദേശത്ത് (Baith Huzaye), അതായത് പേർഷ്യൻഉൾക്കടലിന്റെ വടക്കുള്ള കുസിസ്ഥാനിൽ Khuzistan), (എഡേസായിൽനിന്നു) വന്ന ക്രിസ്തുവിനെപ്പററി പ്രസംഗിച്ചശേഷം (ഒന്നാംശതകത്തിൽ) മാരി താഴെ തെക്കൻപ്രദേശങ്ങളിലേക്കു പോയി. അപ്പോൾ മാൎത്തോമ്മാശ്ലീഹായുടെ സൌരഭ്യം വന്നെത്തി. [59] കുസിസ്ഥാനിൽ ക്രി. 225-ൽ ഒരു മെത്രാനുണ്ടായിരുന്നെന്നു രേഖയുണ്ട്; മുൻപും ഉണ്ടായിരുന്നിരിക്കാം. സൌരഭ്യം എന്നു പറഞ്ഞത് തോമ്മാശ്ലീഹാ ഇൻഡ്യയിൽ (കലമിനയിൽ) രക്തസാക്ഷിയായി മരിച്ചു എന്ന സൌരഭ്യമുള്ള വാൎത്ത ആയിരിക്കണം. ആ വാൎത്ത മാരിയോടു പറഞ്ഞത്, തോമ്മാശ്ലീഹയാണു തങ്ങളുടെ സഭ സ്ഥാപിച്ചതെന്നു വാദിച്ചുവന്ന ഫാർസിലെ നസ്രാണികൾ, "പരെസുവായക്കാർ," ആയിരിക്കണം. മാരിയുടെ ഗുരുവിന്റെ ഗുരുവായിരുന്നല്ലോ തോമ്മാശ്ലീഹാ. കുസിസ്ഥാനിൽനിന്നു താഴെയോട്ട് ഫാർസിന്റെ വടക്കെ അതിരുവരെ മാർ മാരി മാൎഗ്ഗമറിയിച്ചു എന്നു വിചാരിക്കാം. അവിടംമുതൽ സിന്ധുപ്രദേശംവരെ മാൎത്തോമ്മായുടെ നസ്രാണികളുടെ പ്രദേശമായിരുന്നു.

ശ്ലീഹാ കുശായക്കാരോടു പ്രസംഗിച്ചെന്ന് ചില രേഖകൾ പറയുന്നുണ്ട്. അവർ കുസിസ്ഥാൻകാരോ (Khusistan), കുശ് (Kush) എന്ന എത്യോപ്യരോ അല്ല, മ്ഗുശായക്കാർ (Magi of Persia) എന്ന പേർഷ്യയിലെ പുരോഹിതവൎഗ്ഗം (3 മ്ഗുശേന്മാർ ശിശുവായ യേശുവിനെ ചെന്നുകണ്ടു കാഴ്ച വച്ചല്ലോ; ആയിരുന്നു എന്നു തോന്നുന്നു. പരെസുവായക്കാരോടു ശ്ലീഹാ പ്രസംഗിച്ചു. അവർ ഫാർസുകാരും വടക്കുപടിഞ്ഞാറെ ഇൻഡ്യയിലെ പാൎത്ഥിയരും പേർഷ്യരും ആയിരിക്കണം.

മാരിയുടെ പ്രവൃത്തികളെ ഏകദേശം 520-ൽ വിവരിച്ചത് ഐതിഹ്യത്തെയോ മുൻപെഴുതിയ രേഖകളെയോ ആസ്പദമാക്കിയായിരിക്കാം. ആ ഗ്രന്ഥകാരന്റെ കാലത്തും കുസിസ്ഥാനിലും ഫാർസിലും ക്രിസ്ത്യാനികളുണ്ടായിരുന്നു എന്നൂഹിക്കാം. മാത്രമല്ല ശ്ലീഹാ മരിച്ച വടക്കുപടിഞ്ഞാറെ ഇൻഡ്യാമുതൽ ഫാർസുവരെ (സന്ദരുക്കൾപ്പെടെ)യുള്ള ദീൎഘപ്രദേശത്ത് അക്കാലത്ത് (ഏ. 520-ൽ) മാൎത്തോമ്മാക്രിസ്ത്യാനികളുണ്ടായിരുന്നെന്നും അനുമാനിക്കാം. [60]

അന്നു നമ്മുടെ കേരളത്തിലും അതിനപ്പുറം സിലോണിലും പോലും ക്രിസ്ത്യാനികളുണ്ടായിരുന്നെന്നാണ് കോസ്മാസ് (520–25) എന്ന സന്യാസി എഴുതിയിട്ടിരിക്കുന്നത്. ആ സഞ്ചാരി പറയുന്നതിൻെറ ചുരുക്കം ഇങ്ങനെയാണ്:—താഴെപ്പറയുന്ന സ്ഥലങ്ങളിൽ ക്രിസ്ത്യാനികളുണ്ട് (ഏ. ക്രി. 525-ൽ)-

1. സിലോണിൽപോലും ക്രിസ്ത്യാനിസഭയുണ്ട്; ഒരു കശ്ശീശായും ശെമ്മാശ്ശും ഉണ്ട്. അവർ കുടിയേറിപ്പാർത്ത പേർഷ്യൻ ക്രിസ്ത്യാനികളാണ്; കശ്ശീശായും ശെമ്മാശ്ശും പേർഷ്യായിൽനിന്നു നിയമിക്കപ്പെട്ടവർ. നാട്ടുകാരും രാജാക്കന്മാരും വേറൊരു വർഗ്ഗം ആളുകളാകുന്നു. സിലോൺദ്വീപ് കുരുമുളകു രാജ്യ(കേരള)ത്തിനപ്പുറമാണ്. അതിനപ്പുറത്തു ക്രിസ്ത്യാനികളുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ.

2. കുരുമുളകുണ്ടാകുന്ന മലയിലും (=മലനാട്, മലങ്കര, മലയാളം എന്ന കേരളത്തിലും) ക്രിസ്ത്യാനിസഭയും പട്ടക്കാരും ഉണ്ട്.

3. കല്ലിയാനായിൽ ഒരു മെത്രാനുണ്ട്. അദ്ദേഹത്തെ പേർഷ്യായിൽനിന്നു നിയമിച്ചു(യച്ചു)താകുന്നു. (കല്ലിയാനാ ബോംബേയ്ക്കടുത്തുള്ള കല്ല്യാൺ ആയിരിക്കാം.)

4. സൊക്കോട്ടാ ദ്വീപിൽ വളരെ ക്രിസ്ത്യാനികളും (ഒരു മെത്രാനും) ഉണ്ട്. അവർ ഗ്രീക്കാണു സംസാരിക്കുന്നത്. പേർഷ്യായിൽനിന്നാണ് പട്ടക്കാരെ അയച്ചിരിക്കുന്നത്.

5. ശിഷ്ടമുള്ള ഇൻഡ്യന്മാരുടെ ഇടയിലും ക്രിസ്ത്യാനികളുണ്ട്. (ഈ ഇൻഡ്യന്മാർ മലങ്കരയും കല്ല്യാണും ഹൂണദേശവും ഒഴികെയുള്ള സാക്ഷാലിൻഡ്യയിലെ സ്വദേശികൾ ആയിരുന്നു. വ്യാജഇൻഡ്യയിലെ ജനങ്ങളല്ലായിരുന്നു).

6. ബാക്ട്രിയർ, ഹൂണർ, പേർഷ്യർ, പേർഷർമ്മീനിയർ, ഗ്രീക്കർ, എലാമ്യർ (Persarmenians, Elamites) എന്നിവരുടെയിടയിൽ മാത്രമല്ല, പേർഷ്യാരാജ്യം മുഴുവനിലും വളരെ വളരെ ക്രിസ്ത്യാനിസഭകളും മെത്രാന്മാരും ഉണ്ട്. (അന്നു ഹൂണർ വടക്കുപടിഞ്ഞാറെ ഇൻഡ്യയിൽ ഭരണം നടത്തിയിരുന്നു. അവരുടെ രാജാവ് ഗൊല്ലാസ്, അതായത് മിഹിര–'ഗുലൻ' ആണെന്നു കോസ്മാസു പറഞ്ഞിട്ടുണ്ട്).

7. എത്യോപ്യയിലും അതിൻെറ തലസ്ഥാനമായ അക്സമിലും ചുററുമുള്ള ദേശത്തൊക്കെയും തെക്കെഅറേബ്യായിലെ ഹിമ്യാററന്മാരുടെ ഇടയിലും (Homeritae or Happy Arabians) അറേബ്യാ ഒട്ടുക്കും വളരെ ക്രിസ്ത്യാനികളും മെത്രാന്മാരുമുണ്ട്. (650-60-ലെ ഈശോയാബിൻെറ എഴുത്തിൽ പേർഷ്യായുടെ അതിരുമുതൽ കലാ വരെയുള്ള ഇൻഡ്യാ എന്നു വർണ്ണിച്ചതിലെ കലാ ഐത്യോപ്യായിലെ Coloe എന്ന പുരാതന സ്ഥലം ആയിരിക്കാം. 51-ാംനോട്ടു നോക്കുക)

ഈ ലിസ്റ്റിൽനിന്നു കാണുന്നത് ഇൻഡ്യയിൽ മലയാളത്തും കല്ല്യാണിലും വടക്കുപടിഞ്ഞാറെ ഭാഗത്ത് ഹൂണന്മാരുടെയിടയിലും ഏ. 525-ൽ ക്രിസ്ത്യാനികളുണ്ടായിരുന്നു എന്നാണ്. ഈ ആറാംശതകത്തിൻെറ ഉത്തരാർദ്ധത്തിലാണ് തിയഡോറെന്ന പാശ്ചാത്യൻ വടക്കുപടിഞ്ഞാറെ ഇൻഡ്യയിൽവന്ന് തോമ്മാശ്ലീഹായുടെ വലിയ പള്ളി കണ്ടത്.

കോസ്മാസ് ഒരു നെസ്തോറിയൻക്രിസ്ത്യാനി ആയിരുന്നെന്ന് ചിലർ വിചാരിക്കുന്നു. എന്നാൽ അദ്ദേഹം പറഞ്ഞ സിലോൺമുതൽ എത്യോപ്യയും അയൽപ്രദേശങ്ങളുംവരെയുള്ള ദേശങ്ങളിലെ ക്രിസ്ത്യാനികളെല്ലാം നെസ്തോറിയരായിരുന്നു എന്നു പറവാൻ നിവൃത്തിയില്ല. അഞ്ചാംശതകംമുതൽ (431 മുതൽ) നെസ്തോറിയന്മാർ തീവ്രയത്നം ചെയ്തു ക്രിസ്തുമതം കിഴക്കൊക്കെയും പ്രചരിപ്പിച്ചുതാനും.

ശിഷ്ടമുള്ള ഇൻഡ്യരുടെയും ഹൂണരുടെയും(White Huns, about 540 A. D.) ദേശത്ത്, അതായത് സിന്ധുനദീമുഖം മുതൽ കാശ്മീരംവരെയുള്ള ഹൂണദേശത്തും കിഴക്കും ക്രിസ്ത്യാനികളുണ്ടെന്നാണല്ലോ കോസ്മോസു പറഞ്ഞത്. പഞ്ചാബിലെ ഷാഹബാദ് (Gandispur, modern Shahabad) എന്ന സ്ഥലം ക്രി. 893-ലും 1349-ലും ഒരു മെത്രാപ്പോലീത്തായുടെ ആസ്ഥാനമായിരുന്നു. ഏകദേശം 630-ൽ ഇസിദോർ മാത്തോമ്മായുടെ കബറിടമെന്നു (see note 53) പറഞ്ഞ കലമിന [61] പഞ്ചാബിലായിരുന്നു എന്നുവരാം. എന്നാൽ ആ ശ്ലീഹാ ഇൻഡ്യയിൽ വന്നു മാർഗ്ഗമറിയിച്ചെന്നോ, ഇൻഡ്യയിലെ കലമിനയിൽ മരിച്ചെന്നോ, ഇൻഡ്യയിൽ സെൻതോമസ് ക്രിസ്ത്യാനികളോ സെൻതോമസ് പള്ളികളോ ആശ്രമങ്ങളോ ഉണ്ടെന്നോ കോ

സ്സോസു പറയുന്നില്ല. മററു വല്ലയിടത്തും തോമ്മാശ്ലീഹായെപ്പ ററിയുള്ള പ്രസ്താവമുണ്ടെന്നും പറയുന്നില്ല.

---

## അഞ്ചാം അദ്ധ്യായം

ക്രി. 525 മുതൽ 1248 വരെ

ഒന്നാം ശതകംമുതൽ ഏകദേശം 525-ാമാണ്ടുവരെയും 1248 മുതൽ 1523 വരെയും ഉള്ള ചരിത്രത്തിലെ വസ്തുതകൾ തീരെക്കുറച്ചു മാത്രമേ നമുക്കു കിട്ടിയിട്ടുള്ളു. അവയെല്ലാം കഴിഞ്ഞ നാലദ്ധ്യായങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവ കാശ്മീരംമുതൽ കന്യാകുമാരിവരെയുള്ള പശ്ചിമഇൻഡ്യൻ പ്രദേശത്തെ നസ്രാണികളെപ്പററിയും മയിലാർപ്പൂർ പ്രദേശങ്ങളിലെ നസ്രാണികളെപ്പററിയും ഉള്ളവയാകുന്നു. ഇതരപ്രദേശങ്ങളിലെ നസ്രാണികളെപ്പററി 525 വരെ ഒന്നും അറിവാൻ കഴിഞ്ഞിട്ടില്ല. പില്ക്കാലത്ത് അവരെപ്പററി കുറേ വിവരങ്ങളറിയാം. അവയെക്കുറിച്ച് ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നില്ല.

525 മുതൽ 1248 വരെയുള്ള പശ്ചിമഭാഗത്തെയും മയിലാർപ്പൂർപ്രദേശത്തെയും നസ്രാണികളുടെ ചരിത്രം മിക്കവാറും ശൂന്യമാണ്. ഒരു മെത്രാപ്പോലീത്തായും അനേകം മെത്രാന്മാരും ആയിടയ്ക്ക് ഇൻഡ്യയിൽ (മാത്രമല്ല ജാവായിലും ചീനത്തും മററും) ഉണ്ടായിരുന്നു. ഇൻഡ്യായിലെ ആ "വേദവാഴി" (=മതാദ്ധ്യക്ഷന്മാർ) കളുടെ ആസ്ഥാനങ്ങൾ എവിടെയെല്ലാമായിരുന്നെന്നു നിശ്ചയമില്ല. കേരളത്തിൽ അക്കാലത്ത് "അക്ദിയാക്കോന്മാർ" ഉണ്ടായിരുന്നെന്നു പറയാറുണ്ട്. അവരെപ്പററി യാതൊരു വിവരവും കിട്ടിയിട്ടില്ല.

## കുറിപ്പുകൾ

**അദ്ധ്യായം 1.**

(പു. 2, പു. 4 പുറങ്ങളുടെ അക്കങ്ങളാണ്.)

1. പു. 2. ഗുണ്ടർട്ടിൻെറ 'കേരളപഴമ' (മംഗലാപുരം, 1868), 24-ാംപുറം John de Barros, *Asia* (1552,....) Dec I. III.

2. പു. 2. ഗുണ്ടർട്ടിന്റെ 'കേരളപഴമ' (മംഗലാപുരം, 1868) 33-ാം പുറം. Danvers' Portuguese in Asia. John de Barros, Asia Dec I & III.

3. പു. 4. Jazireh, ie, old Gazarta of Baith Zabdai, on the Upper Tigris.

4. പു. 4. "Ciromandel, or the colony of St. Thomas"—Germann, page 288, note 2. മാർത്തോമ്മായുടെ സ്ഥലം (San Thome') എന്ന അർത്ഥവും ആകാം. see quotation in Kerala Society Papers, Vol I, 1930, p. 246, col 2, and p. 252, col 1. In 1321 Jordanus started from Ormuz for "Quilon and St. Thomas" = San Thome of Mylapore, Madras.

5. പു. 5. Kerala S. P., I (1930), p. 245, note 29, About 1510 Barbosa wrote that the Mylapore Church was half in ruins, and in charge of a *Mahomedan* fakir, who kept a lamp burning there.

6. പു. 6. പറങ്കി—ലന്തരേഖകളിൽ Baliartes എന്നാണ് പേരു കാണുന്നത്. ഇതിലെ B, R, T എന്നീ അക്ഷരങ്ങൾ നമ്മുടെ വ, ട, ത എന്നിവക്കു പകരം നില്ക്കുന്നു. S എന്നത് Alvares, Julianus മുതലായ യൂറോപ്യൻ പേരുകളോടു പൊരുത്തപ്പെടുത്താൻ ചേർത്ത അന്ത്യാക്ഷരമാണ്. കേരളപുത്രൻ എന്നത് Kero—bothras എന്നും, സിന്ധു Indus, ഗംഗ Ganges, തോമ്മാ Thomas എന്നും ആയതുപോലെ വലിയേടത്ത് Baliartes ആയി. അന്ത്യ S ഇല്ലാതെ Beliarte എന്ന രൂപവും ഉണ്ട്. ഇതും വലിയേടത്തും സമം.

7. പു. 6. "The people persecute much the Christians and all who bear the Christian name" says Bp. John of Monte Corvino who visited India on his way to China, just before Marco Polo was returning from China. The persecutors must have been Muslims, rather than Hindus.

8. പു. 7. Correa's *Lendas da India*, III, p. 423 (1512—1550) says: There are even now Christians there (in Quilon, of Apreto and Thor, ie, Aprot and Sabor, bishops), but through the lapse of time (since about 824 A. D), and for want of instruction, today they are almost pagans—"*sao casy gentios somente*"); they are only distinguished by their geneology (—"*por suas geracoes*").

9. പു. 10. "Found a large number of Christians and ancient churches scattered all over the Orient, which the Tartars had destroyed."

10. പു. 10. ........ in the land of India where the blessed St. Thomas preached and made conversions, there is yet a certain Christian King, who was much oppressed by other Saracen kings, his neighbours, who waged against him, a rude and relentless war, until the Tartars came to those parts, and with their help he conquered a great part of the Indies from the Muslim Saracens."

11. പു. 10. ത്രീസാ എന്ന സുറിയാനി വാക്കാണു് മലയാളത്തിൽ തരീസാ, തരിസാ, തരുതാ എന്നായതു്. ചൊവ്വുള്ള, ഋജുവായ എന്നൎത്ഥം. Ortho-dox (ഓൎത്തഡോക്സ്, "സ്തുതിചൊവ്വാക്കപ്പെട്ട," ത്രീസസ്ശുബ്ഹോ) എന്ന സംജ്ഞയുടെ തൎജ്ജമയാണതു്. പേൎഷ്യയിൽ ക്രിസ്ത്യാനികളെ തെൎസാ (Tersa) എന്നു വിളിച്ചുവന്നു. ക്രി. 781-ലെ ചീനനെസ്തോറിയൻ ശിലാലിഖിതത്തിൽ അതു ത-സോ ആയിക്കാണുന്നു. ടാൎട്ടറിയിലെ ക്രിസ്ത്യാനികളെയും തൎസാ എന്നു വിളിച്ചുവന്നു. 9-ാംശതകത്തിൽ സബീരീശോ പണിയിച്ച കൊല്ലം പള്ളി "തരീസാപ്പള്ളി" ആയിരുന്നു. ദക്ഷിണതിരുവിതാംകൂറിലെ തിരുവാങ്കോട്ടുള്ള സുറിയാനി ക്രിസ്ത്യാനികളെ "തരുതാസ്സുചെട്ടികൾ" എന്നു വിളിച്ചുവന്നു. കഴിഞ്ഞ തലമുറവരെ അവൎക്കു കുടുമ്മിയും കടുക്കനും ഉണ്ടായിരുന്നു. ചില മലയാളം പാട്ടുകളിൽ മലങ്കര നസ്രാണികളെ മാത്രമല്ല പറങ്കികളെയും തരിസാസ്സൂൾ എന്നു വിളിച്ചു കാണുന്നു.

നസ്രാണികൾ (1329), നെസ്തോറിയർ (1323-25) എന്ന പേരുകൾ 14-ാംശതകം മുതലെങ്കിലും മലങ്കര നസ്രാണികൾക്കുണ്ടായിരുന്നു. അറേബ്യായിൽ യൂറോപ്യൻ ക്രിസ്ത്യാനികളെയും "നസ്രാനിയൂനാ" (=നസ്രാണികൾ) എന്നു വിളിക്കുന്നു. മലങ്കര നസ്രാണിപുരുഷന്മാരെ മാപ്പിളമാർ (=ആൺപിള്ളമാർ) എന്നും വിളിച്ചിരുന്നു. അതിന്റെ സ്ത്രീലിംഗരൂപം പെമ്പിള (=പെൺപിള്ള). മാപ്പിളസ്ഥാനം കേരളത്തിലെ യൂദൎക്കും ജോനകൎക്കും (മുസ്ലിങ്ങൾ) ഉണ്ടു്. ഉയൎന്ന ജാതി ഹിന്ദുക്കൾക്കു്, സ്ത്രീക്കും പുരുഷനും, "പിള്ള" എന്ന സ്ഥാനമായിരുന്നു നാടുവാഴികൾ കൊടുത്തുവന്നതു്. സെന്തോമസിന്റെ ക്രിസ്ത്യാനികൾ എന്നു് മലങ്കര നസ്രാണികളെപ്പറ്റി ആദ്യം പറയുന്നതു യോൎദാനൂസ് (1321-27) ആകുന്നു. പിന്നെ 1346-7-ൽ മരിഞ്ഞോളി. മയിലാപ്പൂരും മറ്റും ഉണ്ടായിരുന്ന നസ്രാണികൾക്കും അന്നു് ആ നാമധേയം ഉണ്ടായിരുന്നിരിക്കാം.

12. പു. 10. അക്കാലത്തു് വടക്കെഇൻഡ്യയിലും ഉപദ്രവം ഉണ്ടായിരുന്നു എന്നു് ഫെറിസ്ത്തായുടെ പ്രസ്താവത്തിൽനിന്നറിയാം. ഖൽ

ബർഗായിലെ അലവുദ്ദീൻരാജാവ് (1435–47) അവിടത്തെ ബ്രാഹ്മണരോടും നസ്രാണികളോടും ഒരിടപാടും (conversation) ചെയ്കില്ലെന്നും, അവൎക്കുദ്യോഗമൊന്നും കൊടുത്തില്ലെന്നും ആ ചരിത്രകാരൻ പറയുന്നു. (Alaud-din Bahmani "held no conversation with the Nazarenes or Brahmans, nor would he permit them to hold public offices". അന്ന് (1443–ൽ) വിജയനഗരത്തിലെ ഹിന്ദുരാജാവിന് ഒരു ക്രിസ്ത്യൻമന്ത്രിയുണ്ടായിരുന്നു. അവിടത്തെ കൃഷ്ണരായന്റെ സൈന്യത്തിൽ വളരെ സെന്തോമസ്ക്രിസ്ത്യാനികളുണ്ടായിരുന്നു. അവർ റേറാളുക്കിന്റെ മകനായ ഹമെഡിനോടും റാമർലെയിനിനോടും യുദ്ധം ചെയ്തു എന്നു ഡയോഗോ പറയുന്നു (Diogo do Couto, 1580........)

13. പു. 11. പറങ്കിവന്നതിന് 50 വർഷംമുൻപ് 1439–ൽ 4–ാം യൂജിൻ മാർപ്പാപ്പാ "ഇൻഡ്യന്മാരുടെ" ചക്രവർത്തിയായ തോമസിന്റെ അടുക്കൽ സ്ഥാനപതികളെ അയച്ചു. ആ ചക്രവർത്തി എത്യോപ്യായിലായിരുന്നു എന്നു തോന്നുന്നു. എത്യോപ്യരെയും "ഇൻഡ്യന്മാർ" എന്നു പാശ്ചാത്യർ വിളിച്ചുവന്നു.

14. പു. 12. ക്രി. 232–3–ലൊ അല്പം പിൻപോ ഇൻഡ്യയിൽനിന്ന് ഉറഹായിൽ കൊണ്ടുവച്ച അസ്ഥികൾ 394 ഓഗസ്റ്റ് 22–ൽ ഒരു പുതിയ പള്ളിയിൽ വച്ചു. 1144–ൽ അവ കിയോസ് (Chios) ദ്വീപിലേക്ക്, മുസ്ലിംആക്രമണംമൂലം, മാററി. അസ്ഥികൾ ഉറഹായിൽ ഇരിക്കവേ ആണ് അവിടെ ശരീരം ഒരു വെള്ളിക്കൂട്ടിലിരിക്കുന്നെന്ന് മാർ യോഹന്നാൻ പറഞ്ഞത്. ആ വെള്ളിക്കൂടിനെപ്പററിപ്പറഞ്ഞതായിരിക്കാം കബറെന്ന് (tomb) വത്തിക്കാനില്ലുള്ളവർ എഴുതിയിട്ടുത്. ഏകദേശം 1370–ല്പം ഒരു മാർത്തോമ്മാശരീരം അഴുകാതെ ഉറഹായിലുണ്ടായിരുന്നു. അതിന്റെ കൈയിൽ ആണ്ടിലൊരിക്കൽ ഒരു ഉണങ്ങിയ മുന്തിരിവള്ളിക്കഷണം വയ്ക്കാറുണ്ടെന്നും, പിറേറദിവസം രാവിലേ അതിൽ ഒരു കുല മുന്തിരിപ്പഴം കാണുമെന്നും രേഖയുണ്ട്.

അസ്ഥികൾ (തലയോട്ടിയും മററും) 1258–ൽ കിയോസിൽനിന്ന് ഇററലിയിലെ ഓത്തോനായിൽ കൊണ്ടുചെന്നു സ്ഥാപിച്ചു. അവ ഇന്നും ആ മാർത്തോമ്മാപ്പള്ളിയിലുണ്ട്. കൂടാതെ, ശ്ലീഹായുടെ കൈ (arm) അഴുകാതെ, ഇററലിയിൽ വേറൊരിടത്തുണ്ട്. ഇവയെല്ലാം പുറമെ 1522–ൽ പറങ്കികൾ മയിലാപ്പൂർനിന്നു കുഴിച്ചെടുത്ത വെളുത്ത മാർത്തോമ്മാസ്ഥികൂടം മുഴുവൻ ഗോവായിലെ മാർത്തോമ്മാപ്പള്ളിയിലിരിപ്പുണ്ടെന്ന് കുന്നൽ യൂൾ പറയുന്നു.

Col. Henry Yule says: "The narrative stated circumstantially that the Apostle's bones were found, besides those of the king whom he had converted etc. The supposed relics were transferred to Goa, where they are still preserved in the Church of St. Thomas

in that city. The question appears to have become a party one among Romanists in India, in connection with other differences, and I see that the authorities now ruling the Catholics at Madras are strong in disparagement of the special sanctity of the localities (San Thome and the two mounts), and of the whole story connecting St. Thomas with Mailapur".—Yule's *Marco Polo*, Vol II, 1871, p. 294.

1523-ൽ പറങ്കികൾ മയിലാപ്പൂരിൽതന്നെ കുഴിച്ചുനോക്കിയ മറെറാരു മാർത്തോമ്മാക്കബറിൽനിന്നു് കുറേ അസ്ഥിശകലങ്ങൾ കിട്ടി. അവ (അഥവാ അവയിലൊരംശം) മയിലാപ്പൂർ കത്തീഡ്രലിലുണ്ടു്.

നാലാംശതകത്തിൽതന്നെ മാർത്തോമ്മാസ്ഥിശകലങ്ങൾ ഉത്തര ഇററലിയിലെ Brescia, Nola, Milan എന്നീ സ്ഥലങ്ങളിലുണ്ടായിരുന്നു. മുൻപുപറഞ്ഞ 394 ഓഗസ്റ്റ് 22-ലോ അതിനിപ്പുറമോ ആയിരിക്കാം അവ ആ സ്ഥലങ്ങൾക്കു് (ഉറഹായിൽനിന്നു്) കിട്ടിയതു്. ഒന്നാംസ്ഥാനമുള്ള "നിത്യനഗരമായ" റോമിനു് അസ്ഥിശകലമൊന്നും അന്നുകിട്ടിയില്ലെന്നു വരാൻ ന്യായമില്ല. സിമ്മാക്കസുമാർപ്പാപ്പാ (498-514) വത്തിക്കാനിൽ മാർത്തോമ്മായ്ക്കു ഒരു ചാപ്പൽപണിയിച്ചു. അതിൽ കുറേ മാർത്തോമ്മാസ്ഥിശകലങ്ങൾ സ്ഥാപിച്ചിരിക്കാം.

ഏകദേശം 1222-ൽ ബസ്രായിലെ മെത്രാപ്പോലീത്താ ആയ മാർസോളമൻ പറഞ്ഞതു് ഇൻഡ്യന്മാരുടെ രാജാവു കുത്തുകയാൽ ശ്ലീഹാ മരിക്കയും ഹബ്ബാൻ എന്ന വ്യാപാരി (ശ്ലീഹായെ ഇൻഡ്യയിൽ കൊണ്ടുവന്ന ആളുതന്നേ) ശരീരംകൊണ്ടുവന്നു് ഉറഹായിൽ സ്ഥാപിക്കയും ചെയ്തു എന്നാകുന്നു. ഇൻഡ്യയിൽതന്നേ അതു കുഴിച്ചിട്ടു എന്നു ചിലർ പറയുന്നു എന്നും മാർസോളമൻ പറഞ്ഞിട്ടുണ്ടു്. എന്നാൽ അദ്ദേഹം അതു വിശ്വസിച്ചില്ല എന്നു വിചാരിക്കാം. അദ്ദേഹം പറഞ്ഞ ഉറഹായിലെ ശ്ലീഹാശരീരം 1122-ൽ മാർയോഹന്നാനും, 1370-ൽ ഇററലിയിലെ എകിലിയോയിലെ ബിഷപ്പായി വാഴിക്കപ്പെട്ട പീററവും വർണ്ണിച്ച ശ്ലീഹാശരീരം തന്നേ ആണെന്നു വിചാരിക്കാം. ബറെബ്രായ (1246-86) മാർ സോളമന്റെ പ്രസ്താവത്തെ അനുകൂലിക്കാതെ, ശ്ലീഹാ പ്രസംഗിക്കാൻ കേറിയ ഒരു മലയിൽ പാർക്കുന്ന കാവ്യരിൽ (heathen) ഒരുവൻ അദ്ദേഹത്തെ കുന്തംകൊണ്ടു കുത്തിയശേഷം രാജാവു ശരീരം കലമിനയിൽ കൊണ്ടുപോയി അവിടെ കുഴിച്ചിട്ടു എന്നു പറയുന്നു. ശരീരം മാബാറിലൊരിടത്തു് (മയിലാപ്പൂരിലെന്നു വിചാരിക്കാം) കുഴിച്ചിട്ടു എന്നാണു് 1293-ൽ മാബാറിൽവച്ചു് മാർക്കൊപ്പോലൊ കേട്ടതു്. കലമിനാ ഇൻഡ്യയിലെവിടെയാണെന്നു് ബറെബ്രായയ്ക്കു നിശ്ചയമില്ലായിരുന്നെന്നു തോന്നുന്നു. കലമിനാ (കലിമൈയാ എന്ന സുറിയാനി രൂപത്തിൽ) ആദ്യം കാണുന്നതു് ക്രി. 874-ലെ ഒരു സുറിയാനി രേഖയിലാണു്.

15. പു. 13. ചെട്ടി എന്ന സ്ഥാനപ്പേരുകൊണ്ട് ആ വ്യാപാരി ഹിന്ദുവാണെന്നു വിചാരിക്കേണ്ടാ. ചാക്കോച്ചെട്ടി മത്തായിച്ചെട്ടി എന്നസ്ഥാനമുള്ള നസ്രാണികൾ ഇരിങ്ങാലക്കുട ഉണ്ടായിരുന്നു. മക്കോതൈയർപട്ടണം ക്രി. എട്ടാംശതകത്തിൽ ക്നായിത്തൊമ്മൻ എന്ന വിദേശിയ നസ്രാണി സ്ഥാപിച്ച് അട്ടിപ്പേറുകൊണ്ട ഒരു പട്ടണമാണ്. തമിഴിൽ മക്കോതൈ; സുറിയാനിയിൽ മഹോസാ=പട്ടണം; ഈ സുറിയാനിപേര് (മഃഹൂസാ എന്ന രൂപത്തിൽ) ഉള്ള രണ്ടുമൂന്നു പട്ടണങ്ങൾ മെസൊപ്പൊട്ടേമിയായിലുണ്ടായിരുന്നെന്ന് അസ്സെമാനി പറയുന്നു. ക്രി. 700-നുമുൻപ് മകൊതൈ എന്ന പേര് തമിഴകൃതികളിൽ കാണുന്നില്ല. ക്രി. 345-ലാണ് തൊമ്മൻ മാപ്പിള മഹോസാ സ്ഥാപിച്ചതെന്ന് പറവാൻ തെളിവില്ല. ഇരവികൊർത്തൻ രവിഗോവർദ്ധനൻ ആണെന്നു ചില ഹിന്ദുക്കൾ ഈയിടെ വ്യാഖ്യാനിക്കുന്നു. എന്നാൽ ചെപ്പേട് ഒരു ക്രിസ്ത്യാനിക്കു കിട്ടിയതാണെന്നാണു നസ്രാണികളുടെ പാരമ്പര്യം. അതു ഹിന്ദുക്കളുടെ കൈവശത്തിലായിരുന്നെന്ന് തെളിവില്ലതാനും. ആ ചെപ്പേടിലെ 72 പദവികളും മററും കിട്ടിയ ക്രിസ്ത്യാനിയും ശൂദ്രനുമല്ലാതെ ഒരു ഹിന്ദുപോലും കേരളത്തിൽ ഉണ്ടായിരുന്നെന്നും തെളിവില്ല. ഇരവി റബ്ബി എന്ന സുറിയാനി വാക്കിൻെറ തൽഭവമാകാം. അറബ് അരവായിട്ടുണ്ടല്ലോ. Cortor എന്ന് കോഴിക്കോട്ടെ തരകന്മാരെ വിളിച്ചുവന്നെന്ന് ഏ. 1505-ൽ വാർത്തീമാ എന്ന സഞ്ചാരി രേഖപ്പെടുത്തിയിട്ടുണ്ട്. 13-ാം-14-ാം ശതകങ്ങളിൽ കേരളത്തിൽ വന്ന ഇററാലിയൻ വ്യാപാരികൾ നടപ്പാക്കിയ ഒരു സംജ്ഞയായിരിക്കാം Cortor. ലാററിൻരൂപം Curator; പറങ്കിCorretor = agent for sale, കച്ചവടഏജൻറ്. കൊറത്തർ എന്നായിരുന്നിരിക്കാം ആദ്യ തൽഭവം.

**അദ്ധ്യായം 2.**

16. പു. 14. *Book of the Bee* by Mar Solomon, Metropolitan of Perath—Maishan = Basrah. It says: "Thomas was from Jerusalem, of the tribe of Juda. He taught the Parthians, Medes, and Indians (or "in India and Sind and Persia," according to another Ms.), and because he baptised the daughter of the King of the Indians, he stabbed him with a spear and he died. Habban, the merchant, brought his body, and laid it in Edessa, the blessed city of our Lord. Others say that he was buried in Mahluph, a city in the land of the Indians" (or he was buried in India, according to the Oxford ms.) See note 14.

17. പു. 15. മലങ്കരെ വന്ന മാർത്തോമ്മാശ്ലീഹായുടെ ശിഷ്യനായ നിരണത്തുമാളിയേക്കൽ രണ്ടാം തോമ്മാറമ്പാൻ ഒന്നാംശതകത്തിലെ

ഴുതിയ ഒരു "ചരിത്രം" ഉണ്ടെന്നും, അതിന്റെ സംഗ്രഹമായി ആ കുടുംബത്തിലെ 48-ാം തോമ്മാ 1601-ൽ ഒരു മലയാളം പാട്ടെഴുതിയെന്നും 1916-ൽ റവ. ഫാദർ ബർനാർഡു പ്രസിദ്ധപ്പെടുത്തിയ ആ പാട്ടു പറയുന്നു. എന്നാൽ ആ ഒന്നാംശതകത്തിലെ (തമിഴ്) "ചരിത്രം" എന്നെങ്കിലും ഉണ്ടായിരുന്നതായി ഇതേവരെ ആരും തെളിയിച്ചിട്ടില്ല. 1601-ലേതെന്നു പറയുന്ന പാട്ട് 1892-നുമുൻപ് ഉണ്ടായിരുന്നെന്നും ആരും തെളിയിച്ചിട്ടില്ല. അതുകൊണ്ടായിരിക്കണം 1924-ൽ പ്രസിദ്ധപ്പെടുത്തിയ തന്റെ ഇംഗ്ലീഷു (Brief Sketch) ചരിത്രത്തിൽ ഫാദർ ബർണാർഡ് ആ പാട്ടു പ്രമാണമായിക്കാണിക്കാഞ്ഞത്. പകരം തോമ്മാപർവ്വവും വീരടിയാൻപാട്ടുമാണ് അദ്ദേഹം കാട്ടിയിരിക്കുന്നത്. എങ്കിലും അതു കൂട്ടാക്കാതെ 1938-ൽ ആ പാട്ടിന്റെ ഒരു ഇററാലിയൻതർജ്ജമ കോഴിക്കോട്ടെ റവ. ഫാദർ റോക്കാ റോമിൽ പ്രസിദ്ധപ്പെടുത്തി. 1944-ൽ ബോംബയിലെ റവ. ഫാദർ ഹെറാസ് തന്റെ രണ്ടപ്പോസ്തലന്മാർ (Two Apostles of India by Fr. H. Heras, S. J., Trichinopoly, 1944) എന്ന ചരിത്രത്തിൽ ആ തർജ്ജമ പ്രമാണമാക്കി. 1927-ലെ തന്റെ കൃതിയിൽ (The Apostle Thomas in South India by Dr. J. N. Farquhar, Manchester, 1927) ഡോക്ടർ ഫാർക്കുഹാറും ആ പാട്ടിലെ ചില പ്രസ്താവങ്ങൾ പ്രമാണമായി സ്വീകരിച്ചു. പാട്ടിന്റെ ഇംഗ്ലീഷ്തർജ്ജമ ഞാൻ അദ്ദേഹത്തിനും റവ. ഫാദർ ഹോസ്റ്റനും (Fr. H. Hosten, S. J.) അയച്ചുകൊടുത്തിരുന്നു. ആ പാട്ടു പറയുന്ന ആണ്ടുകളും കാര്യങ്ങളും ശരിയാണെന്നോ, 1892-നുമുൻപ് അതുണ്ടായിരുന്നെന്നോ ആരും തെളിയിച്ചിട്ടില്ലെന്ന് ഞാൻ അവരെ അറിയിക്കയും ചെയ്തിരുന്നു. 1940-ൽ റവ. ഫാദർ ഡോക്ടർ പ്ലാസിഡ് (St. Thomas in South India by Rev. Fr. Dr. Placid, C. D. of Changanacherry in Travancore, pub. Trichinopoly, 1940) 1601-ലെ പാട്ടിനെപ്പററി ഒന്നും പറഞ്ഞില്ല. "Here we do not enter into the question whether there are very ancient writings in South India referring to this tradition" എന്നു പറഞ്ഞ് എല്ലാ അതിപുരാതന (very ancient) ദക്ഷിണേന്ത്യൻ രേഖകളെയും മാററിവയ്ക്കയാണു ചെയ്തത്. അതിപുരാതന രേഖയൊന്നും ഇവിടെ നമുക്കില്ല എന്നതാണു പരമാർത്ഥം. 1601-ലേതുപോലും അതിപുരാതനമല്ല. ഒന്നാംശതകത്തിലെ ചരിത്രം കണ്ടുകിട്ടിയിട്ടില്ല. സുറിയാനി പ്രാർത്ഥനകളിൽ സെന്തോമസിനെപ്പററിയുള്ള പ്രസ്താവങ്ങൾക്ക്—ഹെന്ദോ (ഇൻഡ്യാ)യിലെ "കടൽക്കരെവച്ച്" കുന്തംകൊണ്ടു കുത്തപ്പെട്ടു മരിച്ചു എന്നും മററും ഉള്ളവയ്ക്ക്—എത്രമാത്രം പുരാതനത്വം ഉണ്ടെന്നു നിർണ്ണയിച്ചിട്ടില്ല. കടൽക്കരെ മരിച്ചെന്നാദ്യം പറഞ്ഞുകാണുന്നത് 1293-ൽ മാർക്കോപ്പോലോയെ ആ വിവരം അറിയിച്ച കിഴക്കൻതീരത്തെ ആളുകളാകുന്നു. അന്നും അതിനുമുൻപും മലങ്കര ന

നസ്രാണികളെന്താണു പറഞ്ഞിരുന്നതെന്നു രേഖയില്ല. 1293 മുതൽ പറങ്കികളുടെയും, 4 ശീമമെത്രാന്മാരുടെയും കാലം (1504)വരെ മരണവിവരങ്ങളെപ്പററി മലങ്കരയുണ്ടായിരുന്ന ഐതിഹ്യം മാക്കൊപ്പോലോ രേഖപ്പെടുത്തിയ വേടനും അന്യം തന്നേ.

18. പു. 15. The Doctrine of the Apostles, also called The Edessene Canons, or The Conons of Addai, and quite different from the Didache and the Didascalia, according to Dr. Fr. C. Burkitt.

The letter or letters of St. Thomas have not come down to us; nor the non-heretical original Acts of 1st-2nd cent., postulated by Karl Schmidt. See Medlycott's Thomas. 1905.

19. പു. 16. Alexandr-*Oikos*, or *Oikia* in Greek means Alexander's house, i. e., city, Alexandro-polis. Or, uk in Sandar-uk may be the Orae's word for city or house. Polis in Greek means also habitation, place.

ഈ സന്ദരുക്ക് കൊടുങ്ങല്ലൂരാണെന്ന് ചില കേരളനസ്രാണി ചരിത്രകാരന്മാർ പറയുന്നു. അവിടെ ഒന്നാംശതകത്തിൽ മുശിരി (Muziris) പട്ടണമായിരുന്നു സുപ്രസിദ്ധം. സന്ദരുക്ക് കൊടുങ്ങല്ലൂരോ, മുശിരിയോ, അവിടെയുള്ള മാല്യാങ്കരദ്വീപോ ആണെന്നു സ്ഥാപിപ്പാൻ രേഖകൾ ഇല്ല. വരുന്ന വഴിക്ക് സന്ദരുക്കിൽ ഇറങ്ങിയിട്ട് വീണ്ടും കപ്പലേറി ഇൻഡ്യൻപട്ടണത്തിൽ വന്നു ഗുന്ദഫറിനെ കണ്ടു എന്നാണു Acts പറയുന്നത്.

സന്ദരുക്ക് ഈജിപ്തിലുണ്ടായിരുന്ന Andropolis ആയിരിക്കാമെന്നു ഡോക്ടർ ഫാർക്കഹാൻ വിചാരിച്ചു. ശ്ലീഹായെ ഹബ്ബാൻ കണ്ടതു ഈജിപ്തിലെ അലക്സാൻഡ്റിയായിൽവെച്ചാണെന്നും അവിടെനിന്ന് അവർ നൈൽനദിയിലൂടെ തെക്കോട്ടുവന്ന് പിറേറദിവസം അന്ദ്രോപ്പൊലീസിൽ ഇറങ്ങിയാണു രാജാവിന്റെ വിരുന്നിൽ ഇരുന്നതെന്നുമാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ആ നദീതീരത്തെ Andropolis ഇന്നത്തെ Chabur ആണ്. ഫാർക്കഹാറിന്റെ അഭിപ്രായം സാധുവല്ല.

20. പു. 16. "Cleanse them with thy washing and anoint them with thine oil." "He laid his hands on her, and sealed her in the name of the Father and of the Son and of the Holy Ghost." This seal, now in the form of a Greek cross+marked with holy oil on the forehead and other parts of the body of the candidate, was in the earliest centuries prior to the introduction of the cross symbol by Constantine the Great (4th c.)

probably in the form of a Chalice, the earliest known Christian symbol. Oil was "poured over the head" and used in salving and anointing too. The Chalice was in use in the Eucharist from the very beginning of Christianity. See note 24 for Gondophares' Chalice-symbol.

21. പു. 17. The names Gudaphara and Guda, found on the coins of the Parthian King Gondophares of Taxila, Panjab, are identified by scholars with Gundaphar (Gudnaphar) and Gad of the Syriac Praxeis of Thomas, 200-220 A. D. In the book *De Transitu Mariae*, of the 4th century, St. Thomas is mentioned as speaking of Labdanes, Gundaphar's nephew. He is supposed by S. Levi to be Abdagases, whose coins style him as Gondophares' brother's son. He may be Habban (Coptic Abbanes) himself, St. Thomas' companion, and Gundaphar's commercial agent. Habban was perhaps the King's nephew, say, sister's son. Syriac Habban could be read as Habdan in Mss., and Gudaphar as Gundaphar.

22. പു. 18. പഞ്ചാബിലെ ററാക്സില (തക്ഷശില)യിൽ പുരാണ വസ്തു ഗവേഷണഡിപ്പാർട്ടുമെൻറുകാർ കുഴിച്ച്, ഗൊണ്ടൊഫരസ്സുരാജാവിൻെറ (ക്രി. 19 to 55+) കൊട്ടാരം എന്നൂഹിക്കപ്പെടുന്ന ഒരു വലിയ കെട്ടിടം കണ്ടുപിടിച്ചു. അത് കോട്ടമതിലിനകത്ത് പടിഞ്ഞാറുദർശനമായിട്ടാണ്; നീളംവീതി 352 അടി x 270 അടി. അതു പണിവാൻ വേണ്ട വിദഗ്ദ്ധന്മാർ വടക്കുപടിഞ്ഞാറെ ഇൻഡ്യയിൽ തന്നേ ഉണ്ടായിരുന്നു എന്നു വിചാരിക്കാം. അല്ലെങ്കിൽ അവരെ പേർഷ്യയിൽനിന്നോ ഗ്രീസിൽനിന്നോ റോമിൽനിന്നോ വരുത്താമായിരുന്നു.

ഗുന്ദഫർ ഹബ്ബാനെ അയച്ചപ്പോൾ യൂദനായ ഹെറോദേസ്സുരാജാവിനു ("One of the most enthusiastic and industrious builders that the world has ever seen–Herod the Great.") വലിയ കെട്ടിടങ്ങളും കൊട്ടാരങ്ങളും ദേവാലയവും മററും സീസറിയായിലും യരുശലേമിലും യെറിഹോയിലും പണിതുകൊടുത്ത ശില്പികൾ പലസ്തീനിലുണ്ടായിരുന്നു. See *The World in Which Jesus Lived*, by Basil Mathews, Oxford U. P., 1947, pp. 72-74. എന്നാൽ ഇടയ്ക്കു വച്ചു ശ്ലീഹായെക്കണ്ട് ഹബ്ബാൻ ലൌകികാഡംബരങ്ങളിൽനിന്നു പിൻതിരിക്കപ്പെട്ട് ക്രിസ്ത്യാനിയായി എന്നുതോന്നുന്നു. അതുകൊണ്ട് ശില്പികളെ അന്വേഷിപ്പാൻ പാലസ്റ്റയിനിലോ മറേറാ അ

യാൽ പോയില്ല എന്നു വിചാരിക്കാം. തിരികെ ശ്ലീഹായോടുകൂടെ വന്ന് നേരു തന്നെ പറഞ്ഞു എന്നും വിചാരിക്കാം. അതുകൊണ്ടായിരിക്കണം ഗുന്ദഫർ രണ്ടുപേരുടെയും വിരോധിയായതും അവരെ തടവിലിട്ടതും.

23. പു. 18. That St. Thomas built for King Gundaphar a palace in heaven is mentioned later in some of the Syriac hymns of St. Ephrem (A. D. 360), and in the Syriac song of Mar Jacob of Sarug (A. D. 520—21) on the palace built by St. Thomas. The Malabar Syriac Catholic Office for the 'Dukhrana' day of St. Thomas repeats the same idea, and it is found in almost all Malayalam songs and other Malayalam documents even though the incident reveals breach of promise, deliberate lie, and cheating on the saint's part! Some add that Christ showed that palace to St. Thomas just before his starting for India. But it is not found in the Acts of Thomas.

24. പു. 18. On some coins of Gondophares there is a symbol like the 2nd and 3rd figures below.



No. 1 is a ciborium. No. 2 is a chalice without lid, and No. 3 one with lip and lid. Both are Gondophares', 1st century.

Historians regard them as the "characteristic symbol of Gondophares." See Cambridge Ancient History

of India, Vol. I. The symbol may be regarded as the figure of a chalice used in N. W. India of those days in the celebration of the Eucharist. The three (dots or) lines at the mouth represent the lip and lid of the chalice. Gondophares, moreover, uses the title Deva-vrata (=devoted to God), perhaps in preference to the then usual royal titles, devaanaam—priya (dear to the Gods, plural), and deva-putra (God's son). A Christian could not use these two, as one implies plurality of gods and the other designates Christ himself.

25. പു. 19. Episcopa, i. e. Bishop, is found mentioned in a letter to the Ephesians, 3-4, from St. Ignatius of Antioch martyred under Trajan (A. D. 98—117). He says: "For Jesus Christ, the life we can never be parted from, is the thought of God, even as bishops, established in their seats to the end of the earth, are one with the thought of Jesus Christ."—see Alfred Loisy's Birth of the Christian Religion (trans. by. L. P. Jacks), Allen and Unwin, London, 1948, p. 355. "The end of the earth" does not necessarily mean Britain, or Spain, or South Africa, or China, Mylapore, the Americas, or the Arctic Region. In St. Matthew's Gospel, written in the days of the above Ignatius, Jesus Christ says that the queen of Sheba, i. e. of Arabia Felix, went to Solomon "from the very ends of the earth", i. e. the southernmost end of the Roman world. Ignatius' end of the earth could be the same as Jesus Christ's, and not S. India, or N. W. India (Panjab). See note 33.

26. പു. 22. കഴുത സംസാരിക്ക എന്നതു് പ്രക്സീസെഴുതിയ എഡേസാക്കാരന്നു് ഒരു പുതുവാർത്തയല്ലായിരുന്നു. എന്തെന്നാൽ പഴയ നിയമപുസ്തകത്തിൽ അതുണ്ടല്ലോ.

27. പു. 24. Magasthenes mentions some North Indians' "muslin robes and turban". see Strabo XV, 58. Arrian, circa 150 A. D., says: "The dress worn by the Indians(having "the darkness of the Indian complexion," as he says), is made of cotton, as Nearchos tells us,.......They wear an under garment of cotton which

reaches below the knee halfway down the ankles, and also an upper garment which they throw partly over their shoulders, and partly twist in folds round the head."—Indika, XVI, Part I, based chiefly on Magasthenes (300 B. C.) and Eratosthenes (c. 267—c. 194 B. C). See Karish's servant's 'maapra' mentioned on p. 23 and the chair on p. 24.

28. പു. 25. The Lord's Prayer in Matthew is slightly different. The form found in Tertullian (d. circa 230), the North African contemporary of the author of the Syriac Acts (200—220. A. D.), is almost the same as in Luke and the Acts of Thomas. See note 35.

പു. 26, 8-ാം വരി—വെള്ളം ചേർന്ന വീഞ്ഞല്ല, വെറും വെള്ളവും അപ്പവും ആണ് പ്രക്സീസിന്റെ ചില പുരാതന സിനായി (Sinai) കൈയെഴുത്തു പ്രതികളിലും ശരിയായ ഗ്രീക്ക തർജ്ജമകളിലും കാണുന്നതെന്ന് ഡോക്ടർ ബർക്കിറ്റു പറയുന്നു. See Dr. F. C. Burkitt's 'St. Thomas' in *Encyclopedia Britannica*, 1946.

29. പു. 26. "The brethren wrapped him in beautiful shawls and many linen cloths, and laid him in the tomb in which the ancient (or former) kings were buried." Burial in tombs was not in vogue in South India in the first century, nor was the same pit, urn, cist, or other receptacle for a dead body or bones or ashes of cremation used for several persons in succession.

If the family tomb was in Parthian India, the kings buried previously in St. Thomas' tomb were probably the Persian satraps who had preceded Mazdai's family.

30. പു. 27. "Various types of graves were used in Palestine. Abraham bought the cave of Macphela as a burial place for his wife and family. Caves continued to be used as burial places throughout Israelite history." There were also "whited sepulchres" (Matt. 23: 27) covered with "clean, white-washed slab of limestone which covered the rock-hewn grave." "Other holes were dug into the side of a rock, thus forming an artificial cave in front of which a (heavy

circular slab of) stone could be rolled to serve as a door" (as in the case of the family tomb of Joseph of Arimathaea, in which the disciples buried our Lord)–see Home Life in Bible Times by Arthur W. Klinck, St. Louis, Mo., U. S. A., 1947, pp. 139-40.

31. പു. 27. ശ്ലീഹായ്ക്കു എദേസാ സഭയോടു വിശേഷാൽ സംബന്ധം വരാൻ കാരണം എദേസായിലെ അബ്ഗാർരാജാവ് യേശുവിനോട് എഴുത്തുമൂലം രോഗശാന്തി അപേക്ഷിച്ചതനുസരിച്ച് തോമ്മാശ്ലീഹാ യേശുവിന്റെ മരണവും സ്വർഗ്ഗാരോഹണവും കഴിഞ്ഞിട്ട് 70 (72) ശിഷ്യന്മാരിലൊരുത്തനായ അദ്ദായിയെ എദേസായിലേക്കയച്ചു. അവിടെ ആ ശ്ലീഹാ ചെന്ന് ക്രിസ്തുമാർഗ്ഗം പ്രസംഗിച്ച് ഒരു സഭ സ്ഥാപിച്ചു എന്ന് 2–3–ാം ശതകത്തിലെ *Doctrine of the Apostles* എന്ന സുറിയാനി കൃതി പറയുന്നു. "Edessa and all its environs........received the Apostle's Hand of Priesthood from Addaeus, the Apostle, one of the 72 Apostles, who taught there, and built a Church there, and was priest and ministered there in his office of Guide there". അദ്ദായിയുടെ കാലത്തുതന്നേ തോമ്മാശ്ലീഹാ എദേസാ സഭയെ (ക്രി. 30–ൽ എന്നു വിചാരിക്കാം) സന്ദർശിച്ചശേഷമാകുന്നു ഇൻഡ്യയിലേക്കു വന്നത് എന്നൂഹിക്കാം. യൂഫ്രട്ടീസ് നദി വഴി താഴെയോട്ടുവന്ന് പേർഷ്യൻ ഉൾക്കടലിന്റെ വടക്കുകിഴക്കെ തീരത്തുള്ള ഫാർസിൽ (Fars, Syriac Pares) പ്രസംഗിച്ചു എന്നു വിചാരിക്കാം. തിമോത്തിയോസ് എന്ന പാത്രിയർക്കീസിന്റെ കാലത്തും (A. D. 779-823) അതിനുമുൻപും ഫാർസിലെ ("പരെസ്സുവായക്കാരുടെ") മെത്രാന്മാർ തങ്ങളെ മാർത്തോമ്മാ ശ്ലീഹായാണു ക്രിസ്ത്യാനികളാക്കിയതെന്ന് പാത്രിയർക്കീസന്മാരോടു വാദിച്ചുവന്നു; പാത്രിയർക്കീസന്മാർ അതു നിഷേധിച്ചു എന്നു കാണുന്നുമില്ല. See Dr. Mingana's *Early Spread of Christianity in India*, Manchester, reprint of 1926, P. 35. സുറിയാനിയിൽ പരെസുവായക്കാർ എന്നു പേരുള്ള ആ Pares–ലെ ജനങ്ങളോടു പ്രസംഗിക്കുമ്പോഴാണ് ഹബ്ബാൻ (ഏകദേശം ക്രി. 32–ൽ) ശ്ലീഹായെ കണ്ടത് എന്നുവരാം. അവിടെനിന്ന് അവർ കപ്പൽ കയറി ബലൂചിസ്ഥാനിലെ സന്ദരുക്കിലിറങ്ങി എന്നാണ് ഈ ഗ്രന്ഥകാരന്റെ അഭിപ്രായം. Pares പേർഷ്യയുടെ പേരായിട്ടും സുറിയാനിയിൽ ഉപയോഗിക്കാറുണ്ട്.

32. പു. 30. Since Ethiopia and South Arabia were under the king of Ethiopia, Frumentius must have been bishop of both places, with his seat in Ethiopia, at Axum.

33. പു. 31. On the Indians and "Citerior India adherent to Ethiopia" visited by St. Bartholomew and St. Pantaenus, Jerome is no higher authority than Eusebius, Rufinus, the Hieronymian Martyrology (7th cent.), Pseudo-Sophronius (possibly 7th cent.), Usuard of Sagermanum (9th cent.) and the Constantinopolitan Menology (10th cent.), which respectively assign to the two Saints the Indians, Citerior India adherent to Ethiopia, Citerior India, the Indians who are called Happy, an India other than St. Thomas' India, and India Felix. None of these specify Brahmins or India of the Brahmins. Like most Latins Jerome did not know of pseudo-Indias, or pseudo-Indians, viz. Ethiopians, South Arabians, and others.

"The Gospel of Mathew" left in "India" (=Arabia) by St. Bartholomew, in say about 40 A. D, could not have been the present Gospel written much later than 40 A. D, of which the former was perhaps one of the sources. See note 25.

34. പു. 31. The Kharoshti script found used officially in the N. W. Indian inscriptions of the Greek, Scythian and Parthian kings of the first century in a variety (Prakrit) of Sanskrit, is derived from the Hebrew script used in those days in writing Hebrew and Aramaic Syriac: One of Asoka's Prakrit edicts translated into Aramaic and written in Hebrew characters was discovered underground in Taxila, Gundaphar's capital. St. Thomas' letters to Edessa must have been in Aramaic, but in Hebrew characters. "The Gospel of Matthew in Hebrew script" left in "India" (i. e. Arabia) by St. Bartholomew was perhaps in Aramaic used by most of the Jews in the first century, rather than in Hebrew proper, the original of Aramaic. Jesus used Aramaic and not Hebrew proper as evidenced by the few expression of His preserved in the Gospels.

Another Aramaic inscription, fragmentary, of Asoka was found later in Lampaaka, or Lambaaka, i. e. modern Laghmaan, a district on the left (northern) bank of the Kabul River, a little above Jalalabad.

Lampaaka was the ultima thule of Jambudvipa, ancient India. See *Bulletin* of the London School of Oriental and African Studies, Vol XIII, Part 1, 1949.

35. പു. 32. The forms of the Lord's Prayer recorded in Matthew and Luke in the last decade of the first century are not identical. Were these two different forms used by Jesus and the Apostles from say 28 A. D.? See note 28.

36. പു. 33. Mar Ammo came (in 265—70) to the Kushan country beyond the Hindukush–"beyond Marv into the former Kushan dominions and reached districts near Balkh, possibly even Balkh itself," as Dr. W. B. Henning says in the *Journal of the Greater India Society* for July 1944, pp 85-90 and in the *Bulletin of the School of Oriental Studies*, 1947, vol. XII Pt. 1, p. 49

Mani born in 215–16, proclaimed his religion in Ctesiphon on 20th March, 242 and was executed in 276-77 A. D.

37. പു. 34. The Dutch Governor van Rheede says: "Three kinds of Christians are found in Mallabaar, namely, the St. Thomas Christians, the indigenous Christians and the Toeppasse Christians".

These are respectively (1) the Northist and Southist Syrian Rite Christians of the 17th cent., (2) the Latin Rite Christian descendants of the 16th cent. converts comprising "the 300"-section, "the 500"-section, "the 700"-section, and others, all called "Mundukaar" (=those wearing pieces of cloth unstitched), and (3) the Latin Rite Christians descendants of the Portuguese through indigenous women, who (the descendants) are called Tuppaasis ("Toeppasse"=those speaking two languages, Portugese and Malayalam and hence interpreters), or Chattakkaar(=those wearing trousers and coats like their Portuguese fathers), as distinct from mere"Mundukaar", (cloth-piece-wearers).

Van Rheede continues: "The St. Thomas Christians are not Mallabaars by descent, but a people, who being persecuted by the heathens for the profession

of the Christian faith, to which they were converted by the holy Apostle Thomas, came down from the lands of Carnatica or the coast of Chormandel, and who settled down among the people of this country (Malabar) This people * * * have gradually become a great race and multitude, consisting" (in 1677 A. D). "of more than fourteen hundred villages and one hundred and fifty churches; for many years they had as their spiritual head the Patriarch of Jerusalem" (no, of Seleucia). In 1504 there were 30,000 families.

